4/1/22, 5:31 PM
malankarasabha March 22




# മലങ്കരസഭ

THE MALANKARA SABHA

MARCH 2022

MALAYALAM MONTHLY, Vol-66, Issue-03_₹20

https://online.fliphtml5.com/zurna/lkdh/#p=8
1/52

# IN EVER LOVING MEMORY



Our Beloved Group Chairman

## Late Shri. M. G. George Muthoot

The Muthoot Group of Companies

(1949 - 2021)

The Muthoot Group pays rich tribute to a visionary leader and an ardent philanthropist whose pioneering initiatives transformed the lives of millions across the nation. Guided by his astute leadership and uncompromising principles, the Group is today one of India's largest and most trusted business conglomerates, achieving numerous milestones while contributing to nation-building and humanitarian programs. We vow to carry forward his inspiring legacy, built on unwavering human values.

The Muthoot Group

muthootgroup.com | mggeorgemuthoot.com

മലങ്കരസഭ
ESTD. 1946 മാസിക

മലങ്കര സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം . 2022 മാർച്ച്. ലക്കം 3. പുസ്തകം 66. വില ₹ 20

നാം നോമ്പു തുടങ്ങിയത്
പരസ്പരം ക്ഷമ ചോദിച്ചുകൊണ്ടാണ്.
ശരിക്കും കുരിശിന്റെ വഴിയിലേക്കുള്ള തുടക്കം
അങ്ങനെയാവാതെ തരമില്ലല്ലോ.
ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ
ഇവരോട് ക്ഷമിക്കണമെ എന്ന
പ്രാർത്ഥനയുടെ കാൽവരിയിലേക്കുള്ള പ്രയാണം
അവിടെയാണ് തുടങ്ങിയത്.

മിക്കപ്പോഴും നാം ജീവിക്കുക
ഹെറോദ് രാജാവിനെപ്പോലെ
നമ്മുടെ സുഖാനുഭവങ്ങൾക്ക് ഭംഗം വരാതെ നോക്കിയാണ്.
അല്ലെങ്കിൽ, പീലാത്തോസിനെപ്പോലെ
മറ്റുള്ളവരെ വിധിച്ചും
സ്വയം നീതിമാനായി ചമഞ്ഞ് കൈകഴുകിയുമൊക്കെയാണ്.

സത്യമായും, അത്യപൂർവ്വമായി മാത്രമാണ്
ക്രിസ്തുവാകാനുള്ള സാധ്യതകളോട്
നാം ക്രിയാത്മകമായി പ്രതികരിക്കാറുള്ളത്.

ക്ഷമിക്കുക എന്നത് അത്തരമൊരു സാധ്യതയാണ്.
നിരുപാധികമായ സ്നേഹത്തിന്റെ ആഘോഷത്തിലേക്കുള്ള ക്ഷണമാണ്.
അത് എല്ലാ മൃതബാന്ധവങ്ങൾക്കും ഉയിരും ഉയിർപ്പും നല്കുന്നു.
അത് തന്നെയാണ് സഖേ നമ്മുടെ
അദ്ധ്യാത്മ ജീവന്റെ ഉഷഃകാലവും!

* * *

ഏഴ് മേല്പട്ടക്കാർ തെരഞ്ഞെടുക്കപ്പെടണം എന്ന പ. സഭയുടെ ആഗ്രഹപൂർത്തീകരണം
ദൈവ നിശ്ചയത്താലും മലങ്കര സഭാ മക്കളുടെ ഒരുമനമോടെയുള്ള പ്രാർത്ഥനയാലും
മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിലൂടെ സാധ്യമായി.
സ്തുതിയും പുകഴും കാദീശും ദൈവത്തിന്!!!

സഖേർ

**മലങ്കരസഭ മാസിക**
കാതോലിക്കേറ്റ് അരമന,
ദേവലോകം,
കോട്ടയം-04
ഫോൺ: 0481- 2573234

**പ്രസിഡന്റ്**
ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത
**ചീഫ് എഡിറ്റർ**
ഫാ. സഖറിയ നൈനാൻ ചിറത്തലാട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. ഷാലു ലൂക്കോസ് തിരുമംഗലം
**സബ് എഡിറ്റർ**
ഫാ. അലക്സ് തോമസ് നാഴൂരിമറ്റത്തിൽ

**അംഗങ്ങൾ**
ഫാ.ഡോ.റ്റി.ജെ. ജോഷ്വാ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
അഡ്വ.ബിജു ഉമ്മൻ
ഡോ. തോമസ് കുരുവിള
ജിജി ജോൺസൺ

മൊബൈൽ: 9744648617, 9947804477, ഇ.മെയിൽ: malankarasabha1946@gmail.com, sabhamasika@yahoo.com,

10 ധ്യാനപ്രസംഗം
ഫാ. ജോസ് തോമസ് പൂവത്തിങ്കൽ

12 മേൽപട്ട തെരഞ്ഞെടുപ്പിലെ വോട്ടിംഗ്...
വർഗീസ് ജോൺ തോട്ടപ്പുഴ

**ഹാശാദിന ചിന്തകൾ**

19 ഒലിവ് ചില്ലകൾ ഓശാനാ...
ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ

20 ഹാശാ തിങ്കൾ
ഫാ. ബഞ്ചമിൻ ഒ.ഐ.സി.

21 ഹാശാ ചൊവ്വ: തിരിച്ചറിവിന്റെ ദിനം
ഡോ. ജിബി കെ. ജോർജ്, മീനടം

22 ഹാശാ ബുധൻ
ശ്രീമതി മെർലിൻ റ്റി. മാത്യു പുത്തൻകാവ്

23 പെസഹാ വ്യാഴം
ഫാ. സജി മേക്കാട്ട്

24 ദുഃഖവെള്ളി
ഫാ. അനീഷ് വർഗ്ഗീസ് ബേസിൽ ദയറാ

25 ദുഃഖശനി
ഫാ.സോണി കുര്യൻ കുരോപ്പട

26 ഉയിർപ്പ് : പരിമിതികളെ ഭേദിച്ച പരിമളോത്സവം
ഫാ. ജോൺ റ്റി. വർഗീസ്, കുളക്കട

28 മലമുകളിലെ ഏകാകി
ഫാ. സഖറിയ തോമസ്, പുതുപ്പള്ളി

32 ചരിത്ര നിമിഷമായി മാരാമൺ
അലക്സ് തെക്കൻനാട്ടിൽ

34 വ്യവസ്ഥകളില്ലാത്ത അപരസ്നേഹം
പ. കാതോലിക്കാ ബാവാ

43 മാത്യൂസ് മാർ എപ്പിഫാനിയോസ് : സൗമ്യ ദീപ്തി
ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

47 എപ്പിസ്ക്കോപ്പൽ നിശ്ചയങ്ങൾ

**പംക്തികൾ**

വേദധ്യാനം
പഴയ നിയമ പഠനം
പുതിയ നിയമ പഠനം
ആരാധനാ പഠനം
മനഃപൂർവം
കുടുംബവിശേഷം
പുസ്തകശാല



MALAYALAM MONTHLY, MARCH - 2022, Vol-44, Issue-03
മലങ്കരസഭ
THE MALANKARA SABHA

കല
അമേക, കൊച്ചി

സർക്കുലേഷൻ മാനേജർ
കെ.എ. ജോൺ
9744648617
അക്കൗണ്ടന്റ്
ബിജു വർക്കി
9947804477
ഗ്രാഫിക് ഡിസൈൻ
ജിന്റോ കറിച്ചി
9947124980

Bank
S.B.I Devalokam, Account Name
& Number- Malankara Sabha
(57017053203)
IFSC - SBI N 0070820

Read online:
www.malankarasabhaonline.com

# മഹാപുരോഹിത സന്ദേശം

**2022 ഫെബ്രുവരി 25–ാം തീയതി കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി അങ്കണത്തിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമേനി നടത്തിയ പ്രസംഗം**

ത്രിയേക ദൈവത്തിന് സ്തുതി

ഇത് യഹോവ ഉണ്ടാക്കിയ ദിവസം, ഇന്ന് നാം സന്തോഷിച്ച് ആനന്ദിക്ക (സങ്കീർത്തനം 118:24).

അഭിവന്ദ്യരായ സഹോദര മെത്രാപ്പോലീത്തന്മാരെ, വൈദിക ട്രസ്റ്റി ഡോ. എം. ഒ. ജോൺ കത്തനാർ, അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ബഹുമാന്യരായ കോർ എപ്പിസ്കോപ്പാമാരെ, വന്ദ്യ റമ്പാച്ചന്മാരെ, സ്നേഹമുള്ള വൈദികരെ, നമ്മുടെ വാത്സല്യവാന്മാരായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങളെ, വാത്സല്യ മക്കളെ,

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മലങ്കര സഭയുടെ അപ്പോസ്തോലിക പൈതൃകത്തിന്റെയും ക്രിസ്തുവിന്റെ ശരീരമായ പരിശുദ്ധ സഭയുടെ സംഘബോധത്തിന്റെയും കൂട്ടായ്മയുടെയും സജീവ പ്രതീകമാണ്. പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായുടെ പവിത്രസ്മരണകൾ നിറഞ്ഞു നിൽക്കുന്ന ഈ മഹായോഗവേദിയിൽ തേജസ്വികളായ പൂർവ്വിക പിതാക്കന്മാരുടെയെല്ലാം പ്രാർത്ഥനാ സാന്നിദ്ധ്യമുണ്ടെന്ന് നാം ഉറച്ച് വിശ്വസിക്കുന്നു.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ ഈ യോഗത്തെ അഭിസംബോധന ചെയ്യുവാൻ അനുവദിച്ച മഹാ കാരുണ്യവാനായ ദൈവത്തെ സന്തോഷത്തോടെ നാം മഹത്വപ്പെടുത്തുന്നു. പരിശുദ്ധ സഭയുടെ ഭാവി ഭാഗധേയത്തിൽ വഴിത്തിരിവാകുന്ന ഈ യോഗം വിളിച്ചുകൂട്ടുവാൻ ലഭിച്ച ദൈവ കൃപയ്ക്ക് മുമ്പിൽ നാം ശിരസ് നമിക്കുന്നു. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന നമ്മുടെ അദ്ധ്യക്ഷതയിൽ ആദ്യമായി ചേരുന്ന അസ്സോസിയേഷൻ യോഗമാണല്ലോ ഇത്. ആഴമായ ദൈവാശ്രയത്തോടെയും, നമ്മുടെ മുൻഗാമികളായ പരിശുദ്ധ പിതാക്കന്മാരുടെ മധ്യസ്ഥതയിൽ അഭയപ്പെട്ടും തികഞ്ഞ അഭിമാന ബോധത്തോടെയാണ് നാം നിങ്ങളെ അഭിസംബോധന ചെയ്യുന്നത്. ബലഹീനനായ നമ്മോടൊപ്പം പരിശുദ്ധ സഭയ്ക്കുവേണ്ടി ദൈവസന്നിധിയിൽ കണ്ണുനീർ വാർക്കുന്ന നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും, വൈദിക ശ്രേഷ്ഠരും, വിശ്വാസ സമൂഹവും ഈ സഭയിൽ ഉണ്ടെന്നുള്ളതിന്റെ തെളിവാണ് ഈ അസ്സോസിയേഷൻ യോഗം. കോവിഡ് പ്രതിസന്ധി ഘട്ടത്തിലും നടപടിക്രമങ്ങൾ എല്ലാം പൂർത്തീകരിച്ച് ഇപ്രകാരം അനുഗ്രഹീതമായി യോഗം ചേരുവാൻ ദൈവം കരുണ ചെയ്തു എന്നത് അനേകരുടെ പ്രാർത്ഥനയുടെ ഫലമാണ്. ലോകമെമ്പാടുമുള്ള നമ്മുടെ വിശ്വാസികളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്ന് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നമ്മുടെ അസ്സോസിയേഷൻ അംഗങ്ങൾക്ക് സാധ്യമാകണം. നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ ഇടവകകളിലെ വിശ്വാസികളുടെ പ്രതിനിധികളാണ് എന്നത് വിസ്മരിക്കരുത്. സ്വാർത്ഥ ചിന്തകളെ വെടിഞ്ഞ് ദൈവീകമായ പദ്ധതിയിലാണ് ഞാൻ ഏർപ്പെടുന്നതെന്ന ചിന്ത നിങ്ങളിൽ ഓരോരുത്തരിലും ഉണ്ടാകണം. സമ്മിശ്രമായ വികാരങ്ങളോടുകൂടിയാണ് ബലഹീനനായ നാം ഈ യോഗത്തിൽ സന്നിഹിതനായിരിക്കുന്നത്. മലങ്കര സഭയുടെ സ്വാതന്ത്യം ഭാരതത്തിന്റെ പരമോന്നത കോടതി അംഗീകരിച്ച് നൽകിയതിന്റെ ഉത്തമ ദൃഷ്ടാന്തമായ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളിയുടെ ഈ പുണ്യഭൂമിയിൽ, മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ ഈ സമ്മേളനം കൂടുവാൻ കൃപ ചെയ്ത സർവ്വശക്തനായ ദൈവത്തെ നമുക്ക് സ്തുതിക്കാം. നമ്മുടെ മുൻഗാമി, ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും, നാമും, അഭിവന്ദ്യനായ ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയും ഈ അങ്കണത്തിൽ ഉപവാസം അനുഷ്ടിച്ച നാളുകളിലെ വികാരനി ർഭരമായ ഓർമ്മകൾ നമ്മുടെ മനസിലേക്ക് ഓടിയെത്തുന്നു. 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' എന്ന വിശുദ്ധ യോഹന്നാന്റെ സുവിശേഷം അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമായിരിക്കുന്നു. ദൈവത്തിന് മഹത്വം.

വാത്സല്യ മക്കളെ,

എപ്പിസ്കോപ്പാമാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് നാം നടപ്പിൽ വരുത്തിയ മാനദണ്ഡങ്ങളും നടപടിച്ചട്ടങ്ങളും പ്രകാരം നമ്മുടെ 78/2021-ാം നമ്പർ കല്പന പ്രകാരം രൂപീകൃതമായ സ്ക്രീനിംഗ് കമ്മറ്റി നമുക്ക് സമർപ്പിച്ച 14 പേരുകളിൽ നിന്ന് 2022 ഫെബ്രുവരി മാസം 11-ാം തീയതി സമ്മേളിച്ച അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുത്ത 11 പേരുകളാണ് ഈ മഹാ സമിതിയുടെ മുമ്പാകെ നാം നൽകുന്നത്. സ്ഥാനാർത്ഥികളെ സംബന്ധിച്ച പേരുവിവരങ്ങളും മറ്റും നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും നിങ്ങൾക്കെല്ലാവർക്കും അയച്ചുതന്നിരുന്നുവല്ലോ.

മക്കളെ, മലങ്കര സഭയുടെ ഇന്നത്തെ ആവശ്യം നിറവേറ്റത്തക്കവിധം ഏഴ് മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കുകയാണ് ഇന്നത്തെ അസ്സോസിയേഷൻ സമ്മേളനത്തിന്റെ



Photo@Sherin Karuchira



പ്രധാന ഉത്തരവാദിത്തം. നിലവിൽ സഭയുടെ മാവേലിക്കര, ചെങ്ങന്നൂർ, കോട്ടയം, ഇടുക്കി, കുന്നംകുളം, മലബാർ, സൗത്ത് വെസ്റ്റ് അമേരിക്ക എന്നീ ഏഴ് ഭദ്രാസനങ്ങളിൽ അസിസ്റ്റന്റ് മെത്രാപ്പോലീത്താമാരാണ് ഭരണം നിർവ്വഹിക്കുന്നത്. പ. സഭ നേരിടുന്ന പ്രയാസങ്ങളിൽ പ്രധാനമായുള്ളത് മേൽപ്പട്ടക്കാരുടെ അഭാവമാണ്. മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ എന്ന പരമോന്നത ഭരണസമിതിയുടെ ഉത്തരവാദിത്തമാണ് മലങ്കര സഭയുടെ കാലാനുസൃതമായ ആവശ്യത്തിന് അനുസരിച്ച് മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കുക എന്നത്. മലങ്കര സഭയുടെ ഭരണഘടനയ്ക്ക് അനുസൃതമായി എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചാണ് യോഗ്യരായ പതിനൊന്നു പേരുടെ ലിസ്റ്റ് സഭാ മാനേജിംഗ് കമ്മറ്റി മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന് നൽകിയിരിക്കുന്നത്. പരിശുദ്ധ സഭയുടെ ആവശ്യം യഥായോഗ്യം മനസിലാക്കി നിങ്ങൾ പ്രവർത്തിക്കണം. പരിശുദ്ധാത്മ ബോധത്തോടെ പ. സഭ നിങ്ങൾക്ക് നൽകിയിരിക്കുന്ന വലിയ അധികാരവും ഉത്തരവാദിത്വവും കണക്കിലെടുത്ത് പതിനൊന്ന് പേരിൽ നിന്ന് 21-ാം നൂറ്റാണ്ടിൽ പരിശുദ്ധ സഭയെ നയിക്കുവാൻ പ്രാപ്തിയുള്ളവരും, പരിശുദ്ധാത്മ നിറവുള്ളവരുമായ ഏഴുപേരെ നമുക്ക് തെരഞ്ഞെടുക്കണം. അപ്പോസ്തല പ്രവർത്തികൾ 6-ാം അദ്ധ്യായം 3-ാം വാക്യത്തിൽ ഇങ്ങനെ നാം വായിക്കുന്നു. 'ആകയാൽ സഹോദരന്മാരെ, ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങൾ തിരഞ്ഞുകൊൾവീൻ'. ആയതിനാൽ ആദിമ സഭയിൽ എന്നപോലെ പ. സഭയ്ക്കുവേണ്ടി ഏഴുപേരെ നിങ്ങൾ തെരഞ്ഞെടുത്ത് നൽകണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം ആവശ്യപ്പെടുന്നു. അതിനാവശ്യമായ നടപടികൾ നാം നിങ്ങൾക്കയച്ച കല്പനപ്രകാരം ഇന്നിവിടെ പൂർത്തീകരിക്കണം. സഭയുടെ യശസ്സിന് കോട്ടം തട്ടത്തക്ക വിധത്തിലും നമ്മുടെ മനസിന് വേദനയുണ്ടാക്കും വിധവും നിങ്ങളാരും പ്രവർത്തിക്കരുത്. ദൈവാത്മാവിൽ ആശ്രയിച്ച് സഭാ മക്കളുടെ പൂർണ്ണ സഹകരണത്തോടെ മേല്പട്ടക്കാരെ തിരഞ്ഞെടുക്കുന്ന പരിശുദ്ധ സഭയുടെ പാരമ്പര്യത്തിൽ നമുക്ക് സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യാം. മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങളായ നിങ്ങളേവരും മലങ്കര സഭയുടെ അഖണ്ഡതയ്ക്കും ശ്രേയസ്സിനും അഭിമാനത്തിനും വേണ്ടി എന്തു ത്യാഗവും സഹിച്ച് സമർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്നവരാണെന്ന് നമുക്ക് ഉത്തമ ബോധ്യമുണ്ട്. ആയതിനാൽ ഇപ്പോഴത്തെ നമ്മുടെ പ്രയാസഘട്ടത്തിലും നിങ്ങളേവരും ഈ മഹാ യോഗത്തിന്റെ അന്തസ്സും യശസ്സും ഉയർത്തിപ്പിടിക്കുമെന്നും നമ്മുടെ കരങ്ങൾക്ക് ശക്തി പകരുമെന്നും നമുക്ക് ആഴമായ ഉറപ്പുണ്ട്. ഈ സഭയുടെ കൊമ്പ് ഉയർന്ന് കാണുവാനുള്ള നമ്മുടെ അഭിവാഞ്ച പ്രകടിപ്പിക്കുവാൻ കഴിയുന്നതിലും അധികമാണ്. നമ്മുടെ പിതാക്കന്മാർ കണ്ണിലെ കൃഷ്ണമണി പോലെ കാത്തു സൂക്ഷിച്ച് വളർത്തിയ സഭ ഒട്ടും പുറകോട്ട് പോകുവാൻ നിങ്ങളാരും അനുവദിക്കരുത്. മേൽപ്പട്ട സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി അത്യദ്ധ്വാനം ചെയ്ത് വിളിച്ചു കൂട്ടിയ ഈ അസ്സോസിയേഷൻ യോഗം എല്ലാ പ്രകാരത്തിലും നിങ്ങൾ വിജയിപ്പിക്കണം.

ഈ അസ്സോസിയേഷനും ചേരുന്നതിനെ തടസപ്പെടുത്തുവാനായി പല കോണുകളിൽ നിന്നും ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. മലങ്കര സഭയ്ക്ക് സമയനഷ്ടവും ധനനഷ്ടവും ബോധപൂർവ്വം സൃഷ്ടിക്കുന്ന വിഘടന പ്രവർത്തനങ്ങളുടെ ഗൗരവ്വം നിങ്ങളേവരും മനസിലാക്കണം. ഈ അസ്സോസിയേഷനിൽ 11 പേരിൽ 7 പേർക്കും നിങ്ങൾ വോട്ട് രേഖപ്പെടുത്തണം. 7 വോട്ട് രേഖപ്പെടുത്തുക എന്നത് ഓരോ ഇടവകയും നിങ്ങളെ ഭരമേൽപിച്ചിരിക്കുന്ന ഉത്തരവാദിത്തമാണ്. നമ്മുടെ ഭരണഘടന അനുസരിച്ചും, അതിനനുസൃതമായി 2016-ൽ ഭേദഗതി ചെയ്ത് നടപ്പിലാക്കിയ എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചും വൈദികരുടെയും അത്മായരുടെയും പ്രത്യേകം പ്രത്യേകം പകുതിയിലധികം വോട്ട് ലഭിച്ചെങ്കിൽ മാത്രമേ സ്ഥാനാർത്ഥി തെരഞ്ഞെടുക്കപ്പെടുകയുള്ളൂ. നിക്ഷിപ്ത താൽപര്യങ്ങളും പ്രാദേശിക വികാരങ്ങളും വ്യക്തിഹത്യകളും നമ്മെ സ്വാധീനിക്കരുത്. മലങ്കര സഭയുടെ ഇന്നത്തെ ആവശ്യത്തിന്റെ ഗൗരവ്വം നിങ്ങൾ മനസിലാക്കണം. മലങ്കര സഭയെ നശിപ്പിക്കുവാൻ അസൂയ പൂണ്ട് നടക്കുന്ന പൈശാചിക പ്രവർത്തനങ്ങളോട് മാർത്തോമ്മാ ശ്ലീഹായുടെ അപ്പോസ്തോലിക പാരമ്പര്യം ഉൾക്കൊള്ളുന്ന മലങ്കര നസ്രാണി എക്കാലത്തെയുംപോലെ ഇന്നും ക്രിയാത്മകമായി പ്രതികരിക്കുമെന്നു തന്നെയാണ് നമ്മുടെ പ്രതീക്ഷ.

പ്രിയരെ, ലോകരാഷ്ട്രങ്ങൾ തമ്മിൽ പരസ്പരം സഹകരണ മനോഭാവത്തോടെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നമുക്ക് പ്രാർത്ഥിക്കാം. പ്രത്യേകിച്ച് യുക്രെയിനിൽ സംഘർഷം നിലനിൽക്കുന്ന ഈ പശ്ചാത്തലത്തിൽ രാഷ്ട്ര നേതാക്കൾക്ക് വിവേകവും വിജ്ഞാനവും ലഭിക്കുവാ

# മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ

## കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി (ബസേലിയോസ് പൗലോസ് പ്രഥമൻ നഗർ), 2022 ഫെബ്രുവരി 25

**കോലഞ്ചേരി:** മഹാമാരിയുടെയും പ്രകൃതി ദുരന്തങ്ങളുടെയും നടുവിൽ വീർപ്പ് മുട്ടുന്ന മനുഷ്യൻ അതിജീവനത്തിന് മാർഗ്ഗം കണ്ടെത്തേണ്ടത് കാലത്തിന്റെ ആവശ്യമാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. കോലഞ്ചേരിയിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു പരിശുദ്ധ ബാവാ. മഹാമാരിയുടെ നടുവിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഈ യോഗവും തെരെഞ്ഞെടുപ്പും അതിജീവനത്തിന്റെ ഉത്തമ ഉദാഹരണമാണെന്നും അദ്ദേഹം കൂട്ടി ചേർത്തു. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾ സ് പള്ളിയിൽ മലങ്കര മെത്രാപ്പോലീത്തായെ മെത്രാപ്പോലീത്താമാർ, സഭാ സ്ഥാനികൾ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവർ ചേർന്ന് വേദിയിലേക്ക് ആനയിച്ചു. ഫാ.ഡോ. എം. പി ജോർജ് പ്രാർത്ഥനാ ഗാനം ആലപിച്ചു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ നോട്ടീസ് കൽപന വായിച്ചു. അസോസിയേഷൻ അംഗങ്ങളായ വാങ്ങിപ്പോയവരെ അനുസ്മരിച്ച് വൈദിക ട്രസ്റ്റി ഫാ. ഡോ. എം.ഒ. ജോൺ, അസോസി യേഷൻ സെക്രട്ടറി എന്നിവർ അനുശോചന പ്രമേയങ്ങൾ അവതരിപ്പിച്ചു. ഫാ.ജോസ് തോമസ് പൂവത്തിങ്കൽ

നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകി സമാധാനത്തോടെ ജീവിതം നയിക്കുവാൻ അവരെ പ്രാപ്തരാക്കുവാനും നമുക്ക് ദൈവസന്നിധിയിൽ പ്രാർത്ഥനകൾ സമർപ്പിക്കാം. അധിനിവേശങ്ങൾ അവസാനിക്കാത്തിടത്തോളം കാലം സമാധാനത്തിന്റെ വെൺമ ദർശിക്കുവാൻ സാധിക്കുകയില്ല. പരിശുദ്ധ സഭയും കാലാകാലങ്ങളിൽ നേരിട്ട അധിനിവേശത്തിന്റെ അടയാളങ്ങൾ അവസാനിച്ചിട്ടില്ല. ഭാരതത്തിന്റെ പരമോന്നത നീതിപീഠം വ്യക്തമായ വിധികൾ നൽകിയിട്ടും അത് അംഗീകരിക്കാതെ മറുതലിപ്പിന്റെ ഭാഷയും ആശയവും ഇപ്പോഴും ഉയരുന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. നീതിയോടെ ദൈവജനത്തെ നയിക്കേണ്ടവരിൽ നിന്ന് വിഘടന വാദവും കലഹത്തിന്റെ വാക്കുകളും പുറപ്പെടുന്നത് വേദനാജനകമാണ്. മലങ്കര സഭ ഒന്നേയുള്ളൂ, അത് 1934-ലെ ഭരണഘടനാനുസൃതമായി അച്ചടക്കത്തോടെയും ക്രമീകൃതമായും പരിപാലിക്കപ്പെടേണ്ടതാണെന്ന നീതിപീഠത്തിന്റെ ആഗ്രഹത്തെപ്പോലും അംഗീകരിക്കാത്തവർ ദൈവകൽപനയെ എങ്ങനെ അംഗീകരിക്കുമെന്ന് നമുക്ക് നിശ്ചയമില്ല. പ്രിയ സഹോദരങ്ങളെ, നമുക്ക് ദൈവനാമ മഹത്വത്തിനായും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായും ദൈവകൽപനകൾക്ക് വിധേയപ്പെട്ട് അനുരഞ്ജനപ്പെടാം.

കോവിഡ് മഹാവ്യാധിയുടെ പ്രതിസന്ധി ലോകത്തിന്റെ പല കോണുകളിലും ഇപ്പോഴും നിലനിൽക്കുന്നു. പ്രപഞ്ചത്തിന്റെ താളാത്മകതയ്ക്ക് കോട്ടം സംഭവിച്ചതിനാൽ പ്രളയവും ഉരുൾപൊട്ടലും വ്യത്യസ്തങ്ങളായ വ്യാധികളും ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും വൻദുരന്തങ്ങൾ സൃഷ്ടിക്കുന്നു. മനുഷ്യന്റെ ചൂഷണ മനോഭാവം അവസാനിക്കാത്തിടത്തോളം കാലം പ്രകൃതിയുടെ ശാന്തത നമുക്ക് അന്യമാണ്. ലോകത്തിന്റെ സമാധാനത്തിനായും മാനവജനതയുടെ സൗഖ്യത്തിനായും ദൈവമുമ്പാകെ നിരന്തരം നിങ്ങൾ അഭയയാചന നടത്തണം. കോവിഡ് മഹാവ്യാധിയുടെ പ്രതിസന്ധികളെ അതിജീവിച്ച് ജീവിതത്തിന്റെ പ്രവർത്തനമണ്ഡലങ്ങളിൽ മുഴുകുവാനുള്ള വലിയ സന്ദേശം കൂടിയായി മാറുന്നു ഈ അസ്സോസിയേഷൻ യോഗവും അതിന്റെ നടപടികളും എന്നത് നമുക്ക് ഏറെ അഭിമാനം നൽകുന്നു. അതിജീവനത്തിനായി വെമ്പൽ കൊള്ളുന്ന മനുഷ്യമനസുകളിൽ പ്രത്യാശയുടെ പുതുകിരണം ഈ അസ്സോസിയേഷനും പകർന്നു നൽകുവാൻ സാധ്യമാകും എന്നതാണ് നമ്മുടെ ചിന്ത. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗവും വോട്ടിംഗും ഓൺലൈനായി നടത്തപ്പെടുമ്പോൾ നാം ഒരു പുതിയ ചരിത്രം കൂടി അടയാളപ്പെടുത്തുകയാണ്. ആത്യന്തികമായി സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ജീവിതത്തിന്റെ പ്രതിസന്ധികളിൽ നിന്ന് മുക്തി നേടുവാൻ നമുക്ക് ഏവർക്കും കൂട്ടായി ശ്രമിക്കാം.

ഈ അസ്സോസിയേഷൻ യോഗ ക്രമീകരണങ്ങൾക്ക് നമ്മെ സഹായിച്ച നമ്മുടെ എല്ലാ പ്രിയപ്പെട്ടവരെയും, പ്രത്യേകാൽ ജനറൽ കൺവീനറായി പ്രവർത്തിച്ച അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ജോയിന്റ് കൺവീനർമാരായി പ്രവർത്തിച്ച വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ, ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, മുഖ്യവരണാധികാരി ഡോ. സി. കെ. മാത്യു ഐ.എ.എസ്., സഹവരണാധികാരികളായ ശ്രീ. തോമസ് ജോർജ്, ഡോ. വിപിൻ കെ. വറുഗീസ്, നമ്മുടെ കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്, അങ്കമാലി, കൊച്ചി ഭദ്രാസനങ്ങളുടെ ചുമതലയിൽ പ്രവർത്തിച്ച എല്ലാ കമ്മറ്റിയംഗങ്ങളെയും, നമ്മുടെ കാതോലിക്കേറ്റ് ഓഫീസ് സ്റ്റാഫ് അംഗങ്ങളെയും നാം പ്രത്യേകം അഭിനന്ദിക്കുന്നു.

മലങ്കര സഭയുടെ നിലനിൽപ്പിനും അഭ്യുന്നതിക്കും വേണ്ടി അദ്ധ്വാനിച്ച അർക്കദിയാക്കോൻമാരുടെയും, മാർത്തോമ്മാ മെത്രാപ്പോലീത്തന്മാരുടെയും, ഭാഗ്യസ്മരണാർഹരായ നമ്മുടെ മുൻഗാമികളായ പിതാക്കന്മാരുടെയും, പരിശുദ്ധന്മാരായ യൽദോ മാർ ബസേലിയോസ്, പരുമല മാർ ഗ്രീഗോറിയോസ്, വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് എന്നീ പിതാക്കന്മാരുടെയും മദ്ധ്യസ്ഥതയിൽ നമുക്ക് ശരണപ്പെടാം. സഭാ ഗാത്രത്തിന് ശക്തി പകരുവാൻ നമുക്ക് പ്രാർത്ഥനാപൂർവ്വം ഒന്നിച്ച് നീങ്ങാം.

മക്കളെ, നിങ്ങളാണ് നമ്മുടെ ബലം. നമ്മുടെ അനുസരണമുള്ള മക്കൾ എന്ന നിലയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട 11 പേരിൽ 7 പേർക്കും ഇപ്പോൾ രജിസ്ട്രേഷൻ പൂർത്തിയാക്കിയ 3917 പേരും വോട്ടു ചെയ്യണം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ !

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**



ധ്യാനം നയിച്ചു. ഫാ.ജേക്കബ് കുര്യൻ വേദ വായന നടത്തി. അദ്ധ്യക്ഷ പ്രസംഗത്തെ തുടർന്ന് മുഖ്യ വരണാധികാരി ഡോ. സി.കെ മാത്യു ഐഎഎസ് തെരഞ്ഞെടുപ്പ് സംബന്ധിച്ച് വിശദീകരണം നൽകി. തുടർന്ന് സ്ഥാനാർത്ഥികളെ പരിചയപ്പെടുത്തി. 2.15 ന് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. മൂന്ന് മണിക്കൂർ നീണ്ട വോട്ടെടുപ്പിൽ 99.53% പേർ വോട്ട് രേഖപ്പെടുത്തി. 6 മണിക്ക് ഫലം പ്രഖ്യാപിച്ചു. വൈദിക സെമിനാരി ഗായക സംഘം ഗാനാലാപനം നടത്തി. അസോസിയഷന്റെ നടത്തിപ്പിന് വേണ്ടി അദ്ധ്വനിച്ച എല്ലാവർക്കും പരിശുദ്ധ ബാവാ നന്ദി അറിയിച്ചു.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ 7 വൈദികരെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.

*വോട്ടിംഗ് നില പേര് വൈദികർ ആത്മായർ*

**ഫാ. എബ്രഹാം തോമസ്** (1001- 2040)
**ഫാ. കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ** (781-1936)
**ഫാ. വിനോദ് ജോർജ്** (964-1976)
**ഫാ. പി.സി. തോമസ്** (942-1762)
**ഫാ. ഡോ. വർഗീസ് കെ. ജോഷ്വാ** (841-1800)
**ഫാ. സഖറിയ നൈനാൻ ചിറത്തിലാട്ട്** (773-1729)
**ഫാ. ഡോ. റെജി ഗീവർഗീസ്** (700-1490)
**ഫാ. അലക്സാണ്ടർ ഡാനിയേൽ** (654-1568)
**ഫാ. യാക്കോബ് തോമസ്** (590-1241)
**ഫാ. എൽദോസ് ഏലിയാസ്** (434-1004)
**ഫാ. വർഗീസ് പി. ഇടിച്ചാണ്ടി** (400-1043)

അസോസിയേഷൻ യോ ഗത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂ സ് തൃതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. മെത്രാപ്പോലീത്താമാരും മാനേജിംഗ് കമ്മറ്റി അംഗങ്ങളും പ്രധാന വേദിയായ ബസേലിയോസ് പൗലോസ് പ്രഥമൻ നഗറിൽ സമ്മേളിച്ചു. ഓൺലൈനായി 3889 പേർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തു.

# നിയുക്ത മെത്രാപ്പോലീത്തന്മാർ

## ഫാ. എബ്രഹാം തോമസ് (52)


തുമ്പമൺ ഭദ്രാസനത്തിലെ സെന്റ് ജോർജ് ഓർത്തഡോക്സ് പളളി ഇടവകാംഗം പത്തനംതിട്ട മൈലപ്ര കടയ്ക്കാമണ്ണിൽ പരേതനായ കെ.എ തോമസിന്റെയും അന്നമ്മയുടെയും മകനായി 1969 ജൂൺ 11 ന് ജനനം. Pathanamthitta seventh day Adventist School (1974-78), മാർത്തോമ്മാ ഹൈസ്ക്കൂൾ(1978-84) എന്നിവിടങ്ങളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തികരിച്ചു. തുടർന്ന് പത്തനംതിട്ട കാതോലിക്കേറ്റ കോളജിൽ നിന്നും പ്രീ ഡിഗ്രിയും (1984-86) മാത്തമാറ്റിക്സിൽ ബിരുദവും (1986-89) കരസ്ഥമാക്കി. കോട്ടയം പഴയ



സെമിനാരിയിൽ(1995-99) ചേർന്ന് ബി.ഡിയും , ജി.എസ്. ടിയും നേടി. ഫെഡറേറ്റഡ് ഫാക്കൽറ്റി ഫോർ റിസേർച്ച് ഇൻ റിലീജിയൻ ആൻഡ് കൾച്ചറിൽ നിന്നും എം.ടി. എച്ചും (2000-02), ലണ്ടനിലെ കിംഗ്സ് കോളജിൽ നിന്നും Late Antiquity and Byzantine Studies ൽ നിന്നും എം. എയും നേടി. പത്തനംതിട്ട മാർ ബേസിൽ ദയറായിൽ വച്ച് കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്തായിൽ നിന്നും ശെമ്മശപട്ടവും (1998), പഴയ സെമിനാരി സെന്റ് തോമസ് ചാപ്പലിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്നും പൂർണ്ണ ശെമ്മാശൻ പട്ടവും (1999) ലഭിച്ചു. മൈലപ്ര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് 2000 ഏപ്രിൽ 8ന് കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ വൈദിക പട്ടം നൽകി. കോട്ടയം വൈദിക സെമിനാരി അസിസ്റ്റന്റ് പ്രൊഫസർ, എക്യൂമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി, കുന്നംകുളം ഭദ്രാസനത്തിലെ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. പ്രൊഫ. റേച്ചൽ തോമസ് സഹോദരിയാണ്.

## അഡ്വ. ഫാ. കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ (48)


കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ മണ്ണത്തൂർ സെ. ജോർജ് ഇടവകയിലെ കൊച്ചുപറമ്പിൽ കെ. എം. ഏലിയാസിന്റെയും പരേതയായ ഓമനയുടെയും പുത്രനായി 1973 മാർച്ച് 6-ന് ജനനം. മണ്ണത്തൂർ ഗവ ഹൈസ്ക്കൂൾ കോലഞ്ചേരി സെ. പീറ്റേഴ്സ് കോളജ്, പൂനെ സിംബയോസിസ് ലോ കോളജ് എന്നിവടങ്ങളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി. കോട്ടയം വൈദിക സെമിനാരിയിൽ നിന്ന് ബിഡിയും വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ നിന്നും എം.റ്റി.എച്ചും പൂർത്തിയാക്കി.



മൂവാറ്റുപുഴ സെ. തോമസ് കത്തീഡ്രലിൽ വച്ച് 2001 ജനുവരി 31-ന് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ശെമ്മാശപട്ടവും 2009 ഒക്ടോബർ 30-ന് പൂർണ്ണശെമ്മാശപട്ടവും 2009 ഡിസം. 11-ന് വൈദിക പട്ടവും നൽകി. സുരേഷ് ബാബു ഏലിയാസ്, വിനോദ് ഏലിയാസ് എന്നിവർ സഹോദരങ്ങളാണ്. കൂത്താട്ടുകുളം സെ. സ്റ്റീഫൻസ് ഓർത്തഡോക്സ് ചർച്ച് കത്തിപ്പാറത്തടം സെ. ജോർജ് ഓർത്തഡോക്സ് ചർച്ച്, വികാരിയായും സഭാ മാനേജിംഗ് കമ്മറ്റി അംഗമായും പ്രവർത്തിക്കുന്നു.

## ഫാ. വിനോദ് ജോർജ് (49)

ആറാട്ടുപുഴ മാലേത്ത് വീട്ടിൽ എം.ജി. ജോർജിന്റെയും അക്കാമ്മായുടെ മകനായി 1972 മെയ് 30 ജനനം. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ആറാട്ടുപുഴ സെന്റ് മേരീസ് പള്ളി ഇടവകാംഗമാണ്. പുത്തൻകാവ് മെട്രോപോലീത്തൻ ഹൈസ്ക്കൂൾ (1987) 1989 ൽ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിൽ നിന്നും പ്രി- ഡിഗ്രിയും, പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നിന്നും എക്കണോമിക്സിൽ



ബിരുദവും(1991-94), തിരുവല്ല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്കണോമിക്സിൽ നിന്നും ബിരുദാനന്തര ബിരുദവും 1994-96 നേടി.

തുടർന്ന് കോട്ടയം വൈദിക സെമിനാരിയിൽ നിന്നും ജി.എസ്.ടി യും, ബിഡിയും (1996-2000) നേടി. Brisbane college of theology ൽ നിന്നും (2011-13) എം.ടി. എച്ചും നേടി.

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ആറാട്ടുപുഴ സെന്റ് മേരീസ് പള്ളിയിൽ വച്ച് ശെമ്മാശപട്ടവും(1999), പത്തനാപുരം മൗണ്ട് താബോർ ദയറായിൽ വച്ച് പൂർണ്ണ ശെമ്മാശപട്ടവും, (2000) മെയ് 17ന് വൈദിക പട്ടവും (2000) ലഭിച്ചു. മദ്രാസ് അരമന മാനേജർ, വെട്ടിക്കൽ ദയറാ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചു. നിലവിൽ പരുമല സെമിനാരി മാനേജരായി പ്രവർത്തിക്കുന്നു. മനോജ്, ബിന്ദു എന്നിവർ സഹോദരങ്ങളാണ്.

## ഫാ. ഡോ. വർഗീസ് കെ. ജോഷ്വാ (50)

തുമ്പമൺ ചെന്നീർക്കരയിൽ കിഴക്കേമണ്ണിൽ വീട്ടിൽ പി.സി. ജോഷ്വായുടെയും പി. സി. മേരിക്കുട്ടിയുടെയും മകനായി 1971 ഓഗസ്റ്റ് 8 ന് ജനനം. തുമ്പമൺ ഭദ്രാസനത്തിലെ സെന്റ് മേരീസ് കാദീശ്താ പള്ളി ഇടവകാംഗമാണ്. ചെന്നീർക്കര എസ്. എൻ. ഡി. പി.എച്ച്. എസിൽ നിന്നും സ്ക്കൂൾ വിദ്യാഭ്യാസം (1986) പൂർത്തിയാക്കി. കേരള സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിൽ നിന്നും ചരിത്രത്തിൽ ബിരുദം (1988-91) നേടി. എം.ജി സർവ്വകലാശാലയിൽ നിന്നും സുറിയാനി ഭാഷയിൽ ബിരുദാനന്തര ബിരുദവും(2011-13) നേടി.

കോട്ടയം വൈദിക സെമിനാരിയിൽ നിന്നും ജി.എസ്.ടി യും, ബി. ഡി യും നേടി (1997-2001) തുടർന്ന് FFRRC ൽ നിന്നും എം.ടി.എച്ചും, അമേരിക്കയിലെ st marys university Baltimore ൽ നി




ന്നും christian theology ൽ എം.എയും കരസ്ഥമാക്കി. 2001 ൽ ഗീവർഗീസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്താ പഴയ സെമിനാരിയിൽ വച്ച് ശെമ്മാശപട്ടവും, ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ വച്ച് 2002 ൽ പൂർണ്ണ ശെമ്മാശപട്ടവും, തുമ്പമൺ നോർത്ത് സെന്റ് മേരീസ് കാദീശ്താ പള്ളിയിൽ വച്ച് 2002ൽ വൈദിക പട്ടവും നൽകി. സോപാനം അക്കാദമി സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ പൊങ്ങന്താനം സെന്റ് തോമസ് പള്ളി വികാരിയായി പ്രവർത്തിക്കുന്നു.

## ഫാ. പി.സി തോമസ് (53)

ആലപ്പുഴ സ്വദേശിയായ പുല്ലേപ്പറമ്പിൽ പരേതനായ തോമസ് ചാക്കോയുടെയും അന്നമ്മയുടെയും മകനായി 1969 ഡിസംബർ 13 ന് ജനനം. കോട്ടയം ഭദ്രാസനത്തിലെ ചേന്നങ്കരി സെന്റ് തോമസ് പള്ളി ഇടവകാംഗമാണ്.

ചേന്നങ്കരി സെന്റ് ജോസഫ് ഹൈസ്ക്കൂളിൽ നിന്നും 1985 ൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. ആലപ്പുഴ എസ്.ഡി. കോളജിൽ നിന്നും ബിരുദം (1986-88) നേടി. 1992ൽ കോട്ടയം വൈദിക സെമിനാരിയിൽ നിന്നും ജി.എസ്.ടി (1992-96)യും FFRRC ൽ നിന്നും എം.ടി.എച്ചും (1997-99) തുടർന്ന്



doctor of mintsiry യും നേടി.

കോട്ടയം വൈദിക സെമിനാരിയിൽ വച്ച് 1996 ൽ ഗീവർഗീസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്താ ശെമ്മാശപട്ടവും ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ വച്ച് 1999 ൽ പൂർണ്ണശെമ്മാശപട്ടവും ചേന്നങ്കരി സെന്റ് തോമസ് പള്ളിയിൽ വച്ച് വൈദിക പട്ടവും (1999) നൽകി. നാഗ്പൂർ വൈദിക സെമിനാരി അദ്ധ്യാപകനായി പ്രവർത്തിച്ചു. നിലവിൽ കോട്ടയം വൈദിക സെമിനാരി പ്രൊഫസർ ആയും ദിവ്യബോധനം രജിസ്ട്രാറായും വാകത്താനം പുത്തൻചന്ത സെന്റ് ജോർജ് പള്ളി വികാരിയായും പ്രവർത്തിക്കുന്നു. പി.സി ജോസഫ്, പി.സി. ജോൺ, പി.സി. ബിജു, പി.സി. അന്നമ്മ എന്നിവർ സഹോദരങ്ങളാണ്.

## ഫാ. സഖറിയാ നൈനാൻ (43)

സി. ജോൺ കോറെപ്പിസ്കോപ്പായുടെയും ലിസ്സിയുടെയും പുത്രനായി 1978 ഓഗസ്റ്റ് 19 ന് ജനനം. കോട്ടയം ഭദ്രാസനത്തിലെ വാകത്താനം സെന്റ് മേരിസ് പള്ളി ഇടവകാംഗമാണ്. വാകത്താനം JMHSS ൽ (1991-94) ൽ സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പാമ്പാടി കെ.ജി കോളജിൽ നിന്നും പ്രീഡിഗ്രിയും (199496), തിരുവന്തപുരം ഗവ. ലോ കോളജിൽ നിന്നും നിയമബിരുദവും (1996-99), എം. ജി. യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ. സിറിയക്കും (2007-09) നേടി.

തുടർന്ന് കോട്ടയം വൈദിക സെമിനാരിയിൽ നിന്നും ജി.എസ്.ടി യും (2001-06), സെറാംപൂർ യൂണിവേഴ്സിറ്റിയിൽ



നിന്നും ബി.ഡിയും (2001- 06) നേടി. വാകത്താനം ഞാലിയാകുഴി ദയറായിൽ വച്ച് ഗീവർഗീസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്താ 2006 ൽ ശെമ്മാശപട്ടവും, പൂർണ്ണ ശെമ്മാശപട്ടവും, വൈദിക പട്ടവും നൽകി. വൈദിക സംഘം ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചു. നിലവിൽ വാകത്താനം മാർ ഗ്രീഗോറിയോസ് പള്ളി വികാരിയായും, മലങ്കര സഭാ മാസികയുടെ ചീഫ് എഡിറ്ററായും എം.ഒ.സി. പബ്ലിക്കേഷൻസ് ഗവേണിംഗ് ബോർഡ് അംഗവുമായി പ്രവർത്തിക്കുന്നു. റിജേഷ് ചിറത്തിലാട്ട് സഹോദരനാണ്.

## ഫാ. ഡോ. റെജി ഗീവർഗീസ് (48)

മാവേലിക്കര ഭദ്രാസനത്തിലെ മുട്ടം സെന്റ് മേരീസ് ഇടവകയിലെ കാട്ടുപറമ്പിൽ കൊച്ചുപാപ്പിയുടെയും അമ്മിണിയുടെയും മകനായി 1973 ഏപ്രിൽ 10ന് ജനനം. പള്ളിപ്പാട് നടുവട്ടം എൻ.എസ്.എസ്. ഹൈസ്ക്കൂൾ (1983-88) റ്റി.കെ. മാധവ മെമ്മോറിയൽ കോളജ് (1988-90), കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദവും പൂർത്തിയാക്കിയ ശേഷം (1990-93) വൈദിക വിദ്യാഭ്യാസം നേടി. കോട്ടയം വൈദിക സെമിനാരിയിൽ നിന്നും ജി.എസ്.ടിയും(1994-98), സെറാംമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബി.ഡിയും (1994-98), എം.ടി.എച്ചും (2001-03) നേടി. റോമിലെ സെന്റ് തോ മസ് അക്യുനാസ് പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും എൽ.എസ്.



ടി യും (2004-06), ഡി.റ്റി. എച്ചും (2006-09) കരസ്ഥമാക്കി. 2019 ൽ സെറാംമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഡിപ്ലോമയും നേടി.

പരുമല പള്ളിയിൽ വച്ച് 1997 ൽ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ശെമ്മാശപട്ടം ലഭിച്ചു. 2003 ൽ ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ പൂർണ്ണ ശെമ്മാശപട്ടവും 2004 ൽ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വൈദിക പട്ടവും നൽകി. കോട്ടയം വൈദിക സെമിനാരി അദ്ധ്യാപകനാണ്. ജോയി, ഓമന, മേഴ്സി, ബേബിക്കുട്ടി, പരേതയായ ലാലമ്മ, സിജു, ബിജു എന്നിവർ സഹോദരങ്ങളാണ്.



# മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനിൽ നടത്തിയ ധ്യാന പ്രസംഗം

**ഫാ. ജോസ് തോമസ് പൂവത്തുങ്കൽ**
(കണ്ടനാട് വെസ്റ്റ് മെത്രാസന സെക്രട്ടറി)

മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ കാതോലിക്ക ബാവ തിരുമേനി, അവിടുത്തോടൊപ്പം മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനിൽ സംബന്ധിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരും സഭാനേതാക്കളും സഭാ പ്രതിനിധികളുമായ മലങ്കര നസ്രാണി പൗരുഷത്തിന്റെ മൂർത്തീഭാവങ്ങളായ ദൈവത്തിന്റെ ജനമേ, ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹ വന്ദനം!

നമ്മുടെ അരുമനാഥനായ യേശു ക്രിസ്തുവിന്റെ ശിഷ്യരിലൊരുവനായ പരിശുദ്ധ മാർത്തോമ്മ ശ്ലീഹാ നട്ട്, സ്വന്തരക്തം നൽകി വളർത്തിയ മലങ്കര സഭയുടെ ഒന്നാം കാതോലിക്കയും ദൈവപുരുഷനുമായ പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കബാവ സ്വന്ത ആസ്ഥാനമാക്കി മലങ്കര സഭയേയും വിശിഷ്യാ കണ്ടനാട് ഭദ്രാസനത്തേയും മേയിച്ചു ഭരിച്ച കോലഞ്ചേരി പള്ളിയങ്കണത്തിൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ ഇദംപ്രഥമമായി സമ്മേളിക്കുമ്പോൾ കോലഞ്ചേരിയുമായി ഏറെ അടുപ്പമുള്ളതും നമ്മുടെയെല്ലാം സ്മരണയിൽ നിറഞ്ഞു നിൽക്കുന്നവരുമായ പിതാക്കന്മാരാണ് കോലഞ്ചേരി പള്ളിയിൽ കബറടങ്ങിയിരിക്കുന്ന ഏഴാം മാർത്തോമ്മായും ജ്ഞാനിയും ധീരനുമായ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കബാവയും കാതോലിക്കേറ്റിന്റെ കാവൽ ഭടനും നിഷ്ഠയോടെയുള്ള ആരാധനയുടെ സൗന്ദര്യം എന്തെന്ന് കാണിച്ചു തന്ന ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തയും ഒരു നൂറ്റാണ്ടു മുൻപ് ഈ സ്കൂൾ ആരംഭിച്ചതിലൂടെ കോലഞ്ചേരിയുടെ വികസനത്തിനു തുടക്കം കുറിച്ച തേനുങ്കൽ ഗീവർഗീസ് മൽപ്പാനും. ആ പിതാക്കന്മാരുടെ ദീപ്തമായ സ്മരണയ്ക്ക് മുൻപിൽ എന്റെ തലവണക്കുന്നു.

ലോകക്രൈസ്തവ സഭകളിൽ, ഒന്നാം നൂറ്റാണ്ടുമുതലുള്ള അപ്പോസ്തോലിക പാമ്പര്യവും പൈതൃകവും നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുന്ന ഏതാനും സഭകളിലൊന്നാണ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ. സഭയുടെ സുപ്രധാന തീരുമാനങ്ങളെടുക്കുവാൻ ചേരുന്ന, സഭയുടെ അത്യുന്നത പ്രതിനിധി സമിതിയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ പ്രതികൂലതകളുടെ നടുവിലാണിന്ന് സമ്മേളിക്കുന്നത്. 118 -ാം സങ്കീർത്തനത്തിൽ യിസ്രായേലിന്റെ 'ഭാവഗായകനും ഭക്തനും കവിയുമായിരുന്ന ദാവീദ് രാജാവ് പാടിയതുപോലെ "ഇതു യഹോവയാൽ സംഭവിച്ചു നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യം ആയിരിക്കുന്നു. ഇതു യഹോവ ഉണ്ടാക്കിയ ദിവസം ഇന്ന് നാം സന്തോഷിച്ച് ആനന്ദിക്ക' (സങ്കീ. 118:23 - 24)

ഈ സമ്മേളനത്തിന്റെ അജണ്ട ഏഴ് മേൽപ്പട്ടസ്ഥാനികളെ തിരഞ്ഞെടുക്കുക എന്നതാണല്ലോ. അതിനായി പരിശുദ്ധ സഭ തന്റെ മക്കളായ 11 കശീശന്മാരെ നമ്മുടെ മുൻപിൽ നിർത്തിയിരിക്കുകയാണ്. ഇതിനെ വാശിയേറിയ വലിയൊരു മൽസരമായിട്ടോ വിജയപരാജയമയിട്ടോ യാതൊരു കാരണവശാലും വിലയിരുത്തരുതെന്നാണ് ആമുഖമായി അഭ്യർത്ഥിക്കുവാനുള്ളത്. വിശുദ്ധ വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ട് "അവൻ ചിലരെ അപ്പോസ്തോലന്മാരായും, ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു' (എഫേസ്യർ 4:11). കൂടാതെ, പന്തിരുവരിൽ ഉണ്ടായ ഒഴിവ് നികത്തുവാൻ ഒരാളെ തിരഞ്ഞെടുക്കുന്ന സാഹചര്യത്തിൽ, രണ്ട് പേരിൽ നിന്ന് ഒരാളെയാണ് തിരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട മത്ഥിയാസിനേക്കാൾ യുസ്തൊസ് എന്ന് മറുപേരുള്ള ബർശബ എന്ന യോസെഫ് കുറവുള്ളവനായിട്ടോ കഴിവില്ലാത്തവനായിട്ടോ അല്ല തിരഞ്ഞെടുക്കപ്പെടാതിരുന്നത് എന്നത് ഇത്തരുണത്തിൽ ഓർക്കേണ്ട കാര്യമാണ്.

തിരഞ്ഞെടുക്കപ്പെടാതിരിക്കുമ്പോൾ നിരാശയും വ്യസനവും ഉണ്ടാകരുത് എന്നോർക്കുക. അങ്ങിനെയുണ്ടായാൽ നമ്മിലുള്ള വെളിച്ചത്തെ അത് കെടുത്തിക്കളയും. തിരഞ്ഞെടുക്കപ്പെടുന്നവർ, മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരാണെന്നോ, തികഞ്ഞവരാണെന്നോ ചിന്തിക്കുകയും അരുത്. മേൽപ്പട്ടക്കാരന്റെ ത്യാഗപൂർണ്ണവും നിസ്വാർത്ഥമായ ശുശ്രൂഷയെക്കുറിച്ചുള്ള അറിവില്ലായ്മയും ഇത് ദൈവനടത്തിപ്പാണെന്ന തിരിച്ചറിവും പരിശുദ്ധാത്മാവാണ് നയിക്കുന്നതെന്ന അവബോധവും ഇല്ലാതെ വരുമ്പോഴാണ് ഇപ്രകാരം ചിന്തിക്കുന്നത്. പരിശുദ്ധ പത്രോസ് ശ്ലീഹായുടെ ഉപദേശം ശ്രദ്ധിച്ചുകൊൾവീൻ: "നിങ്ങളുടെ പരിപാലനത്തിൻ കീഴുള്ളവരുടെമേൽ യജമാനനെപ്പോലെ അധികാര പ്രമത്തത കാട്ടുകയല്ല, ആട്ടിൻകൂട്ടത്തിന് മാതൃകകളായിത്തീർന്നുകൊണ്ടത്രെ വേണ്ടത്..." (1 പത്രോസ് 5:3). പരിശുദ്ധ പൗലോസ് ശ്ലീഹ ഓർമ്മിപ്പിക്കുകയാണ്: "ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസലിവും ഉണ്ടെങ്കിൽ..... "(ഫിലിപ്യർ 2:1)

ഇവിടെയൊരു ദൈവീകമായ തിരഞ്ഞെടുപ്പാണ് നടക്കുന്നത്: ദൈവത്തിന്റെ മഹത്തായ രക്ഷാപ്രവർത്തനത്തെക്കുറിച്ച് വിശകലനം ചെയ്യുമ്പോൾ, നീതീകരണവും വിശുദ്ധീകരണവും അനുരഞ്ജനവും വീണ്ടെടുപ്പും പാപമോചനവും രക്ഷയും നാം ചിന്തിക്കുന്നു. എന്നാൽ ദൈവം നടത്തുന്ന തിരഞ്ഞെടുപ്പിനേക്കുറിച്ചും നാം ചിന്തിക്കേണ്ടതില്ലേ? പഴയനിയമ ഗ്രന്ഥത്തിൽ, യിസ്രായേലിനേയും യിസ്രായേൽ ജനത്തെ നയിക്കുവാൻ നേതാക്കളേയും, പ്രവാചകന്മാരേയും, ന്യായാധിപന്മാരെയും, മഹാപുരോഹിതന്മാരേയും, രാജാക്കന്മാരെയും ദൈവം തിരഞ്ഞെടുക്കുന്നതായി നാം വായിക്കുന്നു. പുതിയനിയമ ഗ്രന്ഥത്തിൽ ദൈവമായ കർത്താവ് നടത്തുന്ന തിരഞ്ഞെടുപ്പിലൂടെ അപ്പോസ്തോലന്മാരും, ദൈവാത്മാവിലവർ തിരഞ്ഞെടുത്തു നിയമിക്കുന്ന കശീശന്മാരേയും എപ്പിസ്ക്കോന്മാരേയും കാണാവുന്നതാണ്. ആ എപ്പിസ്ക്കോപ്പൽ നിരയിലേക്കുള്ള

4/1/22, 5:31 PM malankarasabha March 22

തിരഞ്ഞെടുപ്പാണിവിടെ നടക്കുന്നത്. കർത്താവ് അരുളിച്ചെയ്തത്: "നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ നിയോഗിച്ചുമിരിക്കുന്നു" (യോഹ. 15:16)

തിരഞ്ഞെടുപ്പിൽ ഹൃദയങ്ങളെയാണ് പരിശോധിക്കേണ്ടത്: വിക്കനായ മോശയെ തിരഞ്ഞെടുത്തവനായ ദൈവം ആടുകളുടെ ഇടയിൽ നിന്നാണ് ദാവീദിനെ വിളിക്കുന്നത്. ദൈവത്തിന്റെ സന്ദേശം ശമുവേൽ പ്രവാചകൻ നൽകുന്നതിപ്രകാരമാണ്: "അവന്റെ മുഖമോ പൊക്കമോ നോക്കരുത്: . . . മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കണ്ണിന് കാണുന്നത് നോക്കുന്നു, യഹോവയോ ഹൃദയത്തെ നോക്കുന്നു" (1 ശമുവേൽ 16:7). "കർത്താവേ, അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു" എന്നുള്ള അനുസരണ ബോധത്തോടും, "കണ്ടാലും ഞാൻ കർത്താവിന്റെ ദാസി, അവിടുത്തെ ഇഷ്ടപ്രകാരം സംഭവിക്കട്ടെ" എന്ന വിശുദ്ധ കന്യക മറിയാമിന്റെ സമർപ്പണമനോഭാവത്തോടെ സഭയെ സേവിക്കുവാൻ മനസ്സുള്ളവർ തിരഞ്ഞെടുക്കപ്പെടുവാൻ ദൈവാത്മാവ് പ്രവർത്തിക്കട്ടെ.

**എന്തുകൊണ്ടാണ് ഈ തിരഞ്ഞെടുപ്പിൽ നാം വോട്ട് ചെയ്യേണ്ടത്?**

1. നമ്മുടെ അരുമ നാഥായ കർത്താവേശുമശിഹായുടെ ശരീരമാകുന്ന സഭയുടെ ശ്രേഷ്ഠാ ധികാരത്തിനോടുള്ള അനു സരണമാണ്. പ. പൗലോസ് ശ്ലീഹ ഓർമ്മിപ്പിക്കുകയാണ്: "ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങട്ടെ. ദൈവത്തിലല്ലാതെ ഒരധികാരവുമില്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോട് മറുക്കുന്നവൻ ദൈവ വ്യവസ്ഥയോടു മറുക്കുന്നു' (റോമർ 13:1 -2).

2. ഇത് എന്റെ സഭയാണ് ഞാൻ ഇതിലെ അംഗമാണെന്നുള്ള ആത്മാഭിമാനത്തിന്റെ നിമിഷങ്ങളും എന്റെ അവകാശത്തെ അംഗീകരിക്കുന്നതുമാകുന്നു.

3. നമ്മുടെ സഭയുടേയും സഭാംഗങ്ങളുടേയും നന്മയും വളർച്ചയും നേടുവാനുള്ള മാർഗമാണിത്.

4. ദൈവീക കാര്യവിചാരകത്വത്തിന് വിശ്വസ്തരായവരെ കണ്ടെത്തുന്നതാണീ തിരഞ്ഞെടുപ്പ്. "നീ പല സാക്ഷികളുടെ മുൻപാകെ എന്നോട് കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനഷ്യരെ ഭരമേല്പ്പിക്ക" (1 തിമോത്തി 2: 1 - 2)

5. നമ്മുടെ സഭയുടെ സുഗമമായ പ്രവർത്തനത്തിനും വളർച്ചയ്ക്കുമായി നമുക്ക് ചെയ്യുവാൻ കഴിയുന്ന ഏറ്റവും ലളിതവും പ്രധാനപ്പെട്ട കാര്യവുമാണിത്. ഒന്നും ചെയ്യാതിരിക്കുന്നത് തിന്മയെ സഹായിക്കലാണ്. സങ്കീർത്തനക്കാരൻ പറയുന്നു: "ദോഷം വിട്ടകന്ന് ഗുണം ചെയ്ക' (34:14). 'All that is required for evil to prevail is for goodmen to do nothing" (Edmund Burke).

6. ഒരു തരി ഉപ്പ് ക്ഷണത്തെ രുചികരമാക്കുന്നതുപോലെ, ചില രോഗങ്ങൾക്കെതിരെ പ്രവർത്തിക്കുന്നതുപോലെ, വെള്ളത്തെ ശുദ്ധീകരിക്കുന്നതുപോലെ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്ന, നന്മയ്ക്കായുള്ള മാറ്റമായതിനെ തീർക്കുന്നു. കർത്താവ് ചോദിക്കുകയാണ്: "നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പു കാരമില്ലാതെപോയാൽ അതിന്നു എന്തൊന്ന് കൊണ്ടു രസം വരുത്താം?' (മത്തായി 5:13)

7. ഗൗരവമായ കാര്യങ്ങളെ നിസ്സാരമായി എടുക്കാതിരിക്കുന്നതിനുള്ള പരിശീലനമാണ്. എന്റെ സഭയുടെ നന്മനിറഞ്ഞ വളർച്ചയിലുള്ള എന്റെ പങ്കാളിത്തമാണിത്.

8. സഭയുടെ വളർച്ചയിലും സുഗമമായ നടത്തിപ്പിലുമുള്ള എന്റെ ഉത്തരവാദിത്തം വോട്ടിംഗിലൂടെ അനാവരണം ചെയ്യുകയാണ്. കാരണം, മുളന്തുരുത്തി സുന്നഹദോസിലെ നിശ്ചയങ്ങളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ജാതിയുടെ പൊതുവിലേക്കു വേണ്ടുന്ന മത സംബന്ധമായും സമൂഹ സംബന്ധമായും ഉള്ള സകല കൈകാര്യ കർത്താക്കളും ഭാരവാഹികളും നിങ്ങളാണ്'

9. ആദിമ സഭയിലെ അംഗങ്ങൾ കശീശന്മാരെയും എപ്പിസ്ക്കോപ്പന്മാരെയും തിരഞ്ഞെടുത്തതുപോലെ നാമും അതിന്റെ പിന്തുടർച്ചയായി മേലദ്ധ്യക്ഷന്മാരെ തിരഞ്ഞെടുക്കുകയാണിവിടെ. (അപ്പോ. പ്രവ. 14:23)

10. നമുക്ക് ലഭിച്ചിട്ടുള്ള എല്ലാ വിഭവങ്ങളും ദൈവത്തെ ബഹുമാനിക്കുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനുള്ള നമ്മുടെ പ്രതികരണത്തിന്റെ ഒരു ഭാഗമാണ് വോട്ടെടുപ്പ്. വോട്ട് പാഴാക്കുക എന്നാൽ സഭയോടും ദൈവത്തോടും പ്രത്യുപകാരം ചെയ്യുവാൻ ലഭിച്ച അവസരം പാഴാക്കുന്നതിന് തുല്യമാണ്. ആയതിനാൽ സ്വത്വബോധമുള്ള മലങ്കര നസ്രാണി എന്ന നിലയിൽ ഇന്നേദിവസം നാം കർത്തവ്യ ബോധത്തോടും വിശ്വസ്തതയോടും സത്യസന്ധതയോടും നമ്മുടെ ചുമതല നിറവേറ്റണം. ഉപനിഷത്തുകൾ എഴുതിയ മഹർഷിമാരിൽ ഒരാൾ സ്വന്തം മകനെ വിളിച്ചിട്ട് ഇപ്രകാരം ഉപദേശിക്കുകയുണ്ടായി..

"യദ്യപി അസ്മാം ഇമാം അദ്ഭിഃ
പരിഗൃഹീതാം ധനസ്യ പൂർണാം
ദദ്യാത്
ഏതദേവ തതോ ഭൂയ ഇതി, ഏത
ദേവ തതോ ഭൂയ ഇതി'

(വെള്ളം കൊണ്ട് ചുറ്റപ്പെട്ട ധനപൂർണമായ ഈ ഭൂമി പകരം തരികയാണെങ്കിൽ പോലും മകനേ, ഞാൻ നിനക്ക് നല്കിയ ഈ ഉപദേശം അതിനേക്കാളെല്ലാം മികച്ചതാണെന്ന് നീ മനസ്സിലാക്കുക) "ഏത ദേവ തതോ ഭൂയ ഇതി" (ഇത് അതിലും വലുതാണ്) എന്ന ഭാഗം രണ്ടുതവണ പറഞ്ഞിരിക്കുന്നു. സമ്പത്തും അധികാരവും എക്കാലത്തേയും പ്രലോഭനങ്ങളാണ്. മനുഷ്യൻ അവയ്ക്ക് മുൻപിൽ അന്നും ഇന്നും അടി പതറുന്നു.

ആ മഹർഷിയുടെ ചിന്തയെ ഇപ്രകാരം വിപുലീകരിക്കാം എന്ന് തോന്നുന്നു: ഈ രാജ്യത്ത് നീ കാണുന്ന ധനമെന്നത്, സ്വർണ്ണവും രത്നവും ഇവിടുത്തെ പ്രകൃതി സമ്പത്തും ഒക്കെ ആയിരിക്കാം, പക്ഷേ ഞാൻ പറയുന്ന ധനം ഇതിനുമപ്പുറത്തുള്ള ആ മഹത്തായ ഏകദർശനത്തിന്റെ, സത്യ വീക്ഷണത്തിന്റെ ധനമാണ്. ആ ധനത്തെ മറ്റൊന്നിനും മറ്റൊരു പ്രലോഭനത്തിന്റെ മുന്നിലും വച്ചുമാറരുതേ! മാർത്തോമ്മ ശ്ലീഹാ മുതലുള്ള പുണ്യപിതാക്കന്മാർ നമുക്ക് നല്കിയിരിക്കുന്ന ഉപദേശം ഇതുതന്നെയല്ലേ? മലങ്കരസ'യെന്ന സത്യം, സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ കാതോലിക്കേറ്റ് എന്ന പവിത്രമായ സ്ഥാനം, മാർത്തോമ്മ ശ്ലീഹായുടെ സിംഹാസനമാകുന്ന മലങ്കരയിലെ നസ്രാണി സമൂഹം. എന്നീ മഹത്തരങ്ങളായ ദർശനങ്ങളെ, നിത്യസത്യത്തെ മറ്റൊരു പ്രലോഭനത്തിന്റെ മുന്നിലും വച്ചുമാറരുതേ! ഇത് ഈ ലോകത്തുള്ള മറ്റെന്തിനേക്കാളും വലുതാണ്.

തന്റെ അന്ത്യ നാളുകളിൽ പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവ അരുളിച്ചെയ്തത് ഇവിടെ ശ്രദ്ധേയമാണ്: "എന്റെ പ്രിയ മക്കളെ, മലങ്കര സഭയാകുന്ന സത്യം ഉമിത്തീയിലെന്നപോലെ കഷ്ടതകളോടും ക്ലേശങ്ങളോടും നീറി നീറിക്കിടക്കും. എന്നാൽ, കാലങ്ങൾക്കു ശേഷം അത് ആളിക്കത്തി പ്രകാശിക്കുക തന്നെ ചെയ്യും."

സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എഴുതി: ഇന്ത്യ ജീവിച്ചിരിക്കുമ്പോൾ നമ്മളെല്ലാം ജീവിക്കുന്നു; ഇന്ത്യ മരിക്കുമ്പോൾ ആര് ജീവിക്കുന്നു. ഞാനിതിന് അൽപ്പം നിറം പിടിപ്പിച്ച് പറഞ്ഞുകൊണ്ട് എന്റെ ചിന്തകൾ അവസാനിപ്പിക്കുകയാണ്. മലങ്കര സഭ ജീവിച്ചിരിക്കുമ്പോൾ നമ്മളെല്ലാം ജീവിക്കുന്നു: മലങ്കര സഭ മരിക്കുമ്പോൾ ആര് ജീവിക്കുന്നു... ○



https://online.fliphtml5.com/zurna/lkdh/#p=8 11/52

4/1/22, 5:31 PM malankarasabha March 22

# മേൽപട്ട തെരഞ്ഞെടുപ്പിലെ വോട്ടിംഗ്: അൽപം ചരിത്രം




**വർഗീസ് ജോൺ തോട്ടപ്പുഴ**

മലങ്കര അസോസിയേഷൻ നടത്തിയ മേൽപട്ട തെരഞ്ഞെടുപ്പിൽ വൈദിക-അത്മായ പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം ലഭിച്ച സ്ഥാനാർത്ഥികളുടെ സംഖ്യ തെരഞ്ഞെടുപ്പു നടത്തേണ്ട സ്ഥാനങ്ങളുടെ സംഖ്യയിൽ കൂടുതൽ വന്നത് ആദ്യമായിട്ടാണ്. സഭയുടെ ചരിത്രത്തിലാദ്യമായി ഒരു വോട്ടെടുപ്പ് വേണ്ടിവന്നത് 1977-ലാണ്. അതിനു ശേഷം 1982ൽ ഒഴികെ എല്ലാ മേൽപട്ട തെരഞ്ഞെടുപ്പിലും വോട്ടെടുപ്പ് വേണ്ടിവന്നിട്ടുണ്ട്. 1987-ൽ ആരും തെരഞ്ഞെടുക്കപ്പെട്ടില്ല. 1992-ലും 2004-ലും പ്രതീക്ഷിച്ചത്ര സ്ഥാനികളെ ലഭിച്ചില്ല. 1934 മുതലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. അതിനുമുമ്പ് ശെമ്മാശന്മാരെയും അയ്മേനികളെയും തെരഞ്ഞെടുത്തതും ചരിത്രം.

മലങ്കര സഭാഭരണഘടന പാസ്സാക്കിയ 1934 ഡിസംബർ 26-ന് ഏകാഭിപ്രായമായി ഒരാളെ മേൽപട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. ഭരണഘടന നടപ്പാക്കിയ ശേഷം 1951 മേയ് 17, 1965 ഡിസംബർ 28, 1974 ഒക്ടോബർ 2 എന്നീ തീയതികളിൽ 5 പേരെ വീതം തെരഞ്ഞെടുത്തത് എതിരില്ലാതെയായിരുന്നു. 1965ൽ തെരഞ്ഞെടുക്കപ്പെട്ട 5 പേരിൽ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ച 3 പേരെ മാത്രമാണ് 1966ൽ മേൽപട്ടക്കാരായി വാഴിച്ചത്.

1977 മേയ് 16-ന് 8 സ്ഥാനാർത്ഥികളിൽ നിന്ന് മാനേജിംഗ് കമ്മറ്റി നാമനിർദേശം ചെയ്ത 5 പേരും തെരഞ്ഞെടുക്കപ്പെട്ടു. 1982 ഡിസംബർ 28-ന് മാനേജിംഗ് കമ്മറ്റി നാമനിർദേശം ചെയ്ത 5 പേരും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. 1987 ഡിസംബർ 29-ന് ഒരു സ്ഥാനത്തേക്ക് 7 സ്ഥാനാർത്ഥികൾ രംഗത്തുണ്ടായിരുന്നു; ആരും തെരഞ്ഞെടുക്കപ്പെട്ടില്ല. മാനേജിംഗ് കമ്മറ്റി നാമനിർദേശം ചെയ്ത സ്ഥാനാർത്ഥിക്ക് കൂടുതൽ വോട്ട് കിട്ടിയെങ്കിലും മതിയായ ഭൂരിപക്ഷം ലഭിച്ചില്ല. 1989 ഡിസംബർ 28-ന് മാനേജിംഗ് കമ്മറ്റി നാമനിർദേശം ചെയ്ത 5 പേരും തെരഞ്ഞെടുക്കപ്പെട്ടു; ആകെ 8 സ്ഥാനാർത്ഥികൾ. മാനേജിംഗ് കമ്മറ്റി നാമനിർദേശം ചെയ്ത 3 പേർ ഉൾപ്പെടെ 6 പേർ 1992 സെപ്റ്റംബർ 10-ന് മത്സരിച്ചു. ഔദ്യോഗിക പിന്തുണയില്ലാത്ത സ്ഥാനാർത്ഥി ഒന്നാം സ്ഥാനം നേടി. മാനേജിംഗ് കമ്മറ്റിയുടെ ഒരു സ്ഥാനാർത്ഥി മാത്രം വിജയിച്ചു. 2004 ജൂൺ 10-ന് 7 സ്ഥാനത്തേക്ക് 18 സ്ഥാനാർത്ഥികളുണ്ടായിരുന്നു. മാനേജിംഗ് കമ്മറ്റി നാമനിർദേശം ചെയ്ത 7 പേരിൽ 4 പേർ മാത്രം വിജയിച്ചു. 2008 സെപ്റ്റംബർ 11-നും 2010 ഫെബ്രുവരി 17-നും 7 സ്ഥാനത്തേക്ക് നടത്തിയ തെരഞ്ഞെടുപ്പിൽ 7 പേരും വിജയിച്ചു. ആകെ സ്ഥാനാർത്ഥികൾ യഥാക്രമം 10, 11 ആയിരുന്നു. (കൂടുതൽ വിവരങ്ങൾക്ക് 'മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ : ചരിത്രം, രേഖകൾ' കാണുക).

കൂട്ടുട്രസ്റ്റിമാരുടെ തെരഞ്ഞെടുപ്പിന് 1980, 1987, 2004, 2007, 2012, 2017 വർഷങ്ങളിൽ വോട്ടെടുപ്പ് വേണ്ടിവന്നു. 1980-ലെ അത്മായ ട്രസ്റ്റി തെരഞ്ഞെടുപ്പിൽ 2 സ്ഥാനാർത്ഥികളിൽ ഒരാൾ നിശ്ചിത സമയത്തിനു ശേഷം പിന്മാറിയതിനാൽ നിയമപരമായി മാത്രം വോട്ടെടുപ്പ് വേണ്ടിവന്നതാണ്. ഇതിൽ പി.സി. ഏബ്രഹാം വിജയിച്ചു. വൈദികട്രസ്റ്റി തെരഞ്ഞെടുപ്പുകളിൽ ഫാ. മത്തായി നൂറനാൽ മൂന്നാം റൗണ്ടിലും (1987) ഫാ. ഡോ. ഒ. തോമസ് രണ്ടാം റൗണ്ടിലും (2004) ആണ് വിജയിച്ചത്. 2004 ൽ 487 വോട്ട് (16%) അസാധുവായി. പ്രധാന മേലദ്ധ്യക്ഷന്റെ പിൻഗാമിയുടെ തെരഞ്ഞെടുപ്പിന് അസോസിയേഷനിൽ വോട്ടിംഗ് ആവശ്യമായി വന്നിട്ടില്ല.

ഇത്തവണ ആകെ വോട്ടർമാരിൽ (enrolled electors) ഹാജരായവർ (registered voters) വളരെ കൂടുതലാണ്. രേഖപ്പെടുത്തിയ വോട്ടും (polled vote) സാധുവായ വോട്ടും (valid vote) തുല്യമാകുന്നത് ആദ്യമായിട്ടാണ്. ഹാജരുള്ളവരുടെ ഭൂരിപക്ഷമോ സാധുവായ വോട്ടുകളുടെ പകുതിയിലധികമോ ക്വോട്ടാ (quota for election) ആയി പരിഗണിച്ചാലും ഒരേ ഫലം തന്നെയാണ് വരുന്നത്. വിജയിയെ നിർണയിക്കുന്നതിന് കുറഞ്ഞ വോട്ട് ആവശ്യമായ തെരഞ്ഞെടുപ്പുകളിലെല്ലാം സാധുവായ വോട്ട് (valid vote) ആണ് അടിസ്ഥാനമാക്കുന്നത്. ചെയ്യാത്ത വോട്ടും (uncasted vote) അസാധു വോട്ടും (invalid vote) ഫലനിർണയത്തെ ബാധിക്കാതിരിക്കാനാണിത്. രാഷ്ട്രപതി, ഉപരാഷ്ട്രപതി, രാജ്യസഭാ തെരഞ്ഞെടുപ്പുകൾ ഉദാഹരണം.



https://online.fliphtml5.com/zurna/lkdh/#p=8 12/52

## മേൽപട്ട തെരഞ്ഞെടുപ്പ് : രണ്ടാം ഘട്ടം ആദ്യമായി

ഇത്തവണ 7 സ്ഥാനത്തേക്ക് നടത്തിയ തെരഞ്ഞെടുപ്പിൽ 8 പേർക്ക് വൈദികരുടെയും അത്മായക്കാരുടെയും പ്രത്യേകം പ്രത്യേകം പകുതിയിലധികം വോട്ടു ലഭിച്ചു. "... ഇപ്രകാരം യോഗ്യരായവർ ആവശ്യത്തിലധികം വന്നാൽ അവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ടവരെ നിർണ്ണയിക്കുന്നതിന്, വൈദികരിൽ നിന്നും ലഭിച്ച വോട്ടിന്റെ ശതമാനവും അത്മായക്കാരിൽ നിന്നു ലഭിച്ച വോട്ടിന്റെ ശതമാനവും ഒരുമിച്ചുകൂട്ടുന്നതാണ്..." എന്ന് 'എപ്പിസ്കോപ്പാ സ്ഥാനികളുടെ തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും നടപടിക്രമവും' B 5 (8) ൽ പറയുന്നതനുസരിച്ച് ഏറ്റവും കൂടുതൽ ശതമാനം വോട്ടു കിട്ടിയ സഭയ് ക്ക് ആവശ്യമുള്ളയത്രയും സ്ഥാനികൾ തെരഞ്ഞെടുക്കപ്പെടുകയാണുണ്ടായത്. 2008-ലും 2010-ലും നടന്ന തെരഞ്ഞെടുപ്പുകളിലെ നടപടിക്രമത്തിലും ഇതു തന്നെയാണുണ്ടായിരുന്നത്. എന്നാൽ അന്ന് 7 സ്ഥാനത്തേക്ക് 7 പേർക്കു മാത്രമേ പകുതിയിലധികം വോട്ടു ലഭിച്ചുള്ളൂ.

ഏറ്റവും കുറവ് വൈദിക വോട്ടും ഏറ്റവും കുറവ് അയ്മേനി വോട്ടും ലഭിച്ചവരെ ഒന്നിടവിട്ട് നീക്കം ചെയ്യുന്ന രീതിയാണ് 2004 വരെ നിലവിലുണ്ടായിരുന്നത്. ഈ രീതി തുടർന്നു വന്നാലും ഇത്തവണത്തെ ഫലത്തിന് മാറ്റമുണ്ടാകുകയില്ലായിരുന്നു. ഒരിക്കലും ആവശ്യം വന്നിട്ടില്ലാത്ത അന്നത്തെ രീതി ഇങ്ങനെയാണ് : "പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം ലഭിക്കുന്ന സ്ഥാനാർത്ഥികളുടെ സംഖ്യ തെരഞ്ഞെടുപ്പു നടത്തേണ്ട സ്ഥാനങ്ങളുടെ സംഖ്യയിൽ കൂടുതൽ ആയിരുന്നാൽ അവരെല്ലാം വിജയിച്ചതായി നിർണയിക്കാവുന്നതല്ല. അതുകൊണ്ട് പട്ടക്കാരുടെ വിഭാഗത്തിന്റെ ഭൂരിപക്ഷം വോട്ടുകൾ ലഭിച്ചിട്ടുള്ളവരിൽ നിന്നും അയ്മേനികളുടെ വിഭാഗത്തിന്റെ ഭൂരിപക്ഷം വോട്ടുകൾ ലഭിച്ചിട്ടുള്ളവരിൽ നിന്നും ഏറ്റവും കുറവു വോട്ടു ലഭിച്ചിട്ടുള്ള ഓരോരുത്തരെ നീക്കം ചെയ്യുന്നതും, ശേഷമുള്ളവരുടെ സംഖ്യ തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സംഖ്യയിൽ പിന്നെയും കൂടുതൽ ആയിരുന്നാൽ ശേഷമുള്ളവരിൽ ഏറ്റവും കുറവു വോട്ടുകൾ ലഭിച്ചിട്ടുള്ള ഓരോരുത്തരെ ഇരുഭാഗത്തു നിന്നും വീണ്ടും നീക്കം ചെയ്യുന്നതും, ശേഷിക്കുന്നവരുടെ സംഖ്യ തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സംഖ്യയ്ക്ക് തുല്യമാകുന്നതുവരെ ഈ നടപടി ആവർത്തിക്കുന്നതും ഒടുവിൽ ശേഷിച്ചവർ വിജയിച്ചതായി നിർണയിക്കുന്നതും ആകുന്നു." (മലങ്കര അസോസിയേഷൻ പരുമല സെമിനാരി 10-06-2004 വിജ്ഞാപനം പേജ് 8).

## എറിത്രിയൻ പാത്രിയർക്കീസ് ആബൂനാ അന്തോനിയോസ് കാലംചെയ്തു




ആഫ്രിക്കയിലെ എറിത്രിയയിൽ 15 വർഷമായി വീട്ടുതടങ്കലിൽ കഴി യുകയായിരുന്ന ഓർത്തഡോക്സ് സഭയു ടെ കാനോനിക തലവൻ ആബൂനാ അന്തോനിയോസ് പാത്രിയർക്കീസ് (94) ഫെബ്രുവരി 9ന് കാലം ചെയ്തു. വിവിധ ക്രൈസ്തവ സഭകളുടെ തലവന്മാരിൽ ഏറ്റവും പ്രായമുള്ള പാത്രിയർക്കീസായി രുന്നു.

തലസ്ഥാനമായ അസ്മാരയിൽ നി ന്ന് 75 കിലോമീറ്റർ തെക്കുപടിഞ്ഞാറ് അദ്ദേഹം അംഗമായിരുന്ന ദെബ്രേ ആബൂനാ ആൻഡ്രിയാസ് ആശ്രമത്തിൽ കബറടക്കം നടന്നു. സർക്കാർ നിയന്ത്രിത പാത്രിയർക്കേറ്റ് ഓഫീസ് ഈ ആശ്രമത്തിലെ സന്യാസിമാരോട് പാത്രിയർക്കീസിന്റെ ഭൗതികശരീരം കൊണ്ടുപോകാൻ ആവശ്യപ്പെടുകയായിരുന്നു. കാലംചെയ്ത കാനോനിക പാത്രിയർക്കീസിന് എറി ത്രിയൻ ഓർത്തഡോക്സ് സഭയുടെയോ സർക്കാരിന്റെയോ ഔദ്യോഗിക ബഹുമതി നിഷേധിക്കപ്പെട്ടു. സഭയുടെ മെത്രാന്മാരാരും സംബന്ധിച്ചില്ല; വിയോഗ വാർത്ത ഇടവകപള്ളികളെ അറിയിച്ചുമില്ല. ആശ്രമത്തിലെ വൈദികർ നേതൃത്വം നൽകിയ കബറടക്കശുശ്രൂഷയിൽ ആശ്രമത്തിനു സമീപമുള്ള ഗ്രാമവാസികൾ സംബന്ധിച്ചു.

സഭയുടെ മൂന്നാമത്തെ പാത്രി യർക്കീസായി 2004 ൽ സ്ഥാനാരോഹണം ചെയ്ത അദ്ദേഹത്തെ സ്വേച്ഛാധിപതിയായ പ്രസിഡന്റ് ഇസയ്യാസ് അഫ്വെർ കിയുടെ സർക്കാർ 2006 ൽ അറസ്റ്റ് ചെയ്തു തടങ്കലിലാക്കി. സഭയുടെ കാര്യങ്ങളിൽ സർക്കാർ ഇടപെടുന്നതിനെ എതിർത്തതായിരുന്നു കാരണം. സർക്കാർ സ്വാധീനത്താൽ സുന്നഹദോസ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും തൽസ്ഥാനത്തു ആബൂനാ ദീയസ്കോറോസ് പാത്രിയർക്കീസിനെ നിയമിക്കുകയും ചെയ്തു. ആബൂനാ ദീയസ്കോറോസ് 2015 ൽ കാലം ചെയ്തതിനെ തുടർന്ന് 2021ൽ ആബൂനാ കെർലോസ് പാത്രിയർക്കീസായി വാഴിക്കപ്പെട്ടെങ്കിലും കോപ്റ്റിക് സഭ ഉൾപ്പെടെ മറ്റ ഓർത്തഡോക്സ് സഭകൾ ഇത് അംഗീകരിച്ചിട്ടില്ല.

ഈ സഭ ഓറിയന്റൽ ഓർത്തഡോക്സ് സഭാകുടുംബത്തിൽപെടുന്നു. എറിത്രിയായിലെ ജനങ്ങളിൽ പകുതിയിലധികം - 30 ലക്ഷം - സഭാവിശ്വാസികളാണ്. എറിത്രിയൻ ഓർത്തഡോക്സ് സഭയുടെ കാനോനിക പാത്രിയർക്കീസ് ആബൂനാ അന്തോനിയോ സിന്റെ ദേഹവിയോഗത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അനുശോചിച്ചു.



## മാർ അദ്ദായ് രണ്ടാമൻ പാത്രിയർക്കീസ് കാലം ചെയ്തു

'പൗരസ്ത്യ കൽദായ സുറിയാനി സഭ' എന്നറിയപ്പെടുന്ന പൗരസ്ത്യ അസിറിയൻ സഭയിലെ ബാഗ്ദാദ് ആസ്ഥാനമായ വിഭാഗത്തിന്റെ തലവൻ മാർ അദ്ദായ് രണ്ടാമൻ ശീമോൻ ഗീവർഗീസ് പാത്രിയർക്കീസ് (74) ഫെബ്രുവരി 11ന് അമേരിക്കയിലെ അരിസോനയിൽ കാലം ചെയ്തു. കബറടക്കശുശ്രൂഷ അരിസോനയിലെ ഗ്ലെൻഡേൽ സെന്റ് ജോർജ് പള്ളിയിൽ ഫെബ്രുവരി 25ന് നടന്നു. എർബിൽ ആസ്ഥാനമായ വിഭാഗത്തിന്റെ തലവൻ മാർ ആവാ മൂന്നാമൻ പാത്രിയർക്കീസ് അനുശോചനം രേഖപ്പെടുത്തി. മറുകക്ഷിയുടെ മൂന്നു മേൽപട്ടക്കാരും സംബന്ധിച്ചു.

അസിറിയൻ സഭയിൽ 1968 മുതൽ ആഗോള തലത്തിൽ രണ്ടു വിഭാഗങ്ങളുണ്ട്. ഇന്ത്യയിലെ കൽദായ സഭയിൽ 1964 മുതൽ നിലനിന്ന കക്ഷിവഴക്ക് 1995ൽ അവസാനിച്ച് ഐക്യമുണ്ടായി. അതുവരെ ഇന്ത്യയിലെ പൗരസ്ത്യ കൽദായ സുറിയാനി സഭയിലെ ഒരു വിഭാഗത്തിന്റെയും തുടർന്ന് ഇറാക്കിലെ ബാഗ്ദാദ് ആസ്ഥാനമായി ഇപ്പോഴും നിലനിൽക്കുന്ന ഒരു ചെറിയ വിഭാഗത്തിന്റെയും തലവനായിരുന്നു മാർ അദ്ദായി. 1948 ൽ ഇറാഖിലെ മൊസൂളിൽ ജനനം. 1968ൽ മേൽപട്ടക്കാരനായി. മാർ തോമ ധർമ്മോ പാ ത്രിയർക്കീസ് 1969ൽ കാലം ചെയ്തതിനെ തുടർന്ന് മാർ അദ്ദായ് 1972 ഫെബ്രുവരി 20 കാതോലിക്കോസ് പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു. ഇന്ത്യയിലെ കൽദായ സഭ ഇപ്പോൾ എർബിൽ ആസ്ഥാനമായ വിഭാഗത്തിലാണ്.



**ഫാ. സുജിത്ത് തോമസ്**
അസി. വികാരി, സെ. തോമസ് ഓർത്തഡോക്സ് ചർച്ച്, ഫിലാഡൽഫിയ

2022 മാർച്ച് 13
## വലിയ നോമ്പിലെ മൂന്നാം ഞായർ
മർക്കോസ് 2: 1-12

1. നമ്മുടെ പ്രവർത്തി വിശ്വാസത്തെ വെളിപ്പെടുത്തുന്നു

പക്ഷവാതക്കാരനെ ചുമന്നുകൊണ്ടു വന്നനാലുപേരുടെ പ്രവർത്തികണ്ടപ്പോൾ യേശു അവരുടെ വിശ്വാസത്തെ കണ്ടു വെന്ന് പറഞ്ഞു (2:5). യേശുവിന് സുഖപ്പെടുത്താമെന്ന് വിശ്വസിച്ചത് കൊണ്ടാണ് അവർ മേല്പുരപൊളിച്ചുതുറന്നത്. നമ്മുടെ സത്യവിശ്വാസം (orthodoxy) നമ്മെ സത്യപ്രവർത്തിയിലേക്ക് (orthopraxy) നയിക്കണം. 'എന്നാൽ ഒരുത്തൻ: നിനക്കു വിശ്വാസം ഉണ്ടു; എനിക്കു പ്രവൃത്തികൾ ഉണ്ടു എന്നുപറയുമായിരിക്കും. നിന്റെ വിശ്വാസം പ്രവൃത്തികൾ കൂടാതെ കാണിച്ചു തരിക; ഞാനും എന്റെ വിശ്വാസം പ്രവൃത്തികളാൽ കാ ണിച്ചുതരാം' (യാക്കോബ് 2:18). പ്രവർത്തിയില്ലാത്ത വിശ്വാസം കപടതയിലേക്ക് നയിക്കും.

**2. വിശ്വാസത്തിൽ സ്ഥിരോത്സാഹം കാട്ടുക :** ജീവിതത്തിൽ തടസങ്ങൾ നേരിടുമ്പോൾ പിറകോട്ടു പോകാതെ, 'എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും' (സങ്കീർത്തനങ്ങൾ 18:29 ) എന്ന് ദാവീദിനെ പോലെ പറയാം. നിഷ്ഠയോടു കൂടെ നിരന്തരമായ പരിശ്രമം ആഴമായ ദൈവാശ്രയത്തിൽ നിന്നുവരുന്നതാണ്. ആശ്രമജീവിതം എന്തെന്ന് ചോദിച്ചപ്പോൾ ഗുരുപറഞ്ഞു 'ഞങ്ങൾ വീഴും ഞങ്ങൾ എഴുന്നേൽക്കും'. ഒരു ചെറിയ തടസം പൂർണമായ പരാജയമല്ലെന്നു വിശ്വാസ യാത്ര തുടരണം. (റോമ. 5 : 3 -5; ഫിലിപ്പിയർ 3:13-14; എബ്രായർ 3:14)

**3. മനുഷ്യപുത്രന്റെ അധികാരം:** യേശു സ്വയം മനുഷ്യപുത്രനെന്ന വിളിക്കുന്നു (2:10). മനുഷ്യ പുത്രനെന്ന സ്ഥാനനാമം യേശുവിന്റെ സാരൂപ്യത്തെ വെളിപെടുത്തുന്നു. 'രാത്രിദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു' (ദാനീയേൽ 7:13) എന്ന് ദാനീയേലിന്റെ പുസ്തകത്തിൽ പ്രവചിച്ചത് തന്റെ രണ്ടാം വരവിനെ സംബന്ധിച്ചാണെന്നു യേശു പറഞ്ഞു (മത്തായി 24:30). 'അവൻ ശാസ്ത്രിമാരെപ്പോലെയല്ല, അധികാരമുള്ളവനാ യിട്ടത്രേ അവരെ ഉപദേശിച്ചതു' എന്ന് മർക്കൊസ് 1:22 ഇപ്പറഞ്ഞത് ഇവിടെ മനുഷ്യപുത്രന്റെ അധികാരമായിട്ടാണ് കാണിക്കുന്നത്.

**4. വിസ്മയ സഹിതം ദൈവത്തെ ആരാധിക്കാം:** യേശുനൽകിയ രോഗസൗഖ്യത്തെ കണ്ടവർ വിസ്മയിച്ചു ദൈവത്തെ മഹത്വപ്പെടുത്തി (2:12). ദൈവത്തിന്റെ വിസ്മയജനകമായ ക്രിയകളെ ഓർത്തു അത്ഭുത പരവശരായി വേണം നാം ആരാധനയിൽ സംബന്ധിക്കാൻ. 'ഭയത്തോടും വിറയലോടും' കൂടെ ആരാധിക്കണം (ഫിലിപ്പിയർ 2:12). 'ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിന്നു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുകൂടെ സേവ ചെയ്ക' (എബ്രായർ 12:28). (സങ്കീർത്തനങ്ങൾ 33:8; 86:8-10; മലാഖി 2:5; ആവർത്തനം 10:17).

2022 മാർച്ച് 20
## വലിയ നോമ്പിലെ നാലാം ഞായർ
മത്താ. 15: 21-31

**പശ്ചാത്തലം** - മത്തായി 15:1 -16:12 എന്ന ഭാഗം ഭക്ഷണവും അപ്പവും എന്ന വിഷയത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്ന നാല് സംഭവങ്ങളാണ്. 1. പരീശന്മാരുമായുള്ള തർക്കം (15:120); 2. കനാന്യ സ്ത്രീയുമായുള്ള സംഭാഷണം (15:2128); 3. 4,000 പേരെ പോഷിപ്പിച്ചത് (15:29-39); 4. പരീശന്മാരുടെ പുളിപ്പിനെ സമ്പത്തിച്ച മുന്നറിയിപ്പ് (16:112). കനാന്യ സ്ത്രീയുടെ വിശ്വാസം വലുതെന്നു യേശു പ്രസ്താവിച്ചു. ആ വലിയ വിശ്വാസത്തിന്റെ ലക്ഷണങ്ങൾ എന്തൊക്കെ?

**1. യേശുവിനെ കർത്താവായി ആരാധിച്ചു:** വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ ഈ കനാന്യ സ്ത്രീയും, കുരുടരായവരുമാണേശുവിനെ കർത്താവെന്ന് വിളിച്ചു ആരാധിക്കുന്നത് (9:27; 20:3132). കനാന്യ സ്ത്രീ യേശുവിനെ കർത്താവെന്ന് മൂന്ന് തവണ വിളിച്ചു (22, 25, 27). അവൾ യേശുവിനെ ദാവീദ് പുത്രാ എന്നുകൂടി വിളിച്ചു. ഇസ്രായേല്യർക്ക് തിരിച്ചറിയാൻ സാധിക്കാഞ്ഞത് ജാതിയായ സ്ത്രീക്ക് സാധിച്ചു. പ്രാർത്ഥിക്കുമ്പോൾ വീണ് നമസ്കരിക്കണമെന്നുകൂടി അവൾ കാണിച്ചു. 'കർത്താവേ, ദാവീദ്പുത്രാ, എന്നോടു കരുണതോ ന്നേണമേ' എന്ന അവളുടെ യാചന 'Jesus Prayer' എന്ന് അറി യപ്പെടുന്ന മരുഭൂമിയിലെ പിതാക്കന്മാരുടെ അനസ്യൂതമായ പ്രാ ർത്ഥനയുടെ അടിസ്ഥാനങ്ങളിൽ ഒന്നാണ്.

**2. ദൈവകൃപയിൽആശ്രയിച്ചു:** കനാന്യസ്ത്രീയുടെ പ്രാർത്ഥയ്ക്കു മറുപടി ലഭിക്കാഞ്ഞപ്പോൾ അവൾ കൂടുതൽ തീക്ഷണതയുള്ള ദൈവാശ്രയത്തോടെയും, ക്രിസ്തുഭക്തിയോടെയും, യേശുവിനോടു യാചിച്ചു. 'മേശയിൽ നിന്നുവീഴുന്ന നുറുക്കുകൾ' ആവശ്യപ്പെട്ടപ്പോൾ നിസ്സീമമായ ദൈവകൃപയിലുള്ള ആശ്രയം പ്രകടിപ്പിച്ചു. മൂന്ന് തവണ അവൾ യേശുവിനോട് അഭ്യർത്ഥിച്ചു. പ്രാർത്ഥനയിൽ തടസങ്ങൾനേരിടുമ്പോൾ കൂടുതൽ ദാഹത്തോടെ ദൈവത്തിന്റെ കൃപയും കരുണയും യാചിക്കുക.

**3. താഴ്മയും വിശ്വാസവും സംയോജിപ്പിച്ചു:** 'അവൾ മറ്റുള്ളവർക്കെതിരെ ഒരുവാക്ക് പോലും പറഞ്ഞില്ല. മറ്റുള്ളവരെ പുകഴ്ത്തിയതിൽ അവൾ നീരസപ്പെട്ടില്ല, അധിക്ഷേപത്തിൽ അമർഷം കാണിച്ചില്ല. അവളുടെ ദൃഢത ശ്രദ്ധിക്കുക' എന്ന് സ്വർണനാവുകാരനായ വിശുദ്ധ ഇവാനിയോസ് പറയു ന്നു. 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു' (മത്തായി 5:3) കനാന്യസ്ത്രീ അവളുടെ അനുഭവമാക്കി. Humility is not thinking less of yourself; it is thinking of yourself less.

**4. ദൈവിക അഭിലാഷമുണ്ടായിരുന്നു:** കനാന്യ സ്ത്രീ അവളുടെ മകൾക്കു രോഗസൗഖ്യത്തെ മാത്രമേ ആഗ്രഹിച്ചുള്ളൂ. അവളുടെ ആഗ്രഹം ഈ സുവിശേഷത്തിലുള്ള മറ്റുള്ളവരുടെ അഭിലാഷങ്ങളുമായി താരതമ്യപെടുത്താം. പരീശന്മാരും ശാസ്ത്രിമാരും അടയാളം ആഗ്രഹിച്ചു (12:38). ഹേറോദോസ്, യോഹന്നാൻ സ്നാപകനെ കൊല്ലുവാൻ ആഗ്രഹിച്ചു (14:5; 17:12). യാക്കോബും യോഹന്നാനും ശ്രേഷ്ഠമായ പദവികൾ ആഗ്രഹിച്ചു (20:21). യൂദാപണം ആഗ്രഹിച്ചു (26:15). ജനക്കൂട്ടം ബറാബ്ബാസിനെ ആഗ്രഹിച്ചു (27:15, 17, 21). നമ്മുടെ വിശ്വാസത്തിനോട് ചേർന്ന ദൈവിക ആഗ്രഹങ്ങളാണോ നമ്മു ക്കുള്ളത്?

2022 മാർച്ച് 27
## വലിയ നോമ്പിലെ അഞ്ചാം ഞായർ
ലൂക്കോ. 13:10-17

**1. ശബ്ബത്തിന്റെ കർത്താവ് ദൈവവേല ശബ്ബത്തിൽ പൂർത്തിയാക്കി**

ശബ്ബത്ത് എന്ന വാക്ക് ഈഭാഗത്തു അഞ്ച് തവണ പ്രത്യക്ഷമാണ് (13:10, 14, 15, 16). ഈ സുവിശേഷത്തിൽ ശബ്ബത്ത് അവസാനമായി ഇവിടെ കാണുന്നത്. ശബ്ബത്തിൽ രോഗിയെ സുഖപ്പെടുത്തിയ വിലക്കപ്പെട്ട വേലയായിട്ടാണ് പള്ളിപ്രമാണി

കാണുന്നത്. ക്രിസ്തു ശബ്ബത്തിന്റെ കർത്താവായതു കൊണ്ട് വീണ്പോയ സൃഷ്ടിയെ സുഖപ്പെടുത്തി പുതു ക്കുകയാണ്. ഈ പുതിയ സൃഷ്ടിയായി നാം ജീവിക്കണം. (2 കൊരിന്ത്യർ 5:17). 'അവൾ ക്ഷണത്തിൽ നിവിർന്നു' എന്നതിൽ 'നിവിർന്നു' എന്നതിന് ഉപയോഗിച്ചവാക്ക് തകർന്നതിനെ പു നർസ്ഥാപിക്കുന്നതിന് ഉപയോഗിക്കുന്ന വാക്കാണ്. വിശുദ്ധ ലൂക്കോസ് ഈ വാക്ക് അപ്പോസ്തല പ്രവർത്തികളിൽ അങ്ങനെ ഉപയോഗിച്ചു (15:16; cf. എബ്രായർ 12:12).

**2. രക്ഷസ്വാതന്ത്ര്യമാണ്**

കൂനിയായ സ്ത്രീക്ക് കൊടുത്ത സൗഖ്യം ബന്ധനത്തിൽ നിന്ന് അഴിച്ചുവിട്ടതാണെന്ന് കർത്താവ് പറഞ്ഞു (13:12, 16). പാപത്താൽ മാനവരാശി മുഴുവൻസാത്താന്റെ ബന്ധനത്തിൽ അകപ്പെട്ടു. ക്രിസ്തു ആ ബന്ധനത്തെ അഴിച്ചു സ്വാതന്ത്ര്യം നൽകി. 'ബദ്ധന്മാർക്കു വിടുതൽ' നൽകുവാനാണേശു വന്നതെന്ന് ഏശയ്യാ പ്രവാചകനെ ഉദ്ധരിച്ചു പറഞ്ഞു (ലൂക്കോസ് 4:18; യെശയ്യാ 61:1-2). വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിലെ പ്രധാന ചിന്തയാണ് ക്രിസ്തു നൽകുന്ന സ്വാതന്ത്ര്യം. പുതിയ സൃഷ്ടിയായ നമ്മൾ ക്രിസ്തു അഴിച്ചുതന്നതിനാൽ 'അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുതു' (ഗലാത്യ 5:1). (യോഹന്നാൻ 8:32, 36; 2 കൊരിന്ത്യർ 3:17)

**3.ദൈവത്തെമഹത്വപ്പെടുത്തണം.**

കൂനിയായ സ്ത്രീ നിവർന്ന് നിന്ന് ദൈവത്തെ മഹത്വപ്പെടുത്തി (13:13). വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ ദൈവത്തെ മഹത്വപ്പെടുത്തിയ അനേകർ യെഹൂദാ ആചാരപരിധിക്ക് പുറത്തുള്ളവരാണ്: ഇടയന്മാർ (2:20), ജനകൂട്ടം (5:26), വിജാതീയൻ (23:47), മരണത്തിൽ നിന്ന് ഉയർന്ന മനുഷ്യന്റെ അമ്മ (7:16), ശമര്യക്കാരനായ കുഷ്ഠരോഗി (17:15). ഇവരെല്ലാം സ്വർഗീയ ഗണങ്ങളോട് ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തി (2:13). ദൈവത്തെ മഹത്വപ്പെടുത്തുന്നത് ദൈവത്തിനു ആവശ്യമുണ്ടായിട്ടല്ല, പക്ഷെ മനുഷ്യ ദൈവത്തെ ആരാധിച്ചു, ദൈവത്തോട് സംസർഗം പുലർത്തുവാനാണ്.

**2022 ഏപ്രിൽ 3**
**വലിയ നോമ്പിലെ ആറാം ഞായർ**
യോഹ. 9: 1-41.

**1. സ്രഷ്ടാവ് സൃഷ്ടിയെ പുതുക്കിപണിതു**

'പിറവിക്കുരുടനായ മനുഷ്യന്റെ കണ്ണുകളിൽ നീ മണ്ണു കുഴച്ചു തേച്ചു സുഖപ്പെടുത്തിയതിനാൽ മണ്ണുകൊണ്ട് മനുഷ്യനെ സൃഷ്ടിച്ചവൻ നീതന്നെയെന്ന് കാണിച്ചുവല്ലോ' (വലിയ നോമ്പിന്റെ ഞായറാഴ്ച്ചയുടെ ബാവൂസോ). തന്നാൽ സകലവും നിർമ്മിക്കപെട്ടവനായ കർത്താവ് തന്റെ സൃഷ്ടിയുടെ അന്ധതയിൽ മനസ്സലിവ് തോന്നി കാഴ്ച്ച കൊടുത്തു പുതുക്കി പണിതു. 'നിവൃത്തിയായി എന്നു' (യോഹന്നാൻ 19:30) കുരിശിൽ പറഞ്ഞത് ഈ പുനർ സൃഷ്ടിയെപറ്റിയാണ്. 'എന്റെ രക്ഷയുടെ അത്ഭുതത്തിനു തുല്യമായി ഒന്നുമില്ല, അല്പം രക്തത്തുള്ളികൾ പ്രപഞ്ചത്തെ മുഴുവൻ പുനർസൃഷ്ടിച്ചു' എന്ന് വിശുദ്ധ നാസിയൻസസിലെ ഗ്രീഗോറിയോസ് പറഞ്ഞു. (യെശയ്യാ 65:17; 66:22; റോമർ 8:19; വെളിപ്പാടു 21:1)

**2. ദൈവത്തെ കൂടുതൽ ആഴമായി**
**അറിയുവാൻ ദൈവപ്രവർത്തി വെളിവാക്കി**

'ദൈവ പ്രവർത്തി കുരുടനിൽ വെളിവാക്കിയെന്നു കർത്താവു പറഞ്ഞു (9:3). എന്തിനാണേശു ദൈവപ്രവർത്തി വെളിപ്പെടുത്തിയത്? ദൈവപ്രവർത്തി ദർശിക്കുന്നവർ ദൈവത്തെ കൂടുതൽ അറിയുവാനാണ് (cf. യോഹ. 5:36; റോമാ 1:20). കുരുടൻ ഈ സംഭവത്തിൽ കൂടി യേശുവിനെ കൂടുതൽ മനസിലാക്കി. യേശുവിനെ മനുഷ്യൻ (9:11), പ്രവാചകൻ (9:17), കർത്താവ് (9:38) എന്ന് പടിപടിയായി കൂടുതൽ മനസിലാക്കി. ഇത് ഭൗതികമായ അറിവ് മാത്രമല്ല അനുഭവ വേദ്യമായ അറിവാണ്. 'കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ' (2 പത്രൊസ് 3:18). (ഫിലിപ്പിയർ 3:10; യിരേമ്യാവു 31:34).

**3. 'ഞാൻ കുരുടനായിരുന്നു, ഇപ്പോൾ കണ്ണു കാണുന്നു' എന്ന് നമ്മക്കും ഏറ്റുപറയാം.**

മാമോദീസയിൽ ദൈവം അന്ധതയിൽ നിന്നു മനോനയനങ്ങളെ പ്രകാശിപ്പിച്ചു (cf. അപ്പോസ്തല പ്രവർത്തികൾ 9:18; ഇപ്രകാരമുള്ള വലിയ രൂപാന്തരത്തിൽ കൂടി പാപാവസ്ഥയിൽ നിന്ന് പുതിയ ജീവനിലേക്കു മാറ്റപെട്ടവരാണ് നാമെന്നു ഓർക്കണം. നാം പാപികളാണെന്നും ഇവിടെ ഏറ്റുപറയുന്നു. സ്വന്തമായുള്ള പാപാവസ്ഥയെ ഏറ്റുപറയാനുള്ള വിസമ്മതമാണ് യേശുവിന്റെ എതിരാളികൾ കാണിച്ചത്. നമ്മുടെ 'ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചു' എന്ന് ഓർക്കണം (എഫെസ്യർ 1:18). (സങ്കീർത്തനങ്ങൾ 119:18; അപ്പോസ്തല പ്രവർത്തികൾ 26:18; 2 രാജാക്കന്മാർ 6:17). O

## ഓർമ്മ


പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 60-ാം ഓർമ്മ (മാർച്ച് 18, കുന്നംകുളം ആർത്താറ്റ് പുത്തൻപള്ളി)


നാലാം മാർത്തോമ്മായുടെ 294-ാം ഓർമ്മ (മാർച്ച് 25, കണ്ടനാട് പള്ളി)


വലിയ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (6-ാം മാർത്തോമ്മാ) 214-ാം ഓർമ്മ (ഏപ്രിൽ 7, പുത്തൻകാവ് കത്തീഡ്രൽ)


ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 9-ാം ഓർമ്മ (ഏപ്രിൽ 12, ഞാലിയാകുഴി മാർ ബസേലിയോസ് ദയറാ)


സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 92-ാം ഓർമ്മ (മാർച്ച് 19, കുന്നംകുളം ആർത്താറ്റ് പുത്തൻപള്ളി)


കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 137-ാം ഓർമ്മ (മാർച്ച് 22, പാമ്പാക്കുട വലിയപള്ളി)


കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ (പാമ്പാടി തിരുമേനി) 57-ാം ഓർമ്മ (ഏപ്രിൽ 5, പാമ്പാടി ദയറ)



23

**ആരാധനാ പഠനം**

ഫാ. ഡോ. വർഗ്ഗീസ്
പി. വർഗ്ഗീസ്, പാമ്പാക്കുട
(ഓർത്തഡോക്സ് സെമിനാരി)

# വി. കുർബ്ബാനയിലെ തുബ്ദേനുകൾ

സുറിയാനിയിൽ 'തുബ്ദേൻ" എന്ന പേരാണ് മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് ഉപയോഗിക്കുത്. 'എന്നാൽ വീണ്ടും' എന്നാണ് ഈ വാക്കിന്റെ അർത്ഥം. ശുശ്രൂഷകൻ വായിക്കുന്ന ആറ് പ്രാർത്ഥനകളിൽ അഞ്ചെണ്ണവും 'എന്നാൽ വീണ്ടും' എന്ന് അർത്ഥമുള്ള തുബ്ദേൻ എന്ന സുറിയാനി വാക്കിൽ ആരംഭിക്കുന്നതിനാലാണ് ഈ പേര് ലഭിച്ചിരിക്കുന്നത്. ഈ പ്രാർത്ഥനകളുടെ യഥാർത്ഥ പേര് 'Diptychs' എന്നാണ് (രണ്ടായി മടക്കാവുന്ന എഴുത്തു പലകയ്ക്കാണ് Diptychs എന്ന് പറഞ്ഞിരുന്നത്. രണ്ട് പലകകളിലായി ഒന്നാമത്തേതിൽ ജീവനോടെ ഇരിക്കുന്നവരുടേയും രണ്ടാമത്തേതിൽ വാങ്ങിപ്പോയവരുടേയും പേരുകൾ എഴുതി വി. കുർബ്ബാനയിൽ വായിച്ചതുകൊണ്ടാണ് ഇതിന് ഈ പേര് ഉണ്ടായത്.

ജീവനോടിരിക്കുന്നവർക്ക് വേണ്ടിയുള്ള മൂന്ന് മദ്ധ്യസ്ഥപ്രാർത്ഥനകളും, വാങ്ങിപ്പോയർവക്ക് വേണ്ടിയുള്ള മൂന്ന് മദ്ധ്യസ്ഥ പ്രാർത്ഥനകളും ചേരുന്ന ആറ് മദ്ധ്യസ്ഥ പ്രാർത്ഥനകളാണ് ആകെയുള്ളത്. ശെമ്മാശൻ (ശുശ്രൂഷകൻ) ഒരു പ്രാർത്ഥന ചൊല്ലുമ്പോൾ അതേ വിഷയത്തെപ്പറ്റി പട്ടക്കാരൻ രഹസ്യമായി ഒരു പ്രാർത്ഥന ചൊല്ലുന്നു. ശെമ്മാശ്ശൻ പ്രാർത്ഥന ചൊല്ലി കഴിയുമ്പോൾ 'കുറിയേലായിസോൻ' എന്ന പ്രതിവാക്യം ജനം ചൊല്ലുന്നു തുടർന്ന് പട്ടക്കാരൻ അതേ വിഷയത്തെപ്പറ്റിത്തന്നെ പരസ്യമായി ഒരു പ്രാർത്ഥന നടത്തുന്നു. ഇങ്ങനെ ആകെ പതിനെട്ട് പ്രാർത്ഥനകളുണ്ട്.

ഒന്നാമത്തെ തുബ്ദേനിൽ ജീവനോടിരിക്കുന്ന ആത്മീയ പിതാക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു, പ്രത്യേകിച്ച് അന്ത്യോഖ്യയിലെ മാർ ഇഗ്നാത്തിയോസ്, പൗരസ്ത്യ കാതോലിക്കാ ആയ മാർ ബസ്സേലിയോസ്, യേറുശലേമിലെ മാർ ഗ്രീഗോറിയോസ് അതാത് ഭദ്രാസന മെത്രാപ്പോലീത്തമാർ ആദിയയാവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. രണ്ടാമത്തെ തുബ്ദേനിൽ ജീവനോടിരിക്കുന്ന എല്ലാ വിശ്വാസികളേയും ഓർത്ത് പ്രാർത്ഥിക്കുന്നു. മൂന്നാമത്തേതിൽ സത്യവിശ്വാസികളായ ഭരണകർത്താക്കളെ ഓർക്കുന്നു.

നാല്, അഞ്ച്, ആറ് തുബ്ദേനുകൾ വാങ്ങിപ്പോയവരെ ഓർത്ത് പ്രാർത്ഥിക്കുന്നവയാണ്. ഇവയിൽ നാലാം തുബ്ദേനിൽ ദൈവമാതാവിനേയും, സകല വാങ്ങിപ്പോയ പരിശുദ്ധന്മാരെയും ശുദ്ധിമതികളേയും ഓർക്കുന്നു. നിബിയന്മാർ (Prophets), ശ്ലീഹന്മാർ, സഹദേന്മാർ (Martyrs), മൗദ്യാനന്മാർ (Confessors), യോഹന്നാൻ മാംദാന, സ്തേഫാനോസ് സഹദാ, പ. പത്രോസ് പൗലോസ് ശ്ലീഹന്മാർ തുടങ്ങിയവർ ഇതിൽ ഉൾപ്പെടും.

അഞ്ചാം തുബ്ദേനിൽ ഓർത്തഡോക്സ് വിശ്വാസത്തിന് അടിസ്ഥാനമിട്ട മൂന്ന സാർവത്രിക സുന്നഹദോസുകളേയും (നിഖ്യാ-എ.ഡി. 325, കുസ്തന്തീനോസ്പ്പോലീസ്-എ.ഡി. 381, എഫേസൂസ് എ.ഡി. 431) വിശ്വാസ സംരക്ഷണത്തിനായി അനവരതം യത്നിച്ച പ. പിതാക്കന്മാരെയും ഓർക്കുന്നു.

ആറാം തുബ്ദേനിൽ വി. മാമോദീസാ ഏറ്റ് തിരുശരീര രക്തങ്ങൾ അനുഭവിച്ച് നമ്മിൽ നിന്നും വാങ്ങിപ്പോയ വിശ്വാസികളായ സകല വാങ്ങിപ്പോയവരേയും ഓർക്കുന്നു. മാമോദീസായിൽ ക്രിസ്തിവിനോട് ചേർക്കപ്പെട്ട സകല മനുഷ്യരേയും ഉൾക്കൊണ്ടാണ് സഭ വി. ബലി അർപ്പിക്കുന്നത്. ജീവനുള്ളവരും വാങ്ങിപ്പോയവരും ഉൾപ്പെടുന്ന ഗണത്തിന്മേൽ ക്രിസ്തു കരുണ ചെയ്യുവാൻ നാം ഇവിടെ അപേക്ഷിക്കുന്നു. പരിശുദ്ധന്മാരുടേയും വിശ്വാസികളായ വാങ്ങിപ്പോയവരുടേയും സാന്നിദ്ധ്യത്തേയും അവരുമായുള്ള സംസർഗത്തേയും നാം അനുസ്മരിക്കുന്നത് വി. കുർബ്ബാനയിലെ മദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെയാണ്.

o

**പള്ളികൾ മനോഹരമാക്കൂ**

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ...
എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ
വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...

ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003

**എം.എ. കയർ ഹൗസ്**

ജീ-മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം

**മലങ്കരസഭ**


| | | |
|---|---|---|
| Back Page (Colour) | : | 25,000 |
| Front Inside (Colour) | : | 20,000 |
| Back Inside (Colour) | : | 20,000 |
| Inner Page (Colour) | | |
| Full " | : | 15,000 |
| Half " | : | 8,000 |
| Quarter " | : | 5,000 |
| Minimum (Colour) | : | 2,500 |
| Favours Block (Stamp Size) | : | 1000 |
| Full page (B&W) | : | 8000 |
| Half page (B&W) | : | 5000 |
| Quarter page (B&W) | : | 3000 |
| Matrimonial (Minimum) | : | 1000 |
| Minimum (B&W) | : | 1500 |

(A/c No. Malankara Sabha, SBI, Devalokam Branch, 57017053203 - IFSC Code: SBI N 0070820)

23

പുതിയ നിയമപഠനം

ഫാ. ഡോ. റജി മാത്യു
(ഓർത്തഡോക്സ് സെമിനാരി)



# യേശുവിന്റെ വിസ്താരം, മരണം, കബറടക്കം (മത്താ. 27:1–66)

**യേശു പീലാത്തോസിന്റെ മുമ്പിൽ വിസ്തരിക്കപ്പെടുന്നു**

മതപരമായ വിസ്താരങ്ങൾ കഴിഞ്ഞു യേശുവിനെ കൊണ്ടുപോയത് യഹൂദ്യയിലെ രാഷ്ട്രീയ അധികാരിയായ ഗവർണർ പീലാത്തോസിന്റെ അടുക്കലേക്കാണ്. തിബര്യോസ് കൈസറുടെ കീഴിൽ പ്രിഫക്റ്റായി സേവനമനുഷ്ഠിച്ച പീലാത്തോസ് ഇതിനകം തന്നെ യഹൂദന്മാരുടെ ശത്രുതയ്ക്ക് പാത്രമായിരുന്നു. യേശുവിനെ വിസ്തരിക്കുവാൻ കൊണ്ടുവന്നവർ കയ്യാഫാവിന്റെ അടുക്കൽ യേശുവിനെപ്പറ്റി മതപരമായ കുറ്റങ്ങൾ ആരോപിച്ചെങ്കിൽ അവർ രാഷ്ട്രീയമായ ആരോപണങ്ങളാണ് പീലാത്തോസിനെ അറിയിച്ചത്: (1) യേശു യഹൂദന്മാരുടെ രാജാവ്' എന്ന് അവകാശപ്പെടുന്നു; രാജ്യത്ത് ഭരണപരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു (2) യേശു ജനങ്ങളെ കലഹിപ്പിക്കുന്നു; (3) യേശു കൈസർക്കു കരം കൊടുക്കുന്നതിനെതിരാണ്. രാജ്യത്തിൽ സമാധാനം നിലനിർത്തുവാൻ ചുമതലപ്പെട്ടയാൾ എന്നനിലയിൽ പീലാത്തോസ് ഇക്കാര്യങ്ങൾ യേശുവിന്റെ അടുക്കൽ നിന്നുതന്നെ ഗ്രഹിക്കുവാൻ ശ്രമിച്ചെങ്കിലും യേശുവിന്റെ പെരുമാറ്റവും മറുപടികളും പീലാത്തോസിന് തൃപ്തികരമായിരുന്നു. അതിനാൽത്തന്നെ യേശുവിനെ കൊലപ്പെടുത്തുവാനുള്ള കാരണം പീലാത്തോസിന് വ്യക്തമായിരുന്നില്ല. എന്നാൽ സ്വതവെ യഹൂദരുടെ ശത്രുത നേടിയ പിലാത്തോസ് അവരുടെ പ്രീതി പിടിച്ചുപറ്റാൻ ലഭിച്ച അവസരമായി ഇതിനെ കരുതി യേശുവിനെ കൊല്ലുവാൻ മനസ്സില്ലാമനസ്സോടെ വിധിയെഴുതുകയായിരുന്നു. യേശുവിനെ വെറുതെ വിടുവാൻ മനസ്സുണ്ടായിരുന്ന പീലാത്തോസ് പ്രധാന പുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും പ്രേരണയ്ക്കുവഴങ്ങിയ ജനക്കൂട്ടം നസ്രായനായ യേശുവിനെ തന്നെ കൊല്ലണമെന്ന് ആക്രോശിച്ചപ്പോൾ നിസ്സഹായനായി അവരുടെ ആവശ്യം അനുവദിച്ചു. പെസഹാ പെരുന്നാളിനോടനുബന്ധിച്ച് കുപ്രസിദ്ധ കുറ്റവാളിയായിരുന്ന ബറാബ്ബാസ് അങ്ങനെ ജയിൽ വിമോചിതനാകുകയും ചെയ്തു. പീലാത്തോസിന്റെ നിഷ്ക്കളങ്കത വ്യക്തമാക്കുന്നതാണ് കൈകഴുകൽ. സ്വയം തീരുമാനമെടുക്കുവാൻ ധൈര്യമില്ലാത്ത ഭരണാധികാരിയായി പുതിയ നിയമ സുവിശേഷകർ അദ്ദേഹത്തെ ചീത്രീകരിക്കുന്നെങ്കിൽ അപ്പോക്രിഫൽ ഗ്രന്ഥങ്ങളിൽ പീലാത്തോസിനെ ഒരു നല്ല കഥാപാത്രമായിട്ടാണ് നാം കാണുന്നത്.

**ഇസ്കര്യോത്താ യൂദായുടെ മരണം**

കൊര്യോത്തുകാരനായ സൈമൺ ഇസ്കര്യോത്തിന്റെ മകനായ ഇസ്കര്യോത്താ യൂദാ (യോഹ. 6:71) മറ്റു ശിഷ്യന്മാരെപ്പോലെ തന്നെ ദൈവരാജ്യ സ്വപ്നങ്ങളുമായി മശിഹായായ യേശുവിനെ അനുഗമിച്ചയാളും ശിഷ്യന്മാരുടെ സംഘത്തിലെ മുതൽപിടിക്കാരനുമായിരുന്നു (യോഹ. 12:5–6). താൻ പ്രതീക്ഷിച്ച തരത്തിൽ യേശു പ്രവർത്തിക്കുന്നില്ലായെന്നു കണ്ട് നിരാശപ്പെട്ടതിനാലാണ് യൂദാ യേശുവിനെ ഒരു സമ്മർദ്ദതന്ത്രമെന്നനിലയിൽ ഒറ്റിക്കൊടുത്തത് എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. മരണം മുഖാമുഖമായി കാണുമ്പോഴെങ്കിലും യേശു തന്റെ യഥാർത്ഥ സ്വഭാവം വ്യക്തമാക്കി താൻ സ്വപ്നം കണ്ട മശിഹായുടെ ശക്തിയോടെ ശത്രുക്കളെയില്ലാതെയാക്കും എന്ന് യൂദാ പ്രതീക്ഷിച്ചത്രെ. ഏതായിരുന്നാലും യേശു യഹൂദരുടെ കയ്യിൽ അകപ്പെട്ടപ്പോൾ ദു:ഖിതനായ യൂദാ ആത്മഹത്യയുടെ മാർഗ്ഗം സ്വീകരിച്ചു (മത്താ. 27:5). അപ്പോസ്തോല പ്രവർത്തികളിൽ യൂദാ ഉയർന്ന ഒരു സ്ഥലത്തുനിന്നും താഴെവീണ് മരിച്ചതായിട്ടാണ് ചിത്രീകരിക്കുന്നുണ്ട് (അപ്പോ. പ്ര. 1:18).

**യേശുവിന്റെ കുരിശു മരണവും കബറടക്കവും**

ചുവപ്പുകുപ്പായം ധരിപ്പിച്ച്, മുൾകിരീടം അണിയിച്ച്, ഒരു ചെങ്കോലും നൽകി യേശുവിനെ അപഹസിച്ച് കുരിശിന്റെ വഴിയെ കൊണ്ടുപോകുന്നത് ഒന്നാം സുവിശേഷകൻ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്. യേശുവിന്റെ കുരിശിൽ "യഹൂദന്മാരുടെ രാജാവ്" എന്നുതന്നെയാണ് തലക്കെട്ടു നൽകിയിരുന്നത്. "ഏലോയി, ഏലോയി, ലമ്മാശബത്താനി" എന്നത് 22-ാം സങ്കീർത്തനത്തിലെ ഒന്നാം വാക്യമാണ്. കുരിശിൽ കിടന്ന യേശു സങ്കീർത്തനങ്ങൾ ആലപിച്ചുകൊണ്ടിരുന്നതിൽ ഈ വാക്യം ഉച്ചത്തിലുള്ളതായതിനാൽ ശ്രോതാക്കളുടെ ശ്രദ്ധയാകർഷിച്ചു. യഹൂദമതത്തിന്റെ നേതൃത്വനിരയിലുള്ള പ്രധാന പുരോഹിതന്മാരും, മൂപ്പന്മാരും, ന്യായാധിപന്മാരും എല്ലാം യേശുവിനെ പരിഹസിക്കുന്നതിൽ പങ്കുകൊണ്ടു. എന്നാൽ പ്രകൃതിയിൽ വന്ന മാറ്റങ്ങൾ മത്തായി ശ്ലീഹാ പ്രത്യേകം എടുത്തുപറയുന്നുണ്ട്; ആറാം മണി മുതൽ ഒമ്പതാം മണിവരെയുണ്ടായ അന്ധകാരവും, ഭൂമികുലുക്കവുമെല്ലാം അദ്ദേഹം രേഖപ്പെടുത്തുന്നു. യറുശലേം ദേവാലയത്തിലെ അതിവിശുദ്ധ സ്ഥലത്തെ തിരശ്ശീല കീറിപ്പോകുന്നതും ഈ സുവിശേഷത്തിൽ നാം വായിക്കുന്നു. കല്ലറകൾ തുറക്കപ്പെട്ട് മരിച്ചവരുടെ ആത്മാക്കൾ ഉയിർത്ത് യേശുവിന്റെ പുനരുത്ഥാനശേഷം യറുശലേമിൽ പലർക്കും പ്രത്യക്ഷപ്പെട്ടതും പ്രത്യേകം എടുത്തുപറയുന്നുണ്ട്. വിജാതീയനായ ശതാധിപൻപോലും "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" എന്ന് വിളിച്ചു പറയുവാൻ പോരുന്നതായിരുന്നു അന്നവിടെ നടന്ന സംഭവങ്ങൾ.

ധനികനായ അരിമത്യക്കാരൻ യൗസേഫ് യേശുവിന്റെ മൃതശരീരം പീലാത്തോസിനോടു ഏറ്റുവാങ്ങി യഹൂദമതാചാര പ്രകാരം സംസ്കരിച്ചതും മദ്ഗലനമറിയാമും മറ്റു ചില സ്ത്രീകളും ഇക്കാര്യങ്ങൾക്കെല്ലാം സാക്ഷികളായതും നാം വായിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ അരിമത്യക്കാരനായ യൗസേഫിനോടൊപ്പം നിക്കോദിമോസിനെയും നാം കാണുന്നുണ്ട്. പ്രധാന പുരോഹിതന്മാരും പരീശന്മാരും പ്രത്യേകം ആവശ്യപ്പെട്ടതിനാൽ കല്ലറയിൽ അമിത സുരക്ഷ ഏർപ്പെടുത്തിയതും ഒന്നാം സുവിശേഷത്തിൽ നാം വായിക്കുന്നു.

തുടരും...

# പഴയനിയമ പഠനം–24

ഫാ. കെ.വി. ഏലിയാസ്
(ഓർത്തഡോക്സ് സെമിനാരി)

## മലാഖി പ്രവചനം

ക്രിസ്ത്യാനികളെ സംബന്ധിച്ച് പുതിയ നിയമത്തിലേക്കുള്ള പ്രവേശികയാണ് മലാഖി പ്രവചനം. അതുകൊണ്ട് തെർത്തുല്യൻ എന്ന സഭാപിതാവ് പറയുന്നു Malachi is "the skirt and boundary of Christianity". എന്നാൽ യഹൂദ ജനതയെ സംബന്ധിച്ച് ഇത് പ്രവചന ഗ്രന്ഥങ്ങളുടെ സമാപനം കുറിക്കുന്ന പു സ്തകമാണ് (Seal of the Prophets). നാല് അദ്ധ്യായങ്ങളും ആകെ 55 വാക്യങ്ങളും മാത്രമുൾക്കൊള്ളുന്ന ഒരു പുസ്തകം. ന്യായവിധിയും രക്ഷയും ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയമാണ്. യിസ്രായേലിനോടാണ് ഈ പ്രവചനം സംസാരിക്കുന്നത് (1:1). ഈ പ്രവചനങ്ങൾ യിസ്രായേൽ ജനതയെ പൊതുവായും യരുശലേം ദേവാലയത്തിലെ പുരോഹിതന്മാരെ പ്രത്യേകമായും സംബോധന ചെയ്യുന്നു (1:6, 2:1) ന്യായപ്രമാണത്തോടുള്ള വിശ്വസ്തത, ദൈവത്തിന്റെ ഉടമ്പടിയും പ്രബോധനങ്ങളും പാലിക്കുവാനുള്ള ആഹ്വാനം എന്നിവയാണ് പ്രധാന വിഷയം. ഈ അടിസ്ഥാനത്തിൽ ആരാധനയെ കളങ്കിതമാക്കുന്ന പുരോഹിതരെ ശാസിക്കുകയും (1:6–2:9), ജനത്തിന്റെ അവിശ്വസ്തതയെ കുറ്റപ്പെടുത്തുകയും (2:10–16) ചെയ്യുന്നു. അനുസരിക്കുന്നവർക്കുള്ള അനുഗ്രഹത്തെക്കുറിച്ചും വാഗ്ദാനമുണ്ട് (3:10–12, 16–17; 4:2–3).

ഗ്രന്ഥകാരൻ ആരെന്നത് ഒരു സമസ്യയാണ്. മലാഖി ഒരു വ്യക്തി ആണെന്ന് ചിന്തിക്കുന്ന പണ്ഡിതരുണ്ട്. എന്നാൽ 3:1 ലെ പരാമർശത്തെ സൂചിപ്പിച്ചുകൊണ്ട് 'എന്റെ ദൂതൻ' എന്ന പ്രയോഗം ഇത് പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു ഭക്തൻ എന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഈ ദൂതൻ 'എസ്രാ ന്യായശാസ്ത്രി' യാണെന്ന് എസ്രാ-നെഹമ്യാ പുസ്തകങ്ങളും ഈ പ്രവചന ഗ്രന്ഥവും തമ്മിലുള്ള ആശയസാമ്യം പരിഗണിച്ച് അഭിപ്രായപ്പെടുന്നവരുണ്ട്. (യാഗവസ്തുക്കളെ സംബന്ധിച്ച് 1:6–14 താ. നെഹ. 10:32–39 ദശാംശം (3:8–12 താ. 10:37–39, 13:10–14). വിവാഹം/സാമൂഹ്യ ജീവിതം (2:10–12 താ. എസ്രാ. 9–10; നെഹെ. 11:23–27) ബലഹീനരെ ചൂഷണം ചെയ്യുന്നത് (3:5 താ. നെഹെ. 5:1)). എസ്ഥേറിന്റെ പുസ്തകത്തിൽ പരാമർശിതനായ 'മൊർദ്ദേഖായി' ആണ് 'എന്റെ ദൂതൻ' ആയ ഗ്രന്ഥകർത്താവ് എന്ന് ചിന്തിക്കുന്നവരുമുണ്ട്. ന്യായ. 2:1ൽ 'യഹോവയുടെ ദൂതൻ ഗിൽഗാലിൽ നിന്ന് ബേഥേലിലേയ്ക്കു വന്ന് 'സന്ദേശം നൽകിയതായി കാണുന്നു. അതുകൊണ്ട് ഈ സന്ദേശം ഏതെങ്കിലും മനുഷ്യനിലൂടെയല്ല, മാലാഖയാൽ നൽകപ്പെട്ടത് എന്നവാദമുണ്ട്. മലാഖി ഒരു വ്യക്തിയായിരുന്നു. അദ്ദേഹം സുനഗോഗിലെ ഒരു പ്രധാന ചുമതലക്കാരനായിരുന്നു എന്ന് തൽമൂദ് പരാമർശമുണ്ട്.

വിശേഷിച്ച് ചരിത്രപരാമർശമൊന്നുമില്ലാത്ത ഒരു പുസ്തകമാണിത്. പ്രത്യേകമായി ഏതെങ്കിലും വ്യക്തികളോ ചരിത്രസംഭവങ്ങളോ ഇതിലില്ല. എന്നാൽ മുൻസൂചിപ്പിച്ച എസ്രാ-നെഹെമ്യാ ആശയപൊരുത്തം ഇത് പ്രവാസാനന്തര രചനയാണെന്ന പൊതുധാരണയാണു നൽകുന്നത്. രാജഭരണകാലമല്ലെന്ന് 1:8 ൽ നിന്ന് അനുമാനിക്കാം. എദോമിന്റെ നാശത്തേക്കുറിച്ചുള്ള പരാമർശവും (1:2,5) കാലസൂചന നൽകുന്നുണ്ട്. യിസ്രായേലിൽ/യഹൂദായിൽ ദേശാധിപതിമാർ നിയമിതരാകുന്നത് പാർസി രാജാക്കന്മാരുടെ കാലം മുതലാണ്. എദോമിനെ ശൂന്യമാക്കുന്നതും പാർസികാലത്ത്. പാർസി രാജാവായ കോരെശ് യഹൂദന്മാർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ടല്ലോ (339 ക്രി.മു) ദാര്യാവേശ് II ന്റെ കാലത്ത് (ക്രി.മു.515) യരുശലേമിൽ ദേവാലയം പുനഃസ്ഥാപിക്കപ്പെട്ടു. ദേവാലയവും അവിടത്തെ യാഗം, ദശാംശ സമർപ്പണം എന്നിവയും ഈ പ്രവചന പുസ്തകത്തിലെ മുഖ്യവിഷയമാണ്. എന്നാലവയിലെ മലിനത (Corruption) യെ രൂക്ഷമായി വിമർശിക്കുന്നുമുണ്ട്. അതുകൊണ്ട് രണ്ടാം ദേവാലയത്തിന്റെ നിർമ്മാണാനന്തരം, എന്നാൽ എസ്രാ-നെഹെമ്യാ കാലത്തിനുമുമ്പ് (450–430) ഈ പുസ്തകം രചിക്കപ്പെട്ടു എന്ന് ചിന്തിക്കാം. അതായത് ക്രി. മു. 500–450 കാലഘട്ടം. മലാഖി തുടങ്ങിവച്ച ആരാധനാ-കുടുംബ ശുദ്ധീകരണം എസ്രാ പൂർത്തീകരിച്ചു എന്ന ചിന്തയും വേദപണ്ഡിതരിൽ ചിലർക്കുണ്ട്.

ഒരു പുതിയ പ്രവചനശൈലി രൂപപ്പെടുന്നതായി ഈ പുസ്തകം വ്യക്തമാക്കുന്നുണ്ട്. എന്നാൽ അത് പൂർണ്ണത പ്രാപിച്ച് പൊതു സ്വീകാര്യമായ ശൈലിയായി മാറിയെന്നു കരുതാനാവില്ല. എന്തെന്നാൽ എബ്രായ കാനോൻ പ്രകാരം പ്രവചനം മലാഖിയിൽ അവസാനിക്കുകയാണ്. ഈ പുതിയ രീതി സംവാദ-സംഭാഷണ ശൈലിയും വാദ–പ്രതിവാദ, ചോദ്യോത്തര ശൈലികളും ഇഴചേർന്നുള്ള ഒന്നാണ്. മലാഖിക്കുമുമ്പുള്ള പ്രവാചകർക്ക് ഈ രീതി അത്രവശമായിരുന്നില്ലെന്ന് സുവ്യക്തം.

ഏകവാചകത്തിലുള്ള തലക്കുറിയും (1:1) മൂന്നുവാക്യങ്ങളിലുള്ള ഉപസംഹാരവും (4:4–6) കൂടാതെയുള്ള ഭാഗങ്ങളെ ആറായി തിരിക്കാവുന്നതാണ്. വ്യത്യസ്ത പരിമാണത്തിലുള്ള ഈ ഭാഗങ്ങൾക്ക് ഒരു പൊതുഘടന കാണാനാകും. (1) ചോദ്യങ്ങളിലൂടെയോ പ്രസ്താവനയായോ ഉള്ള ഒരാമുഖം, അതിനോടുള്ള പ്രതികരണം. തുടർന്ന് ഒരു പ്രതീക്ഷയും അവയുടെ വിപുലീകരണവും. ആകെയുള്ള വാക്യങ്ങളിൽ പകുതിയോളം ചോദ്യങ്ങളാണ് (22/55) എന്നത് ഈ പുസ്തകത്തിന്റെ പ്രത്യേകതയാണ്. ശക്തമായ സ്വാധീന സാധ്യമായ (rhetoric) ചോദ്യങ്ങളും (1:3, 2:10, 3:8) ആരോപണങ്ങളും (1:6,8, 2:17) 'ഏതിനാൽ' എന്ന് ദൈവത്തോട് നേരിൽ സംവദിക്കുന്ന ചോദ്യങ്ങളും (1:2,6,7; 2:17, 3:7,8,13) ഉൾക്കൊള്ളുന്നതാണ് ഈ ചോദ്യങ്ങളെല്ലാം തന്നെ.



## ഹാശാദിന ചിന്തകൾ

# ഒലീവ് ചില്ലകൾ ഓശാനാ സ്തുതിയൊരുക്കുമ്പോൾ...

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ

യരുശലേമിനെ ചൂഴ്ന്ന നിൽക്കുന്ന മലനിരകളിൽ ഒലീവ് മല ഒരു സാക്ഷ്യഗീതം തന്നെ! 'പർവ്വതങ്ങൾ യരുശലേമിനെ ചുറ്റിയിരിക്കുന്നു. യഹോവ ഇന്ന് മുതൽ എന്നേക്കും തന്റെ ജനത്തെ ചുറ്റിയിരിക്കുമെന്ന' സങ്കീർത്തനഭാഗം ഒലീവ് മലയെ ഓർമ്മിപ്പിക്കുന്നതാണ്. യേശുവിനേറെ ഇഷ്ടമുള്ള ഒരു വിശ്രമയിടമാണ് പാളയത്തിന് പുറത്തുള്ള ഈ മല. നഗരനിരപ്പിൽ നിന്ന് 300 അടിയോളം ഉയരത്തിലാണിത്. യരിഹോയിൽ നിന്നും, ഗലീലായിൽ നിന്നും യരുശലേം ദേവാലയത്തിലേക്ക് വരുമ്പോൾ ആദ്യമായി ആലയം കാണുക ഇവിടെ വെച്ചായിരിക്കും. പെസഹാ പെരുന്നാളിനെത്തുന്നവർ തമ്പടിക്കുന്നതും ഇവിടെയാണ്. ഓശാന സ്തുതിപ്പുകളിൽ മനസ്സിലുണ്ടാവേണ്ട ചില ധ്യാനപ്രമേയങ്ങൾ കുറിക്കുന്നു.

പെസഹാപെരുന്നാൾ കാലത്ത് യരുശലേമിൽ തമ്പടിക്കുന്ന പതിനായിരങ്ങൾ അന്തിയുറങ്ങുന്നതും, വിശ്രമിക്കുന്നതും ബെഥാന്യയിലും ഒലീവ് മലയിലും ഒക്കെയായിരുന്നു. പരി. പിതാക്കന്മാരുടെ ആലങ്കാരിക വേദഭാഷ്യത്തിൽ ഒലീവ് മല സ്വർഗ്ഗത്തോടും ബേത്ഫാഗെ ലോകത്തോടും സദൃശ്യപ്പെടുത്തുന്നുണ്ട്. രണ്ട് ശ്ലീഹന്മാർ ദൈവത്തോട് ലോകത്തെ നിരപ്പിപ്പാൻ നിയോഗിതരായ പ്രവചനവും, അപ്പോസ്തോലത്വവും ആയിരുന്നു. പെൺകഴുത ഇസ്രായേലിനെയും, കഴുതകുട്ടി പുറജാതികളെയും ഉപമിക്കുന്നതാണ്. പാപപാശങ്ങളാൽ കെട്ടപ്പെട്ട ലോകത്തെ അന്യായമായ ബന്ധത്തിന്റെ ചരടിൽ നിന്ന് വിമോചിപ്പിക്കുന്നത് കഴുതകുട്ടിയെ അഴിക്കുന്നതിലൂടെ ദൃശ്യമായി. ഒലീവ് കൊമ്പുകൾക്ക് മാറിപോകാത്ത ഹരിതവർണ്ണമാണല്ലോ. ദൈവത്തിന്റെ കരുണകളെ ഘോഷിപ്പാനും നിലക്കാത്ത നിത്യസ്തുതി സമർപ്പിപ്പാനും അത് യോഗ്യമാകുന്നത് അങ്ങിനെയാണ്. ബെത്ഫാഗായിൽ നിന്ന് യേശു കഴുതപ്പുറത്ത് കയറി ദൈവാലയത്തിലേക്ക് വന്നപ്പോൾ അവനെ ആർത്ത് വിളിച്ച് സ്വീകരിച്ചത് പതിവ്പോലെ പെരുന്നാളിനെത്തിയ ഗലീലാക്കാരായിരുന്നു. യേശു നാഥന്റെ മനുഷ്യവതാരപ്രവർത്തനത്തിന്റെ അവസാനഭാഗങ്ങളെ അത് അർത്ഥപൂരിതമാക്കുന്നു. പിതാവാം ദൈവത്തോടുള്ള പ്രതിബദ്ധത പുത്രനെ ദൈവാലയശുദ്ധീകരണത്തിന് നിർബന്ധിതനാക്കുമെങ്കിൽ ദൈവാലയമാകുന്ന നമ്മുടെ വ്യക്തിജീവിതത്തെ ശുദ്ധീകരിപ്പാൻ നാം വേദനയൊടെയെങ്കിലും നാം ശകതരാകേണ്ടതാണ്.

**1. സത്യവിശ്വാസത്തിന്റെ പ്രതീകമായ ഹോശന്നയിടങ്ങൾ**

'ഒലീവ് മലയുടെ ഭൂമികയുമായി യേശുവിന്റെ മഹത്തായ പ്രവർത്തന തലങ്ങൾ എന്നും ബന്ധപ്പെട്ടിരുന്നു. യരുശലേമിലേക്കുള്ള പ്രവേശനം മിശിഹായുടെ വരവിന്റെ വിളംബരമായിരുന്നു ചരിത്രത്തിലെങ്കിൽ അതിനെ സ്വീകരിക്കുന്ന വർത്തമാനകാല മുഹൂർത്തമാണ് ഓശാനപെരുന്നാൾ. നിലച്ച് പോകാത്ത സ്തുതിഗീതത്താൽ നാം തമ്പുരാനെ സ്വീകരിക്കുവാനും അവനെ ലളിതജീവിതത്തിലൂടെ അനുഗമിക്കാവാനും സധിക്കണം.

2. ഒലീവ് ശാഖകൾ അനശ്വരതയുടെ പ്രതീകമായിരുന്നു. മര

ശേഷം 22-ാം പേജിൽ...

ദൈവമായ കർത്താവേ
ഞങ്ങൾക്കുവേണ്ടിയുള്ള
നിന്റെ കഷ്ടാനുഭവത്തിൽ
ഞങ്ങൾ കഷ്ടപ്പെടുവാനും
ഞങ്ങൾക്കുവേണ്ടിയുള്ള
നിന്റെ താഴാഴ്മയിൽ
സദൃശ്യപ്പെടുവാനും
ഞങ്ങൾക്കുവേണ്ടിയുള്ള
നിന്റെ കുരിശാരോഹണത്തിൽ
പ്രശംസിപ്പാനും
ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള
നിന്റെ മുറിവുകളാൽ
സൗഖ്യം പ്രാപിപ്പാനും
ഞങ്ങളുടെ മരണത്തെ
ജീവിപ്പിക്കുന്നതായ
നിന്റെ മരണത്താൽ
ജീവിപ്പാനും
ഞങ്ങളെ യോഗ്യരാക്കണമേ.

# ഹാശാ തിങ്കൾ

ഫാ. ബഞ്ചമിൻ ഒ.ഐ.സി.




ദൈവത്തിൽ നിന്ന് അകന്ന് പോയ മനുഷ്യകുലത്തെ ദൈവീകരാക്കി തീർക്കുക എന്ന രക്ഷണ്യദൗത്യത്തോടെ മനുഷ്യാവതാരം എടുത്ത യേശുവിന്റെ കഷ്ടാനുഭവത്തിൽ പങ്ക് ചേരുന്നവരായ നമുക്ക് യേശുവിന്റെ ക്രൂശിന്റെ അവകാശിയാകാം എന്നതാണ് ഇന്നത്തെ നമ്മുടെ ചിന്തയും മനനവും.

വി.മത്തായി 22:1-14-സ്വർഗ്ഗത്തിലേക്കുള്ള ക്ഷണം/ യാതൊരുവിധ മാനദണ്ഡങ്ങളോ മുൻവിധികളോ, ഉപാധികളോ, പ്രതിഫലമോ, ഉഭയ താല്പര്യങ്ങളോ നോക്കാതെ കല്യാണത്തിന് ക്ഷണിക്കുകയും സമയം ആയപ്പോൾ വീണ്ടും വിളിച്ച് വിരുന്ന് ശാലയിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്യുവാൻ മനസ്സുള്ള രാജാവാണ് ദൈവം.

സ്വർഗ്ഗീയ ജീവിതത്തിലേക്കുള്ള ക്ഷണം ഈ വിധത്തിലാണ്. ഇതിൽ ആരുടേയും ഭാഷയോ, നിറമോ ആദിയായ ഒരു വ്യത്യാസങ്ങളും പരിണാർഹമല്ല. എന്നാൽ ഈ ഉപമയിൽ കാണുന്നതുപോലെ ചിലർ തങ്ങളുടെ വ്യക്തി താൽപര്യങ്ങൾക്കും, സ്വാർത്ഥ ലാഭങ്ങൾക്കും വേണ്ടി ഈ ക്ഷണം നിഷേധിക്കുകയും, പുറംതിരിഞ്ഞു കളയുകയും ചെയ്യുന്നു. അതായത് ഉപാധികളില്ലാത്തവനായ ദൈവം പ്രവാചകന്മാരെയും ഉപദേശകരേയും വീണ്ടും വീണ്ടും തന്റെ ജനത്തിന്റെ മുമ്പാകെ അയയ്ക്കുകയാണ്. അവരിൽ ചിലരെ നിഷേധിച്ച് പരിഹസിച്ച് തിരിച്ചയച്ചു. ചിലരെ പിടിച്ചു കൊന്നുകളഞ്ഞു. വിരുന്നിലേക്കുള്ള പ്രവേശനം സ്വയം നിഷേധിച്ച് അയോഗ്യരായവർക്ക് പകരം വഴിതലയ്ക്കൽ കണ്ടവരെ വിരുന്നു ശാലയിലേക്ക് പ്രവേശിപ്പിക്കുകയാണ്.

ക്രിസ്ത്യാനികൾ എന്ന് ഊറ്റം കൊള്ളുമ്പോഴും വിരുന്നു ശാലയിലേക്കുള്ള പ്രവേശനം നിരസിക്കുന്ന നമ്മൾ പലപ്പോഴും വാതിൽ കൊട്ടി അടയ്ക്കുന്നവരാണ്. നമ്മുടെ ചിന്തകൾ, കൂട്ടുകെട്ടുകൾ, സൗഹൃദങ്ങൾ, പ്രവർത്തനങ്ങൾ എല്ലാം ആ വിധത്തിൽ ക്രിസ്തുവിൽ നിന്നും നമ്മളെ അകറ്റുന്നതും സ്വർഗ്ഗീയ വിരുന്നിൽ നിന്ന് അയോഗ്യരാക്കുന്നതുമാണ്.

വഴിയരികിൽ കണ്ടവർക്ക് പ്രവേശനനുമതി ലഭിച്ചു. പക്ഷെ ഒരുവൻ അവിടെ നിന്നും പുറത്താക്കപ്പെട്ടു, കാരണം വിരുന്നിൽ സംബന്ധിക്കുന്നവർക്കുള്ള വിശേഷ വസ്ത്രം ഉണ്ടായിരുന്നില്ല. എനിക്ക് ഇതൊന്നും ഏതുമല്ല എന്നുള്ള മനോഭാവമാണ് ഇവിടെ കാണുന്നത്. അതായത് മറ്റുള്ള എല്ലാവരും അനുവർത്തിക്കുന്നതും, പിൻപറ്റുന്നതുമായ രീതികൾ, ശീലങ്ങൾ, അവയെ വിട്ടുനിൽക്കുന്ന സമ്പ്രദായം. തെറ്റിനെ ചോദ്യം ചെയ്യണം, പ്രതികരണശേഷി നഷ്ടമായവരായി തീരരുത്. എന്നാൽ നിലനിൽക്കുന്നതും അനുവർത്തിച്ചു വരുന്നതുമായ സമ്പ്രദായങ്ങൾ പാടെ ഉപേക്ഷിച്ചാൽ അടിസ്ഥാനം ഇളകും, പുറന്തള്ളപ്പെടും.

വി.മത്തായി 22:12 - 'സ്നേഹിതാ നീ വിവാഹ വസ്ത്രം ഇല്ലാതെ ഇവിടെ അകത്തു വന്നതെങ്ങിനെ?' ഈ ചോദ്യത്തിന് മുമ്പിൽ മറുപടി ഇല്ലാതെ വാക്കുമുട്ടിയവൻ വിരുന്നു ശാലയിൽ നിന്ന് പുറത്തേക്ക് മാറ്റപ്പെടുകയാണ്. കല്യാണ വസ്ത്രം - അതാണ് കല്യാണ വിരുന്നിലേക്കുള്ള ഒരുക്കം. ആയിരുന്ന വസ്ത്രം മാറി പുതിയ വസ്ത്രം ധരിച്ച് എത്തുന്ന അവസ്ഥ. മുഷിഞ്ഞവ മാറി പുതിയവ ധരിക്കുക. മണവാള വേഷം എന്നൊരു പ്രയോഗം തന്നെയുണ്ട്. ഉള്ളതിൽ കൊള്ളാവുന്ന വസ്ത്രം ധരിക്കുക എന്ന് സാരം.

ഇന്ന് പലപ്പോഴും കണ്ടുവരുന്നതുപോലെ ഓരോ വിരുന്നിനും ഓരോ വസ്ത്രം വാങ്ങണം എന്നുള്ളതല്ല ഇത് അർത്ഥമാക്കുന്നത്. അത് ധൂർത്തിന്റേയും അനാരോഗ്യകരമായ സാമ്പത്തിക ശൈലിയുടേയും ലക്ഷണമാണ്. ആയിരുന്ന ജീവിത ശൈലിയും രീതിയും തിരിച്ചറിഞ്ഞ് അവയിൽ നിന്ന് ഉപേക്ഷിക്കേണ്ടതും, സ്വർഗ്ഗത്തിന് അനിഷ്ടമായതും മാറ്റി നിർത്തി, സ്വർഗ്ഗം സന്തോഷിക്കും വിധത്തിൽ ജീവിതത്തെ വേർത്തിരിക്കുമ്പോൾ ജീവിതം ശ്രേഷ്ഠമാകും. അതിന്റെ പടവുകളാണ് അനുതാപവും, സൽപ്രവർത്തിയും, ദാനധർമ്മവും.

Repentance + Virtue + Charity = Gracious Life

അനുതാപം - തുല്ല്യമാകുന്ന അവസ്ഥ - സന്തുലിതാവസ്ഥ, പാപമില്ലാത്ത അവസ്ഥ, വീഴ്ചകൾ തെറ്റുകൾ തിരുത്തുന്ന അവസ്ഥ എന്നെല്ലാം ഇതിനെ വ്യാഖ്യാനിക്കാം. ചുരുക്കത്തിൽ ഓരോ വ്യക്തിയും അവനിലേക്ക് തന്നെ നോക്കി അവന്റെ അസ്ഥിത്വത്തെ തിരിച്ചറിയുകയും വീണ്ടെടുക്കുകയും ചെയ്യുക. ക്രൈസ്തവ വിശ്വാസജീവിതത്തിൽ ഇവിടെയാണ് കുമ്പസാരം എന്ന വിശുദ്ധ കൂദാശയുടെ പ്രാധാന്യം. - തന്നിലേക്ക് തിരിഞ്ഞുനോക്കി - കഴിഞ്ഞകാല ജീവിതത്തിന്റെ വീഴ്ചകളും കുറവുകളും ഏറ്റുപറഞ്ഞ് പുതുക്കത്തിന്റെ അനുഭവത്തിലേക്ക് നയിക്കുന്നതാകട്ടെ നോമ്പിന്റെ സമ്പാദ്യം.

സൽപ്രവർത്തി - ഉത്തമമായ പ്രവർത്തി, കരുണയുടേയും കരുതലിന്റെയും പ്രവർത്തി, പരോപകാരപ്രദമായ പ്രവർത്തി എന്നെല്ലാം ഇതിനെ വിശേഷിപ്പിക്കാം. എന്റെ എല്ലാ കാര്യങ്ങളും കഴിഞ്ഞ ശേഷം മറ്റൊരാളിന് വേണ്ടി എന്തെങ്കിലും ചെയ്യാം എന്ന് കരുതിയാൽ ഒരുപക്ഷേ സാധിച്ചു എന്നു വരികയില്ല. എന്നാൽ എന്നെപോലെ ആണല്ലോ

ആ വ്യക്തിയും, അവന്റെ ആഗ്രഹവും എന്നു കരുതുവാനുള്ള മനസ്സും മാനസിക വളർച്ചയുമാണ് നമുക്ക് ആവശ്യം. നോമ്പ് അതിന് നമ്മെ പ്രാപ്തമാക്കട്ടെ.

ദാനധർമ്മം - ദാനധർമ്മവും സൽപ്രവർത്തിയും വേർതിരിച്ച് കാണിക്കുവാനോ ഇഴകീറി വിശദീകരിക്കുവാനോ സാധ്യമാകില്ല. മറ്റൊരാൾക്ക് നൽകുന്നത് ദൈവീകമായി കരുതി പ്രതിഫലം പ്രതീക്ഷിക്കാതെ, നിന്റെ വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുത് എന്നുള്ള കർത്തൃ ഉപദേശം പോലെ പ്രവർത്തിക്കണം. പകരം ചെറിയ കാര്യങ്ങൾ പോലും വലിയതോതിൽ പരസ്യപ്പെടുത്തുന്ന ഇന്നിന്റെ പ്രവണതയുടെ പിറകെ പോകാതിരിക്കുക. ആയതിനുള്ള പക്വത ആർജ്ജിക്കുന്നതായിരിക്കണം നോമ്പിന്റെ നീക്കിയിരിപ്പ്.

ദൈവിക ക്ഷണത്തെ നിസ്സാരമായി കരുതുന്ന ജനം, ലഭ്യതയുടെ മാഹാത്മ്യത്തെ തിരിച്ചറിയാത്ത മൂഢജനം. അവകാശി അവകാശം നിരാകരിക്കുമ്പോൾ പുറത്തുള്ളവർ അവ സ്വന്തമാക്കും പിന്നീട് അവകാശവാദങ്ങൾക്ക് സ്ഥാനമില്ല - ന്യായം ഇല്ല.

ദുഷ്ടരും ശിഷ്ടരും എന്നൊരു പ്രയോഗമുണ്ട്. അറിഞ്ഞുകൊണ്ട് ദുഷ്ട പ്രവർത്തികൾ ചെയ്യുന്നവർ. ശ്രേഷ്ഠമായതുമാത്രം ചെയ്യുകയും അവയ്ക്കുവേണ്ടി നിലപാടുകൾ സ്വീകരിക്കുകയും ചെയ്യുന്നവർ. ഇതിൽ ആർക്കും എപ്പോഴും മാറ്റം സംഭവിക്കാം.

ദുഷ്ടഗണത്തിൽ നിന്ന് ശിഷ്ടഗണത്തിലേക്കുള്ള മാറ്റത്തിനുള്ള ക്ഷണമാണ് ക്രിസ്തുവിന്റെ ഈ കല്യാണ ക്ഷണം.

○





ഡോ. ജിബി കെ. ജോർജ്
മീനടം

# തിരിച്ചറിവിന്റെ ദിനം

തിരിച്ചറിവുകൾ നിലച്ചുപോകുന്ന ക്ഷണികമായ ഈ ജീവിത കാലഘട്ടത്തിൽ,പാപബോധത്തിന്റെയും അനുതാപത്തിന്റെയും സന്ദേശവുമായി, ഒരു നോമ്പുകാലം.... ഹാശാ ചൊവ്വാഴ്ചയിലെ ശ്ലീഹാവായന ഭാഗം ; പ.യോഹന്നാൻ ശ്ലീഹായുടെ ഒന്നാം ലേഖനം 1:8-10 ' നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി, നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങൾ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കാൻ തക്കവിധം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ല എന്ന് പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു.അവന്റെ വചനം നമ്മിൽ ഇല്ലാതെയായി'.

ചെയ്യേണ്ടവ ചെയ്യാതിരിക്കുന്നതും, ചെയ്യരുതാത്തവ ചെയ്യുന്നതുമാണ് പാപം എന്ന് ഗ്രഹിക്കുവാൻ ഉള്ള മാനസികപക്വത ആർജ്ജിച്ചെടുക്കുവാൻ ഉള്ള സമയമാണ് നോമ്പുകാലം.....വി. യാക്കോബിന്റെ ലേഖനം 4: 17 -: 'നന്മ ചെയ്യുവാൻ അറിഞ്ഞിട്ടും ചെയ്യാത്തവനു അത് പാപം തന്നെ'. താൻ ചെയ്യുന്നത് പാപം ആണെന്നുള്ള തിരിച്ചറിവാണ് അനുതാപത്തിന്റെ ആദ്യ ചവിട്ടുപടി. ആദിമ പാപത്തിന്റെ കറുത്ത മൂടുപടങ്ങളെ വലിച്ചുകീറി ക്രൂശുമരണത്തിലൂടെയും, ഉയിർപ്പിന്റെ അനുഭവത്തിലൂടെയും പാപത്തിൽ നിന്നുള്ള രക്ഷ യേശുക്രിസ്തു നമുക്ക് പ്രദാനം ചെയ്തു. മറ്റാർക്കോ,മറ്റൊന്നിനോ നേടിതരുവാൻ സാധിക്കാത്ത ഈ രക്ഷയുടെ അനുഭവത്തെ വിസ്മരിച്ചുകൊണ്ട് വീണ്ടും വീണ്ടും പാപത്തിലേക്ക് കൂപ്പുകുത്തുന്ന ലോകം. അസമാധാനത്തിന്റെയും, പൈശാചികതയുടെയും ഇടിമുഴക്കങ്ങൾ യുദ്ധങ്ങളായും,കലാപങ്ങളായും പൊട്ടിപ്പുറപ്പെടുന്നു. സമ്പത്തും, സ്വത്തും അധികാര മോഹവും മാനവികതയുടെമേൽ നടമാടുന്നു. നമ്മുടെ പല കുടുംബങ്ങളിലും പ്രാർത്ഥനകൾ കുറഞ്ഞ് പൈശാചികത ഏറിവരുന്നു. ഈ പാപങ്ങളെല്ലാംതന്നെ മാനവരാശിയുടെ അന്തകരായിതീരും എന്നതിൽ സംശയം ഇല്ല. വലിയ നോമ്പിലെ ഒരു പ്രാർത്ഥനയിൽ നാമിങ്ങനെ ചൊല്ലുന്നു :-

*'കൽപ്പിച്ചാൻ കർത്താവേവം സമയമടുത്തു
* നല്ലവസരമിതു പാഴാക്കിക്കളയാതു ണർവോടെ
*കണ്ണീരോടുമനുതാപത്തൊടുമഭ്യർത്ഥിച്ചും
* വാഴ്വുകൾ അരുളാൻ വിലപിച്ചും നാം പ്രാർത്ഥിക്കേണം....'

പാപത്തെ തിരിച്ചറിഞ്ഞ് പാപമോചനത്തിനായി നാം എന്തു ചെയ്യണമെന്ന് പിതാക്കന്മാർ ഈ പ്രാർത്ഥനാശകലങ്ങളിൽ കൂടെ നമ്മെ പഠിപ്പിക്കുന്നു. സ്വർഗ്ഗീയ ഓടാമ്പലുകളെ തുറക്കുവാൻ കഴിയുന്ന ശക്തമായ ആയുധമാണ് കണ്ണുനീർ. മനസ്സിലെ അനുതാപത്തിന്റെ പ്രതിഫലനമാണ് കണ്ണുനീരിനാൽ നിറയുന്ന കൺതടങ്ങൾ. നോമ്പിന്റെ ശക്തിയെന്നത് കണ്ണുനീരോടു കൂടിയുള്ള പ്രാർത്ഥനയാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അപരനെയും ഓർത്ത് കരഞ്ഞ് പ്രാർത്ഥിക്കുവാനുള്ള മനസ്സ് നമുക്കുണ്ടാകണം.

കണ്ണുനീർ തൂകിയുള്ള പ്രാർത്ഥനയിലൂടെയും, ആത്മാർത്ഥമായ വിശുദ്ധ കുമ്പസാരത്തിലൂടെയും, കപടതയില്ലാത്ത കുമ്പിടലുകളിലൂടെയും, പരസ്യപ്പെടുത്തലുകളില്ലാത്ത ഉപവാസങ്ങളിൽ കൂടെയും, യഥാർത്ഥമായ നോമ്പിലൂടെയും അനുതാപത്തിന്റെ അനുഭവത്തിലേക്ക് നാം പ്രവേശിക്കണം. പാപത്തെ തിരിച്ചറിഞ്ഞ് അനുതാപത്തിന്റെയും,കണ്ണുനീരിന്റെയും അനുഭവത്തിലൂടെ പാപത്തിൽ നിന്ന് രക്ഷനേടുവാൻ ഈ നോമ്പ് ഏവർക്കും മുഖാന്തിരമായിത്തീരട്ടെ.

○

## ഹാശാ ചൊവ്വ

# ഹാശാ ബുധൻ



സ്തോത്രം മൃതജീവപ്രദനേ
കബറീന്നേറ്റീടുന്നോനെ
നിൻ പ്രേക്ഷകതാതനുമമലൻ
റൂഹായ്ക്കും ഹാലേലൂയ്യാ...
വി. യോഹ. 12:24

ശ്രീമതി മെർലിൻ റ്റി. മാത്യു,
പുത്തൻകാവ്

ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു ഗോതമ്പുമണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അത് തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. *(ഹാശാ ബുധൻ)*

രാത്രി രണ്ടാം കൗമാ ഏവൻഗേലിയോൻ പെസഹാ പെരുന്നാളിൽ നമസ്കരിപ്പാൻ വരുന്നവരെ 3 ആയിട്ട് സുവിശേഷകൻ തരം തിരിച്ചിട്ടുണ്ട്.

a) ക്രിസ്തുവിന്റെ പുരോഗമനത്തിൽ അസൂയാലുക്കളായ മതനേതാക്കളും സംഘപ്രമാണിമാരും അനുയായികളും.

b) ലാസറിന്റെ ഉയിർപ്പിൽ സാക്ഷികളായവർ (വി. യോഹ. 12:17)

c) യഹൂദയ്ക്ക് പുറത്തുള്ള യവനന്മാർ തുടങ്ങി,

**1. മറ്റു പ്രദേശങ്ങളിൽ നിന്നുള്ള ജാതികൾ വി. യോഹ. 12:12,18)**

സുഖപ്രദമായ ആത്മീയതയും അനുരൂപമായ ആത്മീയതയും നമുക്കൊന്നും സാധിക്കുന്നില്ലല്ലോ, ലോകം അവന്റെ പിന്നാലെ പോയിരിക്കുന്നു "അഭ്യുദയദ്വേഷികളായ മതനേതാക്കൾ ഈ രീതിയിൽ ഗൂഢാലോചനകൾ നടത്തി യേശുവിനെ പിടിപ്പാൻ പെരുന്നാളിൽ സംബന്ധിക്കുന്നുവെന്നത് യവനന്മാർ അറിഞ്ഞ് ഉത്കണ്ഠാകുലരായിത്തീർന്നു. അങ്ങനെ ഫിലിപ്പോസ് മുഖേന യേശുവിനെ കാണുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നു.

പെരുനാളിൽ ക്രൂശീകരണ പാതയിലെ യാതനയും വേദനയും ആനന്ദത്തിന് തടസ്സമായിത്തീരും എന്ന് വിചാരിച്ച്, യേശു തമ്പുരാന്റെ യഥാർത്ഥ സ്ഥിതിയോട് അനുരൂപപ്പെടാതെ യാഥാർത്ഥ്യങ്ങളെ ഗോപനം ചെയ്യുവാൻ ആഗ്രഹിക്കുമ്പോൾ, യേശു തമ്പുരാൻ കല്പിക്കുന്നു, മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു (വി. യോഹന്നാൻ 12:23). ക്രൂശിലെ പരമയാഗം മൂലം ഉണ്ടാകേണ്ട സാദ്ധ്യത കർത്താവ് മനസ്സിലാക്കി, പിതാവാം ദൈവം ഏൽപിച്ച ദൗത്യത്തോട് അനുരൂപപ്പെടുവാൻ കർത്താവ് തന്നെതന്നെ ഏൽപിച്ചു കൊടുത്തു. അവിടുത്തെ ഈ അതിദാരുണമായ പീഡാസഹനത്തോടും കുരിശുമരണത്തോടും താദാത്മ്യപ്പെടുവാൻ സുഖപ്രദമായ ആത്മീയതയിൽ നിന്ന് അനുരൂപമായ ആത്മീയതയിലേക്ക് നമുക്ക് വളരാം.

**2. സ്വർഗ്ഗീയ കളപ്പുരയിൽ സൂക്ഷിക്കപ്പെട്ട ഗോതമ്പുമണി:**

'ഞങ്ങളെ നിലനിലമാക്കണമെ
നാഥാ നിൻ കൃപയിൽ
തിരുവചനത്തിൽ വിത്തുകളാത്മാവിൽ വളരണമെ:

കാലത്തികവിൽ അതിവിശിഷ്ടമായ ഈ ഗോതമ്പു മണി, മാനവകുലത്തെ മുഴുവൻ പാപമരണത്തിൽ നിന്ന് മാനവകുലത്തെ മുഴുവൻ പാപമരണത്തിൽ നിന്ന് രക്ഷിക്കുവാനും സ്വയം മുറിക്കപ്പെട്ട് ബലിയായ്ത്തീർന്നു. തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷവും രക്ഷാകരപദ്ധതിയും ഓർത്ത് അപമാനം അലക്ഷ്യമാക്കി ഈ ഗോതമ്പുമണി നിലത്തു വീണ് അഴുകുവാൻ തയ്യാറായി, വളരെ വിളവുണ്ടാകുവാൻ (ക്രൂശിനെ ഏറ്റെടുത്തു. തന്റെ മുമ്പിൽ കണ്ട ആ സന്തോഷം അവന്റെ രക്തത്താൽ വീണ്ടെടുക്കപ്പെടുന്ന സഭയും വിശുദ്ധ ഗണവും തന്നെ. വി. യോഹ. 12:32 ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരേയും എങ്കലേക്ക് ആകർഷിക്കും. ക്രൂശുമരണത്താൽ അനേകരിലേക്ക് വ്യാപരിച്ച ഈ ജീവൻ നിത്യജീവന്റെ അനുഭവമാണ്. ക്രിസ്താനുഭവങ്ങളിലെ ഈ ദൗത്യം നമുക്കും ഏറ്റെടുക്കാം.

**3. സൃഷ്ടി പ്രപഞ്ചത്തെ വിശുദ്ധീകരിക്കുന്ന നിഗൂഢ രഹസ്യം**


മനുഷ്യകുലത്തേയും ലോകത്തെ മുഴുവനും മനുഷ്യന്റെ പാപം മൂലമുണ്ടായ പതനത്തിൽ നിന്ന് അഥവാ അടിമത്വത്തിൽനിന്ന് മോചിപ്പിച്ച് ദൈവത്തോടൊത്തുള്ള നിത്യജീവന്റെ സൗഭാഗ്യത്തിലേക്കുയർത്തുവാനായിട്ടാണ് കർത്താവ് പീഡാമരണവും കുരിശുമരണവും സ്വയം ഏറ്റെടുത്ത് ബലിയായിത്തീർന്നത്. ഗോതമ്പുമണി നിലത്തുവീണ് അഴിയപ്പെടുന്നത്, സ്രഷ്ടപ്രപഞ്ചത്തെ മുഴുവനും ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്ന രക്ഷാകര പദ്ധതിയിലെ ഒരു നിഗൂഢ രഹസ്യത്തെ സൂചിപ്പിക്കുന്നു. സ്വാർത്ഥാതീതമായ കാഴ്ചപ്പാടുകൾ ഉണർത്തിയെടുത്ത്, സ്വയം മുറിക്കപ്പെട്ട് പ്രാപഞ്ചിക രക്ഷയ്ക്കായി (Cosmic Salvation) നമുക്ക് ചുറ്റുമുള്ള സ്ഥലകാല സത്താ വൈപരീത്യങ്ങളെല്ലാം തന്നിൽ അനുരഞ്ജിപ്പിച്ച് സർവ്വാധിനാഥനായ ദൈവത്തിന് സർപ്പിക്കുവാൻ കഴിയണം. നിലത്തു വീണ് ചത്ത ഗോതമ്പു മണി (യേശുവിന്റെ മരണത്തിലും ഉയിർപ്പും) പുതിയ നാമ്പ് മുളപ്പിക്കുന്നതുപോലെ, നമ്മുടെ സഹനങ്ങൾക്ക് രക്ഷാകരമായ ഒരു ദൗത്യം ഉണ്ട് എന്ന് മനസ്സിലാക്കി, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ പങ്കാളികളായി, ആ സഹനത്തോടെ സമരസപ്പെട്ട് പുതുജീവൻ പ്രാപിക്കും. ആ ഒരു സാക്ഷ്യ ജീവിതത്തിലേക്കു നയിക്കപ്പെട്ട് മുളപ്പിച്ചെടുക്കുന്ന പുതിയ തൈകളിലും നവ ജീവൻ പകർന്ന് മുപ്പതും അറുപതും നൂറും മേനി ഫലം പുറപ്പെടുവിക്കുവാൻ ഹാശാ ആഴ്ചയിൽ സമർപ്പിതരാവാം. ○

ഒലീവ് ചില്ലകൾ ഓശാനാ... 19-ാം പേജിൽ നിന്നും...

ണത്തിന്മേലുള്ള മിശിഹായുടെ വിജയത്തിന്റെ വരവാണ് ഈ പെരുന്നാൾ. Pax Romana അഥവ്വാ റോമിന്റെ സമാധാനം എന്ന സങ്കൽപ്പത്തെ മാറ്റി ലോകത്തിന് മുഴുവൻ സമാധാനം പ്രദാനം ചെയ്യുന്ന വരവായിരുന്നു അത്. (3)യേശുവിന്റെ ജീവിതം, പ്രവർത്തനവഴികൾ, പ്രബോധനം, കഷ്ടതകളുടെ ആരംഭം, സ്വർഗ്ഗാരോഹണം എന്നിവയെല്ലാം ഒലീവ് മലയുടെ ഭൂമികയുമായി തൊടുന്ന ഒരു സവിശേഷത സുവിശേഷങ്ങളിൽ കാണാം.

**2. ആവിഷ്ക്കാരം തേടുന്ന ഓശാന വഴികൾ...**

ഒലീവ് മരങ്ങൾ പൂർണ്ണമായി ജീർണ്ണിച്ച് ഇല്ലാതാകുന്നില്ലത്രേ! എ.ഡി. 70 ൽ റോമൻ ജനറൽ ടൈറ്റസ് എന്ന വ്യക്തി ഇവിടുത്തെ ഒലീവ് മരങ്ങൾ മുറിച്ച് നീക്കിയത്രേ. എന്നാൽ യേശു തമ്പുരാന്റെ കാലത്ത് ഉണ്ടായിരുന്ന അവയുടെ വേരുകളിൽ നിന്ന് പുതിയ ശാഖകൾ ഉണ്ടായി എന്നാണ് പറയുക. യരുശലേമിലേക്കുള്ള എഴുന്നെള്ളത്തിന്റെ ദിനങ്ങളിൽ ക്രിസ്താനുഭവത്തെ നമ്മിൽ പുതുശാഖയായി ഉണർത്തുന്ന സന്ദർശന ദിനമാണ് ഓശാന. സുകൃതനടപടികളുടെ ദെക്കീലാകളും സത്യവിശ്വാസത്തിന്റെ നിത്യഹരിത ഒലീവിൻ ചില്ലകളും നഷ്ടപ്പെട്ട് പോയ കാലത്ത്, വി.കുർബ്ബാനയായ ക്രിസ്തുവിനെ നാം എങ്ങിനെ സ്വീകരിക്കും. അവൻ ഹൃദയ ആലയങ്ങളിൽ എത്തുമ്പോൾ വാണിജ്യമൂല്ല്യങ്ങൾ മലിനീകരിച്ച നമ്മുടെ സ്വത്വം അവനെ സ്വീകരിക്കുമോ? ○



# പെസഹാ വ്യാഴം

ഫാ. സജി മേക്കാട്ട്

വിനയത്തിന്റെയും സ്നേഹത്തിന്റെയും നിർമല സുഗന്ധം പ്രസരിച്ച പെസഹാ വ്യാഴം മാനവകുലത്തിന്റെ രക്ഷാകര അനുഷ്ഠാനത്തിന് നിദാനമായ സത്യ സംഭവമായി. യഹൂദരെ സംബന്ധിച്ചിടത്തോളം അടിമത്വം അവസാനിച്ചു അത്ഭുതകരമായ സ്വാതന്ത്ര്യത്തിലേക്ക് എത്തപ്പെട്ടതിന്റെ ഓർമ്മപുതുക്കൽ ആചരണം ആയിരുന്നു എങ്കിൽ -മശിഹാ വിളമ്പിയ അത്താഴം സൃഷ്ടിയുടെ മുഴുവനും രക്ഷയ്ക്ക് വേണ്ടിയുള്ള കൂദാശാ അനുഷ്ഠാനം ആയിരുന്നു. പാദം കഴുകിയും അപ്പം വിഭജിച്ചും ക്രിസ്തു പെസഹ പെരുനാളിൽ കൂടി ഈ രക്ഷാദൗത്യം നിർവഹിച്ചു. പഴയനിയമ ജനത പെസഹാ കുഞ്ഞാടിന്റെ രക്തത്താൽ മോചിതരായെങ്കിൽ ക്രിസ്തു ത്യാഗത്തെയും സ്നേഹത്തെയും പുതിയ ഉടമ്പടി ആവിഷ്കരിച്ച് രക്ഷാദൗത്യം പൂർത്തീകരിച്ചു. 'അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്' (എഫെസ്യർ 1 :7) എന്ന് പരിശുദ്ധ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നുണ്ടല്ലോ. പെസഹാ പെരുന്നാൾ ശുശ്രൂഷയിലേക്ക് നാം അടുത്തു വരുമ്പോൾ ചില ഉൾബോധനങ്ങൾ പ്രബലമാകേണ്ടതുണ്ട്.

**1. പെസഹാ പെരുന്നാൾ: അടിമയുടെ അരക്കച്ചയണിഞ്ഞവൻ ലോകത്തിന് രക്ഷയേകിയ ദിനം.** 'നിങ്ങളിൽ വലിയവൻ ഇളയവനെ പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെ പോലെയും ആകട്ടെ' (വി. ലൂക്കോസ് 22: 26).

യഹൂദർ തങ്ങളുടെ രക്ഷാ ദിവസത്തിന്റെ ആചാരണത്തെ സവിശേഷതയോടെ അനുഷ്ഠിച്ചപ്പോൾ, ക്രിസ്തു തൻ സമ്പ്രദായത്തിന് പുതിയ മാനം നൽകുന്നു. താഴ്മയുടെ വേഷം ധരിച്ച് സെഹിയോൻ മാളികയിൽ പുതിയ ഉടമ്പടിയുടെ ദൃഷ്ടാന്തം വെളിവാക്കി വിശുദ്ധ കുർബാനയുടെ സ്ഥാപനം നിർവഹിച്ചു. വിരിച്ചൊരുക്കിയ മാളികയിൽ കർത്താവിനൊപ്പം പെസഹാ ആചരിക്കുവാൻ ഇരുന്ന ശിഷ്യന്മാരിൽ ഉടലെടുത്ത തർക്കത്തെ നേരിടുന്ന 'ക്രിസ്തുരീതി' നമ്മുടെയൊക്കെ ക്രൈസ്തവജീവിത മൂല്യങ്ങളായി ഇനിയും ഉയരേണ്ടിയിരിക്കുന്നു. ഇടുങ്ങിയ ചിന്തകളെ കോർത്തിണക്കി വലിയവൻ ആകുവാൻ വേണ്ടി അയോഗ്യതകളെ പെരുപ്പിച്ചു കാണിക്കുന്ന കപട കാഴ്ചകൾ നമുക്കുചുറ്റും നിരവധിയാണ്. ഒരു തൂവാല എടുത്ത് അരയിൽ കെട്ടി വേലയ്ക്ക് സന്നദ്ധൻ ആകുന്ന ദാസനെ പോലെ ക്രിസ്തുവിന് മാറുവാൻ സാധിക്കുന്നു. ശിഷ്യരുടെ കാൽ കഴുകിയ ഗുരു അവരുടെ പാദങ്ങളെ തുടക്കുമ്പോൾ അതിവിശിഷ്ടമായ മറ്റൊരു വിശുദ്ധ സാഹചര്യത്തിലേക്ക് തന്റെ ശിഷ്യന്മാരെ ഒരുക്കുകയായിരുന്നു. യഥാർത്ഥമായ കുർബാന അനുഭവത്തിലേക്കുള്ള പരുവപ്പെടുത്തൽ ആയിരുന്നു എളിമ നിറഞ്ഞ ഈ ക്രിസ്തു കർമ്മം. തന്റെ കൂട്ടരുടെ ബലഹീനതയെ അടുത്തറിയാവുന്ന ഗുരു അവയെ തീർപ്പാക്കാൻ നടത്തുന്ന ശ്രമം വിനയത്തിന്റെയും എളിമയുടെയും ദാസഭാവം പൂണ്ട പ്രവൃത്തിയായിരുന്നു.' 'മൺകുടം സ്വയമേ മണ്ണിൽ നിന്നും ഉണ്ടാകുന്നില്ല, അത് കുശവന്റെ കരവിരുത് കൊണ്ടാണ് ഉണ്ടാക്കപ്പെടുന്നത്'.

ക്രിസ്തുവിന്റെ മേശയ്ക്കു ചുറ്റും അപ്പത്തിന് അംശികളാക്കുവാൻ ഒത്തുകൂടുന്നവർക്ക് ഉണ്ടാകേണ്ട എളിമ നിറഞ്ഞ വീക്ഷണങ്ങൾക്ക് മൂല്യച്യുതി സംഭവിച്ചിട്ടുണ്ട്. സ്നേഹഭരിതവും വിനയാന്വിതവുമായ ഹൃദയം ഉരുവാകുവാൻ കഴിയുമ്പോഴാണ് ഊട്ടുപുരയിലെ അത്താഴം 'അന്ത്യത്താഴം' അല്ല എന്നും ക്രിസ്തു വിനോടൊപ്പം തുടർന്നുകൊണ്ടേയിരിക്കുന്ന തിരുബലിയുടെ ഓർമ്മയും അനുഭവമാണെന്ന് മനസ്സിലാകുന്നത്. നമ്മിലെ ബഹുമുഖമായ കാര്യക്ഷമതയെ പരിശോധിക്കുമ്പോൾ വിട്ടുവീഴ്ചയ്ക്കും വിനയത്തിനും സഹനത്തിനും ഉള്ള തോത് ഉയർച്ചയിലേക്ക് തന്നെയെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. 'കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽകഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടത് ആകുന്നു' (വിശുദ്ധ യോഹന്നാൻ 13: 14). ഈ ഉദ്ബോധനം ഓരോരുത്തരും ഏറ്റെടുക്കുമ്പോൾ മേൽ പരാമർശിച്ച എളിമയുടെ പ്രവർത്തികളെ പറ്റിയുള്ള സൂചിക ഉയർന്നു നിൽക്കും. ക്രിസ്തു അടിമയുടെ അരക്കച്ച കെട്ടി എളിമയുടെ പാഠം തുറന്നു തന്നു. ഈ അനുകരണീയ മാതൃക പെസഹ പെരുന്നാളിന്റെ ശുശ്രൂഷയിൽ സംബന്ധികളാകുന്ന ഏവർക്കും പിന്തുടരുവാൻ സാധിക്കട്ടെ.

**2. പെസഹാ പെരുന്നാൾ : ഉടയവൻ ഹൃദയംകൊണ്ട് വിളമ്പിയ വിരുന്ന്.**

'പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്ക് കൊടുത്തു ഇത് നിങ്ങൾക്ക് വേണ്ടി നൽകുന്ന എന്റെ ശരീരം. എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ എന്ന് പറഞ്ഞു. അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും കൊടുത്തു. ഈ പാനപാത്രം നിങ്ങൾക്ക് വേണ്ടി ചെയ്യുന്ന എന്റെ രക്തത്തിന്റെ പുതിയനിയമം ആകുന്നു' (വി. ലൂക്കോസ് 22: 19, 20).

നാം ഓരോരുത്തരും സഭയുടെ അംഗം ആയിരിക്കുന്നത് ഇടവകയിലെ അംഗത്വം ഉള്ളതുകൊണ്ട് മാത്രമല്ലല്ലോ. വിശുദ്ധ കുർബാനയിൽ കൂടി ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ സ്വീകരിച്ച് തന്റെ ജീവനുള്ള ശരീരവുമായി പുലർത്തുന്ന ബന്ധത്തിൽ കൂടിയുമാണ് സഭയെന്ന കൂട്ടായ്മയിൽ നാം ചേർന്നു നില്ക്കപ്പെടുന്നത് ക്രിസ്തു എന്ന അടിസ്ഥാന പൂരകം മുഖേനയാണ്. ഈ കൂട്ടായ്മയുടെ യഥാർത്ഥ ദൃഷ്ടാന്തമായിരുന്നു വിരിച്ചൊരുക്കിയ മാളികയിൽ വച്ച് തന്റെ ശിഷ്യന്മാരോടൊപ്പം യേശു മശിഹ ആചരിച്ച പെസഹ പെരുന്നാൾ. അതിന്റെ തുടർച്ചയായി നാം ആചരിക്കുന്ന കൂട്ടായ്മയും അനുബന്ധമായ വിശുദ്ധ കുർബാന അർപ്പണവും സെഹിയോൻ മാളികയിൽ വച്ച് തന്റെ ശിഷ്യന്മാർക്കൊപ്പം തമ്പുരാൻ ഹൃദയം ചാലിച്ചെഴുതിയ പുതിയ നിയമ ഉടമ്പടിയുടെ ദൃഷ്ടാന്തമായിരുന്നു. ക്രൈസ്തവ ജീവിതത്തിന്റെ ഹൃദയമാകുന്ന ഈ ഒത്തുചേരലിൽ വിശുദ്ധ കുർബാനനുഭവം സാധ്യമാകുന്നതിനേക്കാൾ ശ്രേഷ്ഠമായ മറ്റൊന്നും നേടാനില്ല എന്നാണ് പിതാക്കന്മാർ പഠിപ്പിക്കുന്നത്.

'ദൈവത്തോടു അടുത്തു ചെല്ലുവിൻ, എന്നാൽ അവൻ നിങ്ങളോടു അടുത്തുവരും. (യാക്കോബ് 4 :8) എന്ന് വിശുദ്ധഗ്രന്ഥത്തിൽ കൂടി നമുക്ക് പ്രബോധനം ലഭിച്ചിട്ടുണ്ട്. എന്നാൽ 'ഉറവയുടെ അടുത്തിരുന്ന് ദാഹിച്ച് മരിക്കുന്നവരെ പോലെ ആകുന്നു പല ക്രൈസ്തവരും.' കാൽവരിയിലെ യാഗത്തിൽ കൂടി ലോകരക്ഷക്കുവേണ്ടി തന്റെ ശരീരവും രക്തവും ജീവനും നൽകി ആ ഓർമ്മയുടെ പുതുക്കലിന് വേണ്ടി നമ്മോട് ആഹ്വാനം ചെയ്യുമ്പോൾ അതിനുമുന്നിൽ മറയിട്ട് ദൈവത്തിൽനിന്ന് അകന്നു പോകുന്നത് ക്രിസ്തീയ ജീവിതത്തിന് അഭികാമ്യമല്ല. കാലത്തിന്റെ അറുതിയിൽ അവനോടുകൂടെ ഉയരെ എത്തുവാനും വിശുദ്ധ കുർബാന സ്വീകാര്യരുടെ കൂട്ടത്തോടൊപ്പം കർത്താവ് ഒരുക്കുന്ന വിരുന്നിലേക്ക് ആനയിക്കപ്പെടാനുമുള്ള മുന്നൊരുക്കം നാം നടത്തിയിരിക്കണം. അതിനുള്ള വഴി ആണ് പെസഹ പെരുന്നാളിൽ താൻ ഹൃദയം കൊണ്ട് വിളമ്പി നൽകിയ വലിയവിരുന്ന്. 'നിങ്ങളുടെ ജീവിതം കുർബാനയ്ക്ക് ചുറ്റും നെയ്യപ്പെട്ടിരിക്കണം' എന്ന വിശുദ്ധന്മാരുടെ ആഹ്വാനം നാം ഏറ്റെടുക്കണം. ക്രിസ്തുവിന്റെ സഹനവും മരണവും ജീവനിലേക്കു എത്തപ്പെട്ടു. ആ സഹനത്തിന്റെയും മരണത്തിന്റെയും ഉയർപ്പിന്റെയും അനുഭവം ഏവരിലും നിറയുമ്പോഴാണ് കർത്താവ് സ്ഥാപിച്ച വലിയ ബലിയുടെ താളം നമ്മുടെ ഹൃദയങ്ങളിൽ മിടിക്കുന്നത്. വിശുദ്ധ കുർബാനയിലെ പങ്കാളിത്തമാണ് ആ ഹൃദയമിടിപ്പിന് കാരണമാകുന്നത്.

കാൽവരിയിൽ യാഗമാകുവാൻ പോകുന്ന ക്രിസ്തു ആ ദൃഷ്ടാന്തം തന്റെ ശിഷ്യന്മാർക്ക് പെസഹ പെരുന്നാളിൽ കൂടി കാണിച്ചു നൽകി. അതിന്റെ ഓർമ്മാനുഷ്ഠാനം വിശുദ്ധ ത്രോണോസിൽ ആവർത്തിക്കപ്പെട്ടു കൊണ്ടേയിരിക്കുന്നു. നമ്മുടെ ആരാധനയുടെ ഹൃദയമായി ഈ അനുഷ്ഠാനത്തെ നാം സ്വീകരിക്കുകയും ചെയ്യുന്നു. അത് രക്ഷയുടെ സാധ്യതകളിലേക്ക് ഏവരെയും കൈപിടിച്ച് എത്തിക്കുന്നു. പെസഹാ പെരുന്നാളിൽ കൂടി കർത്താവ് സ്ഥാപിച്ച വിശുദ്ധകുർബാന ദൃഷ്ടാന്തത്തെ അനുസ്മരിക്കുന്ന ഈ പെസഹാ പെരുന്നാൾ ഏവർക്കും അനുഗ്രഹത്തിന്റേതാകട്ടെ. അപ്പത്തിലും വീഞ്ഞിലും അവന്റെ ശരീരരക്തങ്ങളെ രുചിക്കുവാനും അതിൽ കൂടി നിത്യജീവൻ പ്രാപിക്കുവാനും ഏവർക്കും സാധ്യമാകട്ടെ.

*(അഡ്മിനിസ്ട്രേറ്റർ- IAS HUB സിവിൽ സർവീസ് അക്കാദമി, ഓർത്തഡോക്സ് സ്റ്റുഡന്റ് സെന്റർ, തിരുവനന്തപുരം).*



# മനുഷ്യത്വത്തിന്റെ നഗ്നത മറയ്ക്കുന്ന കുരിശ്

**ഫാ. അനീഷ് വർഗ്ഗീസ്,** ബേസിൽ ദയറാ

ലോകത്തിൽ ഒരു വിസ്മയനീയ അടയാളമാണ് കുരിശ്. അത് കുരിശിന്റെ പിന്നിൽ അഭയപ്പെട്ടവർക്കു മാത്രമല്ല, അതിനെ അറിഞ്ഞ എല്ലാവർക്കും കുരിശ് എന്നും ഒരു അത്ഭുതമാണ്. കുരിശടയാളം വഴി നാം രക്ഷയുടെ അനുഭവത്തിലേക്ക് വളരുകയാണ്. ലോകം കുരിശിനെ അംഗീകരിച്ചത് ദൈവപുത്രനിലൂടെ നമുക്കു ലഭിച്ച വിജയത്തിന്റെ അടയാളമായിട്ടാണ്. എന്നാൽ ഇന്ന് പരാജയത്തിന്റെ അടയാളമായി അത് മാറിയിട്ടുണ്ടെങ്കിൽ ക്രിസ്തു പരാജിതനായിരുന്നു എന്നു മാറ്റി ചിന്തിക്കേണ്ടി വരികയില്ലേ? ഇന്ന് ലോകത്തിലേക്കു നോക്കുമ്പോൾ ക്രൈസ്തവരുടെ ജീവിതത്തിൽ, ക്രിസ്തുവിലേയ്ക്കുള്ള വഴിയിൽ നാം കാണുന്ന ചില യാഥാർത്ഥ്യങ്ങളുടെ അർത്ഥം മനുഷ്യത്വം നഗ്നമായി തുടരുന്നു എന്നല്ലേ? വളരെ ചിന്തിപ്പിച്ച ഈ വാക്യം "The Cross is God's Shame bearing symbol for the world"

ദുഃഖവെള്ളിയാഴ്ച രാത്രി രണ്ടാം കൗമ പ്രുമിയോൻ പ്രാർത്ഥനയിൽ നാം ഇപ്രകാരം ധ്യാനിക്കുന്നു. "തന്റെ കുരിശിനാൽ, തള്ളപ്പെട്ടവരെ അവരുടെ അവകാശത്തിലേക്ക് തിരികെ കൊണ്ടുവരികയും, കുറ്റക്കാരിൽ നിന്ന് ലജ്ജയെ നീക്കിക്കളയും, നഗ്നമായ അവരുടെ വസ്ത്രം ധരിക്കുകയും അവരുടെ മനുഷ്യത്വത്തിന്റെ നഗ്നത മായ്ക്കുകയും, അവരുടെ അജ്ഞാന അന്ധകാരത്തെ മായിച്ചുകളയും, ലോകത്തെ പ്രകാശിപ്പിക്കുകയും ചെയ്തു". പിതാക്കന്മാർ രൂപപ്പെടുത്തിയ പ്രാർത്ഥനയുടെ ഭാഗമാണിത്. കാൽവരിയിലെ ക്രൂശുമരണം വഴിയായി ലോകത്തിന് ലഭിച്ച നൽവരങ്ങൾ അനുസ്മരിക്കപ്പെടുന്നു പ്രത്യക്ഷത്തിൽ കാണുവാൻ കഴിയുന്നതും അപ്രത്യക്ഷത്തിൽ പ്രാപിക്കേണ്ടതുമായ അനുഗ്രഹങ്ങൾ എന്നു പറയാം. ക്രിസ്തു പൂർണ്ണമനുഷ്യനായി മനുഷ്യരുടെ ഇടയിൽ പാർത്തതിനാൽ മനുഷ്യകുലത്തിനു മുഴുവൻ രക്ഷയുണ്ടായി. രക്ഷയുടെ അനുഭവം നമുക്ക് ലഭിച്ചത് ക്രിസ്തു നമ്മുടെ കുറവുകൾക്കുവേണ്ടി കുരിശ് സ്വീകരിച്ചതിനാലാണ്. കുരിശു വഴിയായ ക്രിസ്തു നമുക്കു നൽകിയതെല്ലാം നമ്മുടെ ഒപ്പമുണ്ടോ എന്ന് ഈ ദിവസങ്ങളിൽ പരിശോധിക്കാം.

മനുഷ്യകുലത്തിന്റെ വീഴ്ചയുടെ ചരിത്രം ആരംഭിക്കുന്നത് ഏദൻതോട്ടത്തിന്റെ നഗ്നരെന്ന ബോധ്യത്തിൽ നിന്നാണ് (Genis 2:25, 3:7). അന്നുമുതലിന്നയോളം യഹോവയായ ദൈവം ആഗ്രഹിച്ചതും ക്രിസ്തുവിലൂടെ നിറവേറ്റുവാൻ ശ്രമിച്ചതും നമ്മുടെ നഗ്നബോധം മറയക്കുവാനാണ്. കാട്ടത്തി ഇലകൾകൊണ്ട് മറച്ചിട്ടും മനുഷ്യത്വത്തിന്റെ നഗ്നത മറയ്ക്കുവാൻ സാധിച്ചില്ല. അതിനാൽ ദൈവത്തിന്റെ മുൻപിൽ നിന്ന് ഓടിയൊളിച്ചു. അവസാനത്തിൽ ക്രിസ്തു നഗ്നനായി കാൽവറിയിൽ ഉയർത്തപ്പെട്ടപ്പോഴും നമ്മെ പഠിപ്പിക്കുകയായിരുന്നു. മനുഷ്യ നഗ്നതയേക്കാൾ വിലയേറിയത് മനുഷ്യത്വത്തിന്റെ നഗ്നതയാണെന്ന സത്യം. നഗ്നനായ മനുഷ്യൻ എന്നും കാഴ്ച വസ്തുവാണ്. ചിലർ കണ്ടാസ്വദിക്കും, ചിലർ മുഖം തിരിച്ചു നടക്കും, മറ്റു ചിലർ നഗ്നത മറയ്ക്കുവാൻ ശ്രമിക്കും. നല്ല ശമരിയാക്കാരന്റെ ഉപമയിൽ കർത്താവ് നമ്മോടു പറയാൻ ശ്രമിച്ചതും ഇതു തന്നെയാണ്. മനുഷ്യന്റെ നഗ്നത വസ്ത്രം കൊണ്ടു മറയ്ക്കാം, എന്നാൽ മനുഷ്യത്വത്തിന്റെ നഗ്നത എങ്ങനെ മറയ്ക്കാൻ സാധിക്കും?

മനുഷ്യൻ ശാസ്ത്ര സാങ്കേതിക തലങ്ങളിൽ വളരെയധികം വളർന്നപ്പോഴും, വികസനചിന്തകളിൽ പലപ്പോഴും മനുഷ്യത്വം നിഷേധിക്കപ്പെട്ടുന്നു എന്നുള്ളത് നഗ്നമായ സത്യമാണ്. മതപരമായ ദൗത്യങ്ങളിൽ മാത്രം പ്രകടിപ്പിക്കേണ്ട ഒതുക്കി ചിന്തിപ്പിക്കേണ്ടിയിരിക്കുന്നു. കുരിശ് ഒരു അടയാളമാണ്, അത്ഭുതമാണ് എന്ന് അഭിമുഖത്തിൽ ഓർമ്മിപ്പിച്ചത് അതുകൊണ്ടാണ്. ക്രിസ്തു തന്റെ കുരിശിനാൽ മനുഷ്യത്വത്തിന്റെ നഗ്നതമാറ്റി ആ കുരിശ് ലോകത്തിന് നൽകി. കുരിശ് നമ്മെ ചേർത്തു പിടിച്ചത് നിത്യജീവന്റെ, രക്ഷയുടെ, ആശ്വാസത്തിന്റെ അനുഭവത്തിലേക്കായിരുന്നു. നാം കുരിശിനെ ചേർത്തു പിടിച്ചതും ഇത് എനിക്ക് അഭയമാണ് എന്ന പരിപൂർണ്ണ ബോധ്യത്തിലുമാണ്. ഓരോ ദുഃഖവെള്ളിയാഴ്ചയും

**ദുഃഖവെള്ളി**



കുരിശിന്റെ ചുവട്ടിൽ നാം ആയിരിക്കുമ്പോൾ നമുക്ക് ഉണ്ടാകേണ്ട ബോധ്യം ഇതാണ്. ഇന്നും എന്റെ മനുഷ്യത്വം നഗ്നമായി തുടരുന്നു എങ്കിൽ എനിക്ക് എന്റെ കർത്താവിന്റെ മുൻപിൽ നിന്ന് ഓടി ഒളിക്കേണ്ടി വരുന്നെങ്കിൽ ഞാൻ ഇന്നും ക്രിസ്തുവിനെ അറിഞ്ഞിട്ടില്ല. കർത്താവിന്റെ കുരിശ് എന്ന് അനുഭവവേദ്യമായിട്ടില്ല എന്നതാണ് സത്യം.

ക്രിസ്തുവിന്റെ മനുഷ്യത്വം ലോകത്തിന് വെളിപ്പെട്ടത് കാൽവരിയിലെ ക്രൂശിലൂടെയാണ്. മനുഷ്യന്റെ മനുഷ്യത്വം ലോകത്തിന് വെളിപ്പെടേണ്ടത് അവന്റെ ജീവിതത്തിലൂടെയാണ്. ദൈവത്തെ മറന്ന്, സമൂഹത്തെ മറന്ന്, സഹോദരങ്ങളെ മറന്ന് മാതാപിതാക്കളെ മറന്ന് നാം ജീവിക്കുമ്പോൾ വെളിപ്പെടുന്നത് നഗ്നമായ നമ്മുടെ മനുഷ്യത്വമാണ്. കടമകൾ മറന്നുള്ള ജീവിതം, ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടം, എന്തിനോടും അമിതാസക്തി, സാമൂഹിക ദർശനമില്ലാത്ത നിയമവാഴ്ചകൾ എല്ലാം മനുഷ്യത്വമില്ലായ്മയുടെ പ്രതിധ്വനികളാണ്. കുരിശ് അവിടെയാണ് ഇന്നും ശ്രേഷ്ഠമായി നിലകൊള്ളുന്നത്. കാലം മാറി ജീവിതം മാറി. എന്നാൽ ക്രിസ്തു ലോകത്തിനു നൽകിയ കുരിശ് ഇന്നു കരുണയുടേയും, പ്രതീക്ഷയുടേയും ആശ്വാസത്തിന്റെയും അടയാളമായി നമുക്ക് മുന്നിൽ ശേഷിക്കുന്നു. പരിപൂർണ്ണമായി വിവേചിച്ചറിയാൻ പോലും നമുക്ക് സാധിച്ചിട്ടില്ല. കാരണം കുരിശിനെ അറിയുവാൻ നാം ശ്രമിച്ചിട്ടില്ല, കുരിശിന്റെ സഹനത്തിൽ പങ്കാളികളാകുവാൻ നാം ആഗ്രഹിച്ചില്ല എന്നുള്ളതാണ്.

ക്രിസ്തീയ ജീവിതത്തിൽ കർത്താവിന്റെ കുരിശിനാൽ മനുഷ്യത്വത്തിന്റെ നഗ്നത മറയ്ക്കുവാൻ നമുക്ക് സാധിച്ചില്ല എങ്കിൽ നമ്മുടെ കർത്താവും അവന്റെ കുരിശുമരണവും ലോകത്തിൽ പരാജയപ്പെടുകയാണ്.

പരാജിതനായ ക്രിസ്തുവിനെയല്ല തന്റെ കുരിശിനാൽ ലോകത്തെ കീഴടക്കിയ കർത്താവിനെയാണ് നാം അനുസ്മരിക്കേണ്ടത്. കർത്താവിന്റെ കുരിശിലാണ് നാം പങ്കാളികളാകേണ്ടത്. The knowledge of the Cross is Concealed in the sufferings at Cross. And the more our participation in its sufferings, the greater the perception we gain through the Cross" (St. Issac of Cyria)

കർത്താവിന്റെ കുരിശിനെ ഒന്നറിയുവാൻ, കുരുശിന്റെ വേദനകളിൽ പങ്കാളികളാകുവാൻ ഈ കഷ്ടാനുഭവ നാളുകളിൽ നമുക്കും ശ്രമിക്കാം. നഗ്നമായിപോയ നമ്മുടെ മനുഷ്യത്വം വീണ്ടെടുക്കുവാൻ കർത്താവിന്റെ കുരിശിൻ ചുവട്ടിലിരുന്ന് നമുക്കും പ്രാർത്ഥിക്കാം.

# ദുഃഖശനി

**ഫാ. സോണി കുര്യൻ**, കൂരോപ്പട

*"തന്റെ കബറടക്കത്താൽ, കബറിലെ നാശത്തെ നീക്കിയവനായ മശിഹാ തമ്പുരാനേ, ഞങ്ങളുടെ മൃതിയെ ജീവിപ്പിച്ച്, ഞങ്ങടെ കബറടക്കപ്പെട്ടവരെ ജീവിപ്പിക്കണമേ" (ദുഃഖശനിയാഴ്ച കൗമാ പ്രാർത്ഥനയിൽ നിന്ന്).*

### 1. പാതാളത്തിന്റെ വാതിലുകൾ തുറക്കപ്പെട്ട ദിവസം

(The day the gates of sheol were opened)

പൗരസ്ത്യ ഓർത്തഡോക്സ് ആരാധനാ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ദിവസമാണ് ദുഃഖശനി. സഭയുടെ മരണാനന്തര വിശ്വാസവുമായി ഗാഢമായി ബന്ധപ്പെട്ടുകിടക്കുന്ന ഒന്ന് കൂടി ആണിത്. സഭയുടെ പിതാക്കന്മാർ ഈ ദിവസത്തെ 24-ാം സങ്കീർത്തനവുമായി ബന്ധപ്പെട്ട് ചിന്തിക്കാറുണ്ട് 24.7' വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ പണ്ടേയുള്ള കതകുകളെ ഉയർന്നിരിപ്പിൻ മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ. ഈ പ്രവചനം ക്രിസ്തുവിന്റെ പാതാള പ്രവേശനത്തോടെ പൂർത്തിയാകുന്നു.

### 2. മരിച്ചവരോട് സുവിശേഷം അറിയിക്കട്ടെ ദിവസം

(The day Gospel was proclamimed)

യെശയ്യാ പ്രവാചകന്റെ പുസ്തകം 26:19 നിന്റെ മൃതന്മാർ ജീവിക്കും, എന്റെ ശവങ്ങൾ എഴുന്നേല്ക്കും, പൊടിയിൽ കിടക്കുന്നവരെ ഉണർന്നു ഘോഷിപ്പിൻ എന്ന പഴയ നിയമ പ്രവചനം 1 പത്രോസ് 4:5-ൽ ജീവികളെയും മരിച്ചവരെയും ന്യായം വിധിപ്പാൻ ഒരുക്കിയിരിക്കുന്നവന് അവർ കണക്ക് ബോധിപ്പിക്കേണ്ടി വരും. ഇതിനായിട്ടല്ലോ മരിച്ചവരോടും സുവിശേഷം അറിയിച്ചത്. എന്ന വാകൃത്തിൽ പൂർണമാക്കപ്പെടുന്നു ഈ മരിച്ചവരോട് സുവിശേഷം അറിയിച്ച ദിവസമാണ് ദുഃഖശനിയെ സഭ കാണുന്നത്. അതിന് ഉദാഹരണമായി ക്രിസ്തുവിന്റെ മരണശേഷം ഉയർത്തെഴുന്നേറ്റ വിശുദ്ധന്മാർ കല്ലറയിൽ നിന്ന് വെളിയിൽ പോകുന്നത് ഉയിർപ്പിന് ശേഷമാണ്. Mathew 27:52 The tombs also were opened and many bodies of the saints who had fallen asleep were raised.

### 3. ക്രിസ്തു കബറിൽ പൂർണമായി ചിലവഴിച്ച ദിവസം

(The day Christ fully spent in the tomb)

ക്രിസ്തുവിന്റെ മരണത്തിന്റെ ദുഃഖത്തിനും ഉയർപ്പിന്റെ സന്തോഷത്തിനും ഇടയിലുള്ള ഈ ദിവസം വാങ്ങിപ്പോയവർക്ക് ഒപ്പം ആയിരുന്നു എന്നാണ് സഭ പഠിപ്പിക്കുന്നത്. ക്രിസ്തു പൂർണമായി കബറിൽ പാർത്ത ഏക ദിവസവും ഇത് തന്നെയാണ്.

Mathew 12:40 യോനാ കടലാനയുടെ വയറ്റിൽ മൂന്ന് രാവും മൂന്ന് പകലും ഇരുന്നത് പോലെ മനുഷ്യപുത്രൻ മൂന്ന് രാവും പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കുമെന്ന ക്രിസ്തുവിന്റെ പ്രവചനവും ഇവിടെ നമുക്ക് കാണം.

മരണത്തിന്റെ തടവിലായിരുന്ന മൃതർക്ക് ജീവശ്വാസമാകുന്ന പ്രതീക്ഷ ലഭിച്ച ദിവസമായും (യെഹസ്കേൽ 37:5) ഈ ദിവസത്തെ നമുക്ക് മനസ്സിലാക്കാം.

തന്റെ മരണത്താൽ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തിയ പുത്രാ, ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങൾക്കുവേണ്ടി മരണമനുഭവിച്ച മിശിഹാ, ഞങ്ങളെയും ഞങ്ങളുടെ മരിച്ചവരേയും പുണ്യപ്പെടുത്തണമേ.



# ഉയിർപ്പ് പരിമിതികളെ ഭേദിച്ച പരിമളോത്സവം

ഫാ. ജോൺ റ്റി. വർഗീസ് കുളക്കട

നമ്മുടെ വീട്ടിലെ ചുവരിലെ കലണ്ടറിൽ ഒരുപാട് വിശേഷദിസങ്ങളുണ്ട് അതിനെല്ലാം ഒത്തിരി നന്മകളുടെ അടരുകളുമുണ്ട്. പക്ഷേ മരണത്തിനു പോലും പരിഹാരമുണ്ട് എന്ന് പറയുന്ന വേറൊരു ദിവസമോ സംഭവമോ ചരിത്രത്തിലില്ല. എല്ലാറ്റിനും പരിഹാരമുണ്ട്. മരണത്തിനൊഴികെ എന്നു മാത്രമേ ലോകം പറയുകയുള്ളു. മരണം അവസാനവാക്കല്ല എന്ന് വിളിച്ചുപറയുന്ന പ്രത്യാശയുടെ പരമോന്നത പെരുന്നാളിൽ മരണത്തിന്റെ വർത്തമാന ശക്തികളെ നോക്കി നമുക്കൊന്ന് മന്ദഹസിച്ചാലോ? പ്രകാശവും പരിമളവും ഒരുമിച്ച് വിരുന്നുവരുന്ന വിശേഷപ്പെട്ട പ്രഭാതമാണ് ഈസ്റ്ററിന്റേത്. ഇനിമേൽ യേശുവിന്റെ സാമീപ്യത്താൽ എല്ലാം രൂപാന്തരപ്പെടുന്ന Aposteosis എന്ന ദൈവീക പ്രത്യക്ഷതയുടെ സവിശേഷഭാവത്തിന്റെ വിരുന്നുകാലം കാണാം. ഉയിർപ്പുഞായറിന്റെ ചിന്തകൾ ഇത്തിരി പുതുബോധത്തെ പകരുന്നുണ്ട്.

ഉത്തരം മുട്ടലും ഇരുട്ടും ഒരുമിച്ചു വരുന്നുണ്ട്. മുന്നോട്ടുപോകുമോ?

പുനരുത്ഥാനത്തിന്റെ പ്രഥമസാക്ഷികളായ സ്ത്രീകൾ കല്ലറയിലേക്കു പോയ സമയം അതിരാവിലെ ഇരുട്ടുള്ളപ്പോൾ എന്ന് സുവിശേഷകരെല്ലാം പറയുന്നുണ്ട്. രണ്ട് പ്രതിസന്ധികൾ ഉയിർപ്പിന്റെ പുലരിയിൽ അവർക്കുണ്ട്. ഒന്ന് ഇരുട്ടാണ്. രണ്ട്, ആര് നമുക്കുവേണ്ടി കല്ലുരുട്ടി മാറ്റും എന്ന ചോദ്യമാണ്. ആ ചോദ്യത്തിന് ഇവിടെ ഉത്തരമില്ല. ഉത്തരമില്ലാത്ത ചോദ്യചിഹ്നം പത്തി വിരിച്ച പാമ്പിന്റെ രൂപം പോലെയല്ലേ? അത് ആഞ്ഞുകൊത്തുക തന്നെ ചെയ്യും. ഈ കല്ലറയിലേക്കുള്ള പാത നമ്മുടെ ജീവിതവഴി തന്നെ. മനസിൽ ഒന്ന് കൂട്ടി നോക്കൂ. ഇരുട്ടും ഉത്തരമില്ലായ്മയും ഒരുമിച്ചു വന്നാൽ നാം എന്തു ചെയ്യും. മുന്നോട്ടു പോകുമോ പിന്തിരിയുമോ? വർത്തമാനകാലത്തിന്റെ പരിച്ഛേദം ഈ കല്ലറവഴിയിലുണ്ട്. മുൻപിൽ തുറക്കാത്ത വാതിലുകളെക്കാൾ പിൻപിലടഞ്ഞുപോകുന്ന വാതിലുകൾ ആണ് നമ്മെ ഭാരപെടുത്തുന്നത്. മതഭേദങ്ങൾക്കതീതമായി പരസ്പരം സ്നേഹത്തിന്റെ നിലാവുത്തിപരത്തിയ വാതിലുകൾ കാരുണ്യത്തിന്റെ കാറ്റുവീശിയ മാനവികതയുടെ ഊട്ടുപുരുകൾ എല്ലാം ഓരോന്നായി അടഞ്ഞുകൊണ്ടിരിക്കുന്നു. മഹാമാരിയുടെ മധ്യേ സ്തബ്ധരായി പോയ എത്രയോ ജീവിതങ്ങൾ ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ. ആശകൾ ആശങ്കകളായി മാറിയ കാലം. ആ സ്ത്രീകൾ




മുന്നോട്ടുപോയി. കല്ല് മാറ്റുന്നതല്ല മാറിയിരിക്കുന്നതായി കണ്ടു. ചിലത് അങ്ങിനെയാണ്. പിലാത്തോസ് മുദ്രവച്ച കല്ലിന്റെ പൂട്ടോ ചങ്ങലയോ ജീർണ്ണിച്ചിട്ടില്ല. മാറ്റാൻ ലോക സാധ്യതകൾ വിരളമായിരിക്കെ മാറിയിക്കുന്നതായി കണ്ട എന്ന പ്രകാശമുള്ള പദം സുവിശേഷത്തിലുണ്ട്. ആ മാറിയ കല്ല് വെറും കല്ലല്ല. ഭക്തന് ആന്തരിക നവീകരണം സംഭവിക്കേണ്ട പ്രത്യാശയുടെ മൂലക്കല്ലാണ്. വൈദ്യശാസ്ത്രമോ ശാസ്ത്രലോകമോ മാനുഷിക നേട്ടങ്ങളോ ഉത്തരം തരാത്ത ചില പ്രഹേളികകൾ അദൃശ്യമായ ദൈവീക ഇടപെടലുകളാൽ അത്ഭുതങ്ങൾ സംഭവിക്കാറുണ്ട്. ഇരുട്ടും ഉത്തരം മുട്ടലും വഴിമുട്ടിച്ചാലും നമുക്ക് നമ്മുടെ പോകാം. അത്ഭുതങ്ങൾക്കായി കാത്തിരിക്കാം.

### 2. ആഘോഷങ്ങളുടെ മധ്യേ അപഹരിക്കപ്പെടുന്ന ദൈവബോധം.

എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി 'മഗ്ദലക്കാരിയുടെ വിലാപമാണത്. അവനെ എവിടെയാണ് വച്ചിരിക്കുന്നത് എന്നെനിക്കറിഞ്ഞുകൂടാ. ശരിക്കും നോമ്പുവീടലിൽ നമ്മുടെ വിലാപമാകേണ്ടതാണിത്. ആത്മീയതയിലെ ആഘോഷങ്ങൾക്കൊന്നും കുറവില്ല. ക്രിസ്തുശിഷ്യനാണ്, ഭക്തനാണ്, രക്ഷാമാർഗത്തിലെ യാത്രികനാണ് എന്നൊക്കെ പറയാറുണ്ട്. പക്ഷേ നമ്മുടെ ദൈവം മോഷ്ടിക്കപ്പെട്ടു. എന്റെ പ്രാർത്ഥനാസമയത്തെ മോഷ്ടിച്ചത് സോഷ്യൽ മീഡിയകളാണ്, ജീവിതതിരക്കുകളാണ്, അലസതയാണ്, ആഘോഷങ്ങളുടെ ഈ പുലരിയിൽ അതു പറഞ്ഞ് മഗ്ദലക്കാരിയെപ്പോലെ കരയേണ്ടതാണ്. പിശാച് ഒരിക്കലും പ്രാർത്ഥിക്കേണ്ട എന്ന് നമ്മോട് പറയാറില്ല. പിന്നെയാകട്ടെ എന്നു മാത്രമെ പറയാറുള്ളു. അങ്ങിനെ മാറ്റിവച്ച് മാറ്റിവച്ച് എന്നിലെ ദൈവബോധം നിരന്തരം മോഷ്ടിക്കപ്പെട്ടു. ആസ്വാദനങ്ങളുടെ വേലിയേറ്റത്തിൽ ആരാധനയെ അലസമാക്കികളയുകയും നേരിയ കുറ്റബോധം പോലും തോന്നാതിരിക്കുകയും ചെയ്യുന്നു. എമ്മേവൂസിലെ വാടിയ മുഖങ്ങളും തിബര്യാസിലെ ഒന്നും കിട്ടാത്ത പഴയ വലകളുമെല്ലാം നഷ്ടപ്പെട്ടുപോയ ദൈവബോധത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്. എത്ര നിസാര കാര്യങ്ങൾക്കാണ് അവനെ നമ്മൾ നഷ്ടപ്പെടുത്തുന്നുമെന്ന ഓർമ്മ ഉള്ള് പൊള്ളിക്കണം. When we lose God. It is not God who is lost എന്നൊരു തിരിച്ചറിവായിരിക്കമെം.

### 3. ഇരുട്ടിനെ ഭേദിക്കുന്നതൊക്കെ ഉയിർപ്പ്

ഒരാളുടെ ജീവിതത്തിൻ പ്രകാരമുള്ള നിമിഷങ്ങളിലേക്ക് അയാൾ നടന്നു പോകുന്നതിന്റെ പേരാണ് ഉയിർപ്പ്. മരണം കഴിഞ്ഞ് മൂന്നാം നാളൊരു ഉയിർപ്പുണ്ടെന്നല്ല യേശു പറഞ്ഞത് മരണ നിമിഷം തന്നെയാണ് ഉയിർപ്പെന്നാണ് വി. യോഹന്നാൻ 3:14-ൽ മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയിർത്തേണ്ടതാകുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്വന്തം മരണത്തെ ഉയിർപ്പ് എന്നാണ് വിളിക്കുന്നത്. അതു തന്നെയായിരുന്നല്ലോ അവിടുത്തെ ജീവിതത്തിലെ ഏറ്റവും പ്രകാശമുള്ള നിമിഷങ്ങൾ. സാധാരണ നമ്മൾ മരണത്തെ വീഴ്ച എന്നാണ് പറയുക. കർത്താവാകട്ടെ തിരിച്ചും. മരണത്തിമേലുള്ള ഭൗതിക കാലത്തിന്റെ വിജയത്തെ വർത്തമാനകാലത്തിന്റെ വിജയമാക്കി. നീ ഇന്ന് എന്നോടുകൂടെ പറുദീസായിലിരിക്കും എന്നതിലെ 'ഇന്ന്' എന്ന വാക്കും ഇതിനോട് ചേർത്തു വായിക്കണം. മനുഷ്യജീവിതത്തിലെ വർത്തമാനകാല സഹനങ്ങളെ ഉയിർപ്പായി മാറ്റാം. അനന്തമായി കാത്തിരിക്കണമെന്നില്ല. Get up, Stand up, Stand up for our rights/Get up, Stand up don't Give up the fight (ഉണരൂ എണീക്കൂ അവകാശങ്ങൾക്കു വേണ്ടി ഉണരൂ പോരാട്ടം നിർത്താതിരിക്കൂ) എന്ന് പാടിയത് ആഫ്രിക്കയെ സ്വപ്നങ്ങളിലേക്ക് ഉയർത്തിയുണർത്തിയ നാല്പതു വയസിനു മുൻപ് കടന്നുപോയ ബോബ് മാർലി എന്ന പാട്ടുകാരനാണെന്ന് ഓർക്കണം. ഇരുട്ടിനെ ഭേദിക്കുന്നതൊക്കെ ഉയിർപ്പാണെന്നറിയണം. ഭാരതത്തിന് സ്വാതന്ത്ര്യം

ലഭിച്ചത് അർദ്ധരാത്രിയാണ്. മഹാകവി വള്ളത്തോളിനെപ്പോലെയുള്ളവർ ഇനിയെന്നും പുലരിയും പുത്തനയുർപ്പിന്റെ പ്രഭാതങ്ങളുമാണെന്ന് പാടി. എന്നാൽ മഹാകവി തന്നെ 'വെളിച്ചത്തെക്കൊണ്ട് ഇരുട്ടുണ്ടാക്കുന്നുവെന്ന്' തിരിച്ചു പാടി. സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ് നമ്മുടെ സാമൂഹിക പരിസരങ്ങളിൽ വീണ്ടും കണ്ടുമുട്ടുന്നത് രാത്രികൾ തന്നെയാണ്. ഹിജാബുകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള മുറവിളിയുടെ സ്ഥാനത്ത് നാളെ കുരിശും അംശവസ്ത്രങ്ങളുമായേക്കാം. എവിടെയും ഇരുട്ടിനെ ഭേദിക്കുന്ന ഉയിർപ്പിന്റെ ശബ്ദങ്ങളില്ല. ആളുകൾ ഏകകണ്ഠമായി മൗനത്തിന്റെ ഗൂഢാലോചനയിൽ ഏർപ്പെടുന്ന കാലത്ത് നേരുള്ള വാക്ക് ഉയിർപ്പിന്റെ വെടിയൊച്ചയാണ്. 'ചിരിക്കുമ്പോൾ ഭയങ്കരമായ വാർത്തകൾ കേൾക്കാതിരിക്കുന്നതേയുള്ളു' എന്ന് പറഞ്ഞത് ബ്രെഹ്റ്റ് ആണ്.

ഉയിർപ്പിന്റെ ചിന്തകളിൽ ഫീനിക്സ് പക്ഷിക്ക് ഒരിടമുണ്ട്. ജീവിതാന്ത്യത്തിൽ സൂര്യദേവന്റെ അൾത്താരയിൽ പച്ചിലകൾ കൂട്ടി ആത്മത്യാഗം ചെയ്യുമത്രേ. പിന്നീട് ആ ചാരത്തിൽ നിന്ന് പുതിയൊരു ഫീനിക്സ് പറയുന്നുയരുന്നു. ദീപകപക്ഷി എന്ന് വിളിക്കാറുണ്ട്. സങ്കടങ്ങളെ സടകുടയുന്നിടത്തെല്ലാം ഉയിർപ്പിന്റെ പ്രകാശരേണുക്കളുണ്ട്. ○

---

## കോതമംഗലം പള്ളിക്കേസിന്റെ വിധി സ്വാഗതാർഹം

കോട്ടയം: കോതമംഗലം പള്ളിക്കേസിനു ഒരു അവസാനം വേണമെന്നും, സുപ്രീം കോടതി വിധി നടപ്പാക്കാൻ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് മൂന്ന് ആഴ്ചക്കകം വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാനും ഹൈക്കോടതി കേരള സർക്കാരിനു നിർദ്ദേശം നൽകിയത് സ്വാഗതാർഹമാണെന്ന് മലങ്കര ഓർത്തഡോക്സ് സഭ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത. കോടതിയുടെ നിർദ്ദേശങ്ങളെ സർവ്വാത്മനാ സ്വീകരിച്ച് എല്ലാ വിശ്വാസികളും ഒരു ആരാധനാ സമൂഹമായി ഒരുമിച്ച് നിലകൊണ്ട് ഇടവകയുടെ പ്രവർത്തനങ്ങൾ ഭരണാഘടനാസൃതമായി മുമ്പോട്ടു കൊണ്ടുപോകുവാൻ തയ്യാറാകണം. ഒരു വിഭാഗത്തെ പുറത്താക്കി ദേവാലയം പിടിച്ചെടുക്കുന്നു എന്നത് ദുഷ്പ്രചരണം മാത്രമാണ്. വിധി നടപ്പിലാക്കുവാൻ കേരള സർക്കാർ സർവ്വാത്മനാ പിന്തുണ നൽകുമെന്ന് പ്രത്യാശിക്കുന്നതായി അദ്ദേഹം പറഞ്ഞു.

## കുറിഞ്ഞി പള്ളി കേസ് വാർത്ത തെറ്റിദ്ധാരണാജനകം

കോട്ടയം: കുറിഞ്ഞി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളിയെ സംബന്ധിച്ച് ഉണ്ടായ ബഹു. സുപ്രീം കോടതി വിധി വളച്ചൊടിക്കുന്നത് നിർഭാഗ്യകരമെന്ന് മലങ്കര ഓർത്തഡോക്സ് സഭ അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ. 1934-ലെ ഭരണഘടന അനുസരിച്ച് പള്ളി ഭരിക്കപ്പെടണമെന്നുള്ള ഹൈക്കോടതി വിധിയല്ല അസ്ഥിരപ്പെടുത്തിയിരിക്കുന്നത്. ആ ഇടവകയിൽ മൂന്ന് കുടുംബക്കാർക്ക് മാത്രമായി നിലനിൽക്കുന്ന പ്രത്യേകമായ അവകാശങ്ങൾ സംരക്ഷിച്ചു കിട്ടുന്നതിലേക്കാണ് ആ കുടും ബക്കാർ സുപ്രീം കോടതിയെ സമീപിച്ചത്. ഇക്കാര്യത്തിൽ അവരുടെ വാദം വീണ്ടും കേട്ട് ഹൈക്കോടതി തീരുമാനം കൈക്കൊള്ളുവാനാണ് ബഹു. സുപ്രീം കോടതി ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. 2015-ൽ ഉണ്ടായ ഹൈക്കോടതി വിധി സംബന്ധിച്ചാണ് ഇപ്പോൾ സുപ്രീം കോടതി ഉത്തരവ്. എന്നാൽ 2017 ജൂലൈ 3-ന് ബഹു. സുപ്രീം കോടതി ഭരണഘടനയുടെ സാധുത സംബന്ധിച്ച് അത് എല്ലാ പള്ളികൾക്കും ബാധകമാണെന്ന് അസന്നിഗ്ദമായി പ്രസ്താവിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ തെറ്റിദ്ധാരണ പരത്തുന്ന വാർത്തകളിൽ നിന്നും പിന്തിരിയണമെന്ന് അദ്ദേഹം പറഞ്ഞു.






# Kuriakose Gregorios College

**PAMPADY, KOTTAYAM**

0481 - 2505212, 2508212

All India College Rank (NIRF) – 100-150 Band

COURSES OFFERED

**Aided: BA Economics, B.Com, B.Sc. Physics, B.Sc. Chemistry, B.Sc. Zoology, M.Com, M.Sc. Zoology, Ph.D. in Commerce**

**Self-financing: BBA (60 seats), BA English (24)& M.Sc. Physics (20)**

**Hostel facility for girls**

# മലമുകളിലെ ഏകാകി



ഫാ. സഖറിയ തോമസ് പുതുപ്പള്ളി

പാമ്പാടി തിരുമേനി എന്നറിയപ്പെട്ടിരുന്ന കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത മലങ്കര ഓർത്തഡോക്സ് സഭയുടെ കോട്ടയം ഭദ്രാസനാധിപനായിരുന്നു (1929-1965). ജനനം 1885 ഏപ്രിൽ 5. പാമ്പാടി പേഴമറ്റത്ത് വീട്ടിൽ ചാക്കോയും ഇളച്ചിയുമായിരുന്നു മാതാപിതാക്കൾ. 1890 അഞ്ചാം വയസ്സിൽ പാമ്പാടി പള്ളിവാതുക്കൽ എൽ.പി. സ്കൂളിൽ വിദ്യാഭ്യാസം ആരംഭിച്ചു. 'മഠത്തിലാശാൻ' എന്ന അദ്ധ്യാപകനായിരുന്നു തിരുമേനിയിലെ പ്രതിഭയെ ആദ്യമായി കർമ്മപാതയിലേക്ക് ഉപനയിച്ചത്. വി. ബൈബിളുമായുള്ള അഗാധ പരിചയവും പരിശുദ്ധനായ പരുമല തിരുമേനിയുടെയും വട്ടശ്ശേരിൽ തിരുമേനിയുടെയും കടവിൽ പൗലൂസ് മാർ അത്താനാസിയോസ് പിതാവിന്റെയും സ്വാധീനവും തിരുമേനിയിലെ ആത്മാന്വേഷിയെയും പ്രാ യോഗിക മനുഷ്യനെയും രൂപപ്പെടുത്തി. ഒരു തമിഴ് ഗ്രന്ഥശേഖരം തിരുമേനി സൂക്ഷിച്ചിരുന്നു. 1899 ഫെബ്രുവരി 5ന് വൈദിക പദവിയുടെ ആദ്യ പടിയായ ശെമ്മാശുപട്ടം സ്വീകരിച്ചു. തുടർന്ന് കോട്ടയം പഴയസെമിനാരിയിൽ വൈദിക വിദ്യാഭ്യാസം, 1906 ജൂലൈ 28ന് വൈദികനായി, ഇരുപത്തിനാലു മണിക്കൂറുകൾക്ക് ശേഷം ജൂലൈ 29ന് പൂർണ്ണ സന്യാസപട്ടം (റമ്പാൻ) സ്വീകരിച്ചു. സുറിയാനി ഭാഷയിലെ പാണ്ഡിത്യം, കലാചാരുതയുള്ള കൈപ്പട, അഗാധമായ ദർശന ഗരിമ, അൻപെഴുന്ന സമീപനങ്ങൾ എന്നീ നൈപുണ്യങ്ങളാൽ അനുഗ്രഹീതൻ. 1911ൽ മെത്രാപ്പോലീത്തയായി തെരഞ്ഞെടുക്കപ്പെട്ടു. മഠത്തിലാശാൻ 1913-ൽ പാമ്പാടി പൊ ത്തൻപുറം കുന്നിൽ തന്റെ വകയായിരുന്ന 12 ഏക്കർ വനപ്രദേശം നാമമാത്രമായ വിലയ്ക്ക് ശിഷ്യന് ആശ്രമം പണിയുന്നതിനു വേണ്ടി എഴുതി നൽകി. 1965 ഏപ്രിൽ 5-ാം തീയതി രാത്രി 2.35ന് ഈ പരിശുദ്ധൻ ഇഹലോകവാസം വെടിഞ്ഞു. കൃത്യം 2.35ന് തിരുമേനി ഉപയോഗിച്ചിരുന്ന പോക്കറ്റ് വാച്ചിന്റെ പ്രവർത്തനവും നിലച്ചു.

## 'പ്രാവ് കുഞ്ഞുങ്ങളെ പാലൂട്ടുന്നത് ആര് കണ്ടു?'

വിശുദ്ധൻ ഭാവിലോകത്തിന്റെ ശിൽപിയാണ്. പുലരിയിൽ ഉറക്കെ ചിലച്ചുകൊണ്ട് വിണ്ണിലേക്ക് പറന്നുയരുന്ന പക്ഷികണക്കെയൊരു ജന്മം. അതിരാവിലെ പ്രാർഥന കഴിഞ്ഞ് ദേവാലയത്തിന് പുറത്തേക്കിറങ്ങുന്ന പാമ്പാടി തിരുമേനി ആദ്യം ദേവാലയത്തിൽ കൂടുകൂട്ടിയിരിക്കുന്ന പ്രാവുകൾക്ക് അരി കൊടുക്കും. തീറ്റ കൊടുക്കുന്ന സമയത്ത് പ്രാവുകൾ വന്ന് തിരുമേനിയെ പൊതിയും. തോളിലും തലയിലും കൈകളിലുമെല്ലാം പ്രാവുകൾ!. ആപാദചൂഡം പ്രാവുകളെ അണിഞ്ഞ തിരുമേനി!. ബഹളങ്ങളില്ലാത്ത ശുദ്ധമായ ഇടത്തേ പ്രാവുകൾ കൂടുകൂട്ടുകയുള്ളൂ. എല്ലാ വീടുകളിലും പ്രാവ് വന്ന് കയറാറില്ല. ശണ്ഠയുള്ളിടത്തുനി ന്ന് അത് ഇറങ്ങിപ്പോകും. ഭയാശങ്കകൾ ഏതുമില്ലാതെ ആ പിതാവിനോടു പറ്റിച്ചേരുവാൻ പ്രാവുകളെ പ്രേരിപ്പിക്കുന്നത് അവിടുത്തെ നൈർമ്മല്യമല്ലാതെ മറ്റെന്താണ്?

പാമ്പാടി ആശ്രമ ദേവാലയത്തിന്റെ നാലതിരുകളിലും മുഖപ്പുകളിലും നിറയെ പ്രാവുകൾ കൂടുകെട്ടിയിരിക്കുന്നു. ദേവാലയത്തിലെത്തുന്നവർ പ്രാവുമേഖലയിലാണ്. പ്രാവിൻ കണ്ണുകളിലൂടെയാണ് നാം ആശ്രമ പള്ളിയിലേക്ക് കയറിയിറങ്ങുന്നത്. തിരുമേനിയുടെ കബറിനരികെ നിൽക്കുമ്പോഴും കാതിൽ നിറയുന്നതും ബോധത്തിൽ ആർഥമായി പൊട്ടിവിരിയുന്നതും പ്രാവിന്റെ കുറുകലാണ്. അരനൂറ്റാണ്ടിലധികമായി അവരവിടെയുണ്ട്. തിരുമേനിയുടെ ഉള്ളം കൈയ്യിൽനിന്ന് അരി കൊത്തിയെടുത്ത പ്രാവിണകളുടെ പിൻമുറക്കാരാണിവർ. ദയറായിലെ മണിനാദത്തിന്റെയും പ്രാർഥനയുടെയും സാന്ദ്രമായ മൗനത്തിന്റെയും അനുശീലനമാണവയുടെ ഭംഗി. ഈ ആശ്രമ പരിസരം ഒരു പ്രാവുമണ്ഡലമാണ് (Dove Territory). പറന്നു പോയി വിശ്രമിക്കുന്ന മിണ്ടാപ്രാവുകളാണവ (Silent Doves). വലിയ കൊത്തുകൂടലുകളോ ചിറകടി ശബ്ദങ്ങളോ അവയ്ക്കിടയിലില്ല. അവരുടെ നിരീക്ഷണ പരിധിയിലായിരിക്കുന്നത് നമ്മെ കൂടുതൽ അയവുള്ളവരാക്കുന്നു.

പ്രകൃതിയും ജീവജാലങ്ങളും തിരുമേനിയുടെ പാഠപുസ്തകങ്ങളും പ്രിയഭാജനങ്ങളും ആയിരുന്നു. പേഴമറ്റത്ത് ശ്രീ പി. എ. ജോൺ ഓർക്കുന്നു; അദ്ദേഹത്തിന്റെ കുട്ടിക്കാലത്ത് തിരുമേനി പലപ്പോഴും ശാന്തമായി എന്തോ ഉരുവിടുന്നത് ശ്രദ്ധയിൽപെട്ടു. അടുത്തു ചെന്ന് ശ്രദ്ധിച്ചപ്പോൾ അതിപ്രകാരമായിരുന്നു 'പ്രാവ് തന്റെ കുഞ്ഞുങ്ങളെ പാലൂട്ടുന്നത് ആര് കണ്ടു?' പ്രാവ് കുഞ്ഞുങ്ങളെ പാലൂട്ടുമോ? പാലൂട്ടും. പക്ഷേ, അത്രമേൽ സൂക്ഷ്മദൃക്കായ ഒരാൾക്കു മാത്രമേ ഇങ്ങനെയുള്ള കാഴ്ച ലഭ്യമാവുകയുള്ളൂ.

പ്രാവുകൾ തീവ്രമായ രക്ഷകർതൃത്വം നിർവഹിക്കുന്നവരാണ്. ഏറെ നിർമ്മലമാണവയുടെ സമീപനം. ആരെങ്കിലും അടയിരിക്കുന്ന മുട്ടയിൽ തൊട്ടാൽ വേദനയോടെ കുറുകിക്കൊണ്ട് അവ ആ കൂടു വിട്ടു പോകും. കുഞ്ഞുങ്ങൾ വിരിയുമ്പോൾ ആൺപ്രാവും പെൺപ്രാവും അവയെ പാലൂട്ടും. പകുതി ദ്രവരൂപത്തിലുള്ള ഒരു പദാർഥമാണ് ഇത്. പ്രാവിന്റെ കഴുത്തിലുള്ള ഗ്രന്ഥികളിലാണ് ഇത് സൂക്ഷിക്കപ്പെടുന്നത്. മുട്ട വിരിയുന്നതിനു രണ്ടു ദിവസം മുമ്പുതന്നെ പ്രാവുകളുടെ ഗ്രന്ഥികളിൽ ഈ പാൽ നി റഞ്ഞിരിക്കും. കുഞ്ഞുങ്ങൾ വിരിഞ്ഞതിനു ശേഷം പോഷക സമൃദ്ധമായ ഈ ഭക്ഷണം വീണ്ടും വായിലെത്തിച്ച് നേർപ്പിച്ച് കുഞ്ഞുങ്ങൾക്ക് നൽകും. മുട്ട വിരിഞ്ഞ് കുറേ ദിവസം ഇതാണ് പ്രാവിൻകുഞ്ഞുങ്ങളുടെ ഭക്ഷണം.

തിരുമേനിയുടെ അപാരമായ നിരീക്ഷണ പാടവവും കരുണയുമാണ് ഇവിടെ വ്യക്തമാകുന്നത്. ഒരു തള്ള പ്രാവിനെപ്പോലെ ചിറകിനടിയിൽ വച്ച് നമ്മെ പാലൂട്ടുന്ന ദൈവ കരുണയുടെ ധ്യാനമാണിത്. അൻപു നിറഞ്ഞ ജീവിതത്തിനേ ഇതൊക്കെ സാധ്യമാവുകയുള്ളൂ. പ്രാർഥനാ മനുഷ്യൻ ഒരു കന


ഇരുപതാം ചരമവാർഷികം
03.03.2022
ഫാ. കെ.എസ്. ജേക്കബ്
പകലോമറ്റം, മാട്ടേൽ കക്കാട്ട്, മീനടം
ലളിതസൗമ്യവും കർമ്മനിരതവുമായ
സമർപ്പിത ജീവിതത്തിന്റെ ദീപ്തസ്മരണകൾ
സന്തപ്ത കുടുംബാംഗങ്ങൾ

ൽച്ചട്ടിപോലെയാണ്. ഒരിറ്റു തീപ്പൊരിയെങ്കിലും അവശേഷിക്കുന്നുവെങ്കിൽ വലിയൊരു തീജ്വാലയുണ്ടാക്കാം. എന്നാൽ ആ തീപ്പൊരിയില്ലാതെ തീയില്ല. പൗരസ്ത്യ പാരമ്പര്യത്തിൽ ഒരു വിശുദ്ധനും 'രക്ഷിക്കപ്പെട്ടു' എന്ന് അവകാശവാദം ഉന്നയിക്കുന്നില്ല. അവർ എപ്പോഴും യാത്രയിലാണ്. തീർച്ചയായും അവർക്ക് വീഴ്ചകളുണ്ടായിരിക്കാം. പക്ഷേ, അവർ വീണിടത്തുനിന്ന് എഴുന്നേറ്റു. ജീവിതത്തിന്റെ അനുനിമിഷങ്ങളെ അവർ പ്രാർഥനയാക്കി.

**മഹത്വമുള്ളത് പോപ്പുലറാവില്ല!**

ജി. അരവിന്ദന്റെ വലിയ ലോകവും ചെറിയ മനുഷ്യരും എന്ന ഗ്രാഫിക് നോവലിൽ ഒരു പരാമർശമുണ്ട് 'മഹത്വമുള്ളത് പോപ്പുലറാവില്ല'. തിരുവല്ലയ്ക്കും ഏറ്റുമാനൂരിനും അപ്പുറം പാമ്പാടി തിരുമേനിയെ അറിയാത്ത സഭാ വിശ്വാസികൾ ഇന്നുമുണ്ട്. പുരോഹിതൻ ജനപ്രിയനാവുകയല്ല ജനങ്ങൾക്കുവേണ്ടി നല്ലതു ചെയ്യുകയാണ് വേണ്ടത്. പാമ്പാടി തിരുമേനി ഒരിക്കലും ജനപ്രിയതയുടെ പിന്നാലെ പോയില്ല. അതേസമയം അർഹമായ ആദരവിൽ സംതൃപ്തനുമായിരുന്നു. 'കോട്ടയത്ത് മനോരമയിൽനിന്ന് വന്ന ഒരു ഫോട്ടോഗ്രാഫർ പള്ളിയുടെയും ദയറായുടെയും നമ്മുടെയും പടം എടുത്തു. ഞായറാഴ്ചത്തെ പത്രത്തിൽ ഇടുന്നതിനുവേണ്ടിയാണ് (ഡയറി - 64 ജൂലൈ 10)'. ആദ്യം പള്ളി, പിന്നെ ദയറ, അവസാനം 'നാം' ഈ മുൻഗണനാക്രമം ശ്രദ്ധേയമാണ്.

ഇന്ന് ആത്മീയമായും സാമുദായികമായും തരിശായ സമൂഹമായി നാം മാറുന്നു. അതുകൊണ്ട് സഭയിലെയും ഇതര മണ്ഡലങ്ങളിലെയും പൊതു മണ്ഡലം വിശ്വാസി സമൂഹം തിരികെ കൈവശപ്പെടുത്തിയേ തീരൂ. അതിനെ ദൈവികവും സുതാര്യവും ആക്കുക മാത്രമല്ല വിജ്ഞാന വിരോധികളും പ്രതിലോമകാരികളും വ്യവഹാരദാഹികളുമായ ശക്തികളുടെ വിളയാട്ടം സഭാന്തരീക്ഷത്തിലും സമൂഹത്തിലും അംഗീകരിക്കുകയുമരുത്. വ്യവഹാരപൂരിതമായ സഭാന്തരീക്ഷത്തിൽ പാമ്പാടി തിരുമേനി ഉയർത്തിയ ആത്മീയ ബദലായിരുന്നു പാമ്പാടി ദയറ. രണ്ടു കൂട്ടർ തമ്മിലുള്ള തർക്കം തീർക്കാൻ ഒരു പള്ളിയിൽ ചെന്നപ്പോൾ വി. കുർബ്ബാനയ്ക്കു ശേഷമുള്ള ഉപവാസം പ്രഖ്യാപിച്ചുകൊണ്ടാണ് ആ പ്രശ്നത്തെ നേരിട്ടത്. ഇരുകൂട്ടരും തിരുമേനിയുടെ അടുത്തെത്തി തർക്കം രമ്യതയിലായി. വൈരുദ്ധ്യങ്ങളെ വെളിച്ചമുള്ള ഒരു ബിന്ദുവിലേക്ക് നയിക്കാൻ പ്രതിഭയ്ക്കേ കഴിയൂ.

**മനുർഭവ:** മനുഷ്യനാവുക എന്ന മഹത്തായ കലയിലേക്ക് സ്വസമുദായത്തെയും ചുറ്റുവട്ടങ്ങളെയും പാമ്പാടി തിരുമേനി കൈപിടിച്ചു നടത്തി. ജീവിതത്തിന്റെ ഇരുണ്ട ഗുഹകളിൽനിന്ന് സ്വാർഥതയുടെ ജീർണ്ണ ഗന്ധമുള്ള കബറിടങ്ങളിൽനിന്ന് മനുഷ്യസമുദായത്തെ പുറത്തുകൊണ്ടുവരികയാണ് ഗുരുക്കന്മാരുടെ നിയോഗം. സുവിശേഷത്തിൽ ലാസറിന്റെ കബറിടത്തിനു മുമ്പിൽനിന്ന് കണ്ണിൽ കണ്ണീരും നെഞ്ചിൽ സ്നേഹവും നിറച്ച് യേശു വിളിക്കുന്നു 'ലാസറേ പുറത്തു വരിക!' ഇത് ആന്തരികമായ ഒരു ഉയർത്തെഴുന്നേൽപ്പുകൂടിയാണ്. യുഗങ്ങളായി എല്ലാ ഗുരുക്കന്മാരും മനുഷ്യനെ അവന്റെ കബറിടങ്ങളിൽനിന്ന് പുറത്തേക്ക് ക്ഷണിക്കുകയാണ്. ജഡമാണ് കബറിലെ മുഖ്യ വിഷയം. ശരീരത്തിന്റെ ആസക്തികൾ, അസ്കൃതകൾ, കൊതിക്കെറുവ് എല്ലാം ഇതിൽപെടും. 'കർത്താവേ! നാറ്റം വച്ചുതുടങ്ങി നാലു ദിവസമായല്ലോ' എന്ന് അന്ന് സങ്കടം പറഞ്ഞ മാർത്തയുടെ സാന്നിധ്യത്തിൽ സഹോദരി മറിയ വിലയേറിയ സുഗന്ധതൈലംകൊണ്ട് യേശുവിന്റെ പാദങ്ങളെ കഴുകുന്നുണ്ട്. ജീവിച്ചെഴുന്നേറ്റ ലാസറും ആ വീട്ടിലുണ്ടായിരുന്നു. സുവിശേഷത്തിൽ നാം വായിക്കുന്നു തൈലത്തിന്റെ ഗന്ധംകൊണ്ട് വീട് നിറഞ്ഞു (വി. യോഹന്നാൻ 12:3). കല്ലറയുടെ ദുർഗന്ധത്തിൽനിന്ന് തൈലത്തിന്റെ സുഗന്ധത്തിലേക്ക് യേശുവിന്റെ സാന്നിധ്യത്തിൽ ആ ഭവനം പരിവർത്തനം ചെയ്യപ്പെട്ടു.

പ്രകൃതിയിലെ സകല ചരാചരങ്ങളോടും രമ്യതയിലായ താളനിബദ്ധമായൊരു ജീവിതം പൊത്തൻപുറം കുന്നിൽ തിരുമേനി നയിച്ചു. പടിഞ്ഞാറൻ കടൽകാറ്റിന്റെ ഉപ്പും കിഴക്കൻ മലയിലെ കോടമഞ്ഞിന്റെ തണുപ്പും ആ കുന്നിൽ കുശലം പറഞ്ഞു. നമ്മുടെ ജീവിതത്തിന്റെ തഴക്കദോഷങ്ങളുടെ മാറാലകളിൽനിന്ന് പുറത്തുവരണമെന്നും നമുക്കതിനു കഴിയുമെന്നും ഈ വിശുദ്ധ ജീവിതം മന്ത്രിക്കുന്നുണ്ട്. അപരോന്മുഖമായ ജീവിതമായിരുന്നു പാമ്പാടി തിരുമേനിയുടേത്. പുതിയ കാലത്തെ മനുഷ്യൻ അങ്ങനെയാവണമെന്ന് തിരുമേനി കരുതി. 'അരുളില്ലെങ്കിലസ്ഥിതോൽസിര നാറുന്നോരുടമ്പുതാനവൻ' എന്ന് 'അനുകമ്പാദശകം'പറയുന്നു. മനുഷ്യൻ എന്ന മഹാപദത്തിന്റെ പെരുളാഴം അറിഞ്ഞ മുനിയായിരുന്നു പാമ്പാടി തിരുമേനി. മൽസരത്തിന്റെയും വിദ്വേഷത്തിന്റെയും ലോകത്തുനിന്ന് പുറത്തു കടന്ന് പ്രാർഥനയുടെയും അനുരഞ്ജനത്തിന്റെയും കരുതലിന്റെയും ജീവിത മാതൃക സ്വസമുദായത്തിനും സമൂഹത്തിനും അവിടുന്ന് സമർപ്പിച്ചു. മെത്രാപ്പോലീത്ത ആയിരുന്നപ്പോഴും യേശുവിനോട് ചേർന്നുനിന്ന് ജീവിതത്തിന്റെ പൊരുൾ അന്വേഷിക്കുകയാണദ്ദേഹം ചെയ്തത്. ആധ്യാത്മികതയുടെ കന്യാവനങ്ങളിൽ ഒരു പക്ഷിയെപ്പോലെ പരിശുദ്ധ പിതാവ് വിഹരിച്ചു. പർണ്ണശാലയിലിരുന്ന് ഉള്ളിലേക്ക് നോക്കി അവിടുന്ന് പകർന്ന ദർശനങ്ങൾ (ഫിലോസഫി) കാലാന്തരത്തിൽ പുതിയ അർഥങ്ങൾ ചേർന്ന് കനപ്പെട്ടു വരുന്നു. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തോടുള്ള വിനീതമായ പ്രത്യഭിവാദ്യമായിരുന്നു പാമ്പാടി തിരുമേനിയുടെ ജീവിതം.

ദൈവശബ്ദത്തിനു കാതോർക്കുക എന്നതാണു പ്രധാനം. ഓർത്തഡോക്സ് ക്രൈസ്തവ പാരമ്പര്യത്തിലെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ പരിശുദ്ധ റൂഹാ വിളിക്കുന്നു എന്ന ഒരു ആഹ്വാനമുണ്ട്. അതിപുരാതനവും സാർവ്വലൗകികവുമായ തലംകൂടി ഈ വിളിക്കുണ്ട്. മോശയെ ചതുപ്പിലെ ഞാങ്ങണകൾക്കിടയിൽനിന്ന് വിളിച്ചു, ഇസ്രായേലിനെ മിസ്രേയിമിലെ ഫറവോന്റെ ഇറച്ചിക്കലങ്ങൾക്കരികെനിന്ന്, ഗിദയോനെ ചക്കിന്റെ ഒളിമറയത്തുനിന്ന്, ഏലീശയെ വയലിൽ കാള പൂട്ടുന്നിടത്തുവച്ച്, സുവിശേഷത്തിൽ ശിഷ്യന്മാരെ വലക്കണ്ണികളുടെ അഴിയാക്കുരുക്കിൽനിന്ന്, വാൽമീകിയെ ചിതൽപ്പുറ്റിൽനിന്ന്, സിദ്ധാർഥരാജകുമാരനെ അന്തപ്പുരത്തിലെ ശയനമുറിയിൽനിന്ന്. പുരാതനമായ ഈ വിളിയുടെ മാറ്റൊലി ഇന്നും മുഴങ്ങുന്നുണ്ട്. നിത്യതയിലേക്കുള്ള ഉപനയനമാണ് ഈ വിളി. ○

40–ാം ചരമദിനം

27–02–2022, ഞായർ



**എൻ.വി. തോമസ്**

(തോമാച്ചൻ)

ഭാര്യ: പരേതയായ അന്നമ്മ തോമസ്

മക്കൾ:

ജോജി തോമസ്

ജോബിൻ തോമസ്

(പ്രൊമോട്ടർ മലങ്കരസഭാ മാസിക, ദേവലോകം)

ജോളി തോമസ്, ജോസി തോമസ്

ഫെബ്രുവരി 27/2/2022 രാവിലെ 8–ന് വിശുദ്ധ കുർബ്ബാനയും ധൂപപ്രാർത്ഥനയും മല്ലപ്പള്ളി പാതിക്കാട് സെന്റ് പീറ്റേഴ്സ് & സെ. പോൾസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തപ്പെട്ടു.



## പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവയുടെ പ്രായോഗിക ജ്ഞാനത്തെപ്പറ്റി പുസ്തകം തയ്യാറാക്കുന്നു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവയുടെ ജീവിതവും ഭരണകാലവും വിലയിരുത്തുമ്പോൾ അദ്ദേഹത്തെ നയിച്ചിരുന്ന പ്രായോഗികജ്ഞാനത്തിന്റെ (Practical Wisdom) അനുഭവങ്ങൾ ഒട്ടേറെയാണ്. പരിശുദ്ധ പിതാവിന്റെ പ്രായോഗികജ്ഞാനം വെളിപ്പെടുത്തുന്നവയായിരുന്നു അദ്ദേഹ ത്തിന്റെ തീരുമാനങ്ങളും നിഗമനങ്ങളും പ്രവർത്തനങ്ങളും. ഇത്തരം സംഭവങ്ങൾ കേൾക്കുകയും അറിയുകയും ചെയ്തിട്ടുള്ളവർ ധാരാളം പേരുണ്ട്. വട്ടക്കുന്നേൽ ബാവയുടെ ദൈവവിശ്വാസവും പ്രാർത്ഥന ജീവിതവും ആചാരനുഷ്ഠാനങ്ങളിലുള്ള തീവ്രതയും നേതൃപാടവവും ആജ്ഞാശക്തിയും സഭാസ്നേഹവും വിഖ്യാതമാണല്ലോ. അദ്ദേഹത്തിന്റെ സഭാചരിത്രത്തിലും, സുറിയാനിഭാഷയിലും, കാനോനിലും ഉള്ള പാണ്ഡിത്യം, വചനശുശ്രൂഷ, ആരാധനാക്രമങ്ങളുടെ ഏകീകരണം, വിശുദ്ധ കുർബ്ബാനയുടെയും തക്സാകളുടെയും ഇംഗ്ലീഷ് പരിഭാഷ, അവൈദിക നായിരിക്കുമ്പോൾ മാനേജിംഗ് കമ്മിറ്റിയിലുള്ള പ്രവർത്തനങ്ങൾ എന്നിവയും ഏറെ ശ്രദ്ധേയങ്ങളായിരുന്നു.

മലങ്കര അസോസിയേഷനും മാനേജിംഗ് കമ്മിറ്റിയും നിയന്ത്രിക്കുമ്പോൾ പ്രകടിപ്പിച്ചിട്ടുള്ള കർമ്മധീരതയും സഭാകേസുകളിൽ പ്രകടിപ്പിച്ചിട്ടുള്ളസാക്ഷ്യങ്ങൾ എന്നിവ തിരുമേനിയുടെ പ്രായോഗികജ്ഞാനത്തെകുറിക്കുന്നവയായിരുന്നു ഇത്തരത്തിലുള്ള സംഭവകഥകൾ ശേഖരിക്കുന്നതിന് ഞാൻ ശ്രമിക്കുകയാണ്. അതുകൊണ്ട് അത്തരം സംഭവങ്ങൾ അറിയുന്നവരും അറിയുന്നവരെ അറിയാവുന്നവരും ദയവായി എന്റെ സംരംഭത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

George T. Paul, Thtatungal House, 3, Vrind½nam Colony, Vttyila P.O., Kochi 682 019, Mobile : 9446288485, 6238658248, Email : georgetplic@gmail.com

## ആരാധന സംഗീത പരിശീലനം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക സംഗീത വിഭാഗമായ ശ്രുതി ആരാധനാ സംഗീത വിദ്യാലയം ഓൺലൈൻ ആരാധന സംഗീത പരിശീലനം ആരംഭിക്കുന്നു. ബാഹ്യ കേരള മെത്രാസനത്തിൽ ആരംഭിച്ചതും വിജയകരമായി 500 ലധികം വിദ്യാർഥികൾ പഠനം പൂർത്തികരിച്ചതുമായ കോഴ്സ് ഇപ്പോൾ കേരളത്തിലുള്ളവർക്കായി ആരംഭിക്കുന്ന കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. സുറിയാനി സംഗീതത്തിലെ അഷ്ടരാഗങ്ങൾ (എക്കാറ) പരിശീലനം ഈ കോഴ്സിൽ നടത്തപ്പെടുന്നു. 2022 ഏപ്രിൽ മാസം തുടങ്ങുന്ന കോഴ്സിന് രണ്ട് മാസമാണ് കാലാവധി. ഫീസ് 2500/- രൂപാ. ക്ലാസ്സുകൾക്ക് ഫാ. ഡോ. എം. പി. ജോർജ്ജ് അച്ചനും ശ്രുതി സംഗീത വിദ്യാലയത്തിലെ അദ്ധ്യാപകരും നേതൃത്വം നൽകുന്നു. വിജയകരമായി കോഴ്സുകൾ പൂർത്തീകരിക്കുന്നവർക്ക് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി സർട്ടിഫിക്കറ്റുകൾ നൽകും. കൂടുതൽ വിവരങ്ങൾക്ക് srutimusics@gmail.com, Mob:9656775174

## ശുശ്രൂഷകനെ ആവശ്യമുണ്ട്

ചണ്ഡിഗഢ് സെന്റ് മേരീസ് ഇടവകയുടെ പ്രധാന ശുശ്രൂഷകനായും പാർട്ട് ടൈം അക്കൗണ്ടന്റായും പ്രവർത്തിക്കാൻ താൽപര്യമുള്ള മദ്ബഹാ ശുശ്രൂഷകരായിട്ടുള്ള ശുശ്രൂഷകനെ ആവശ്യമുണ്ട്. ബയോഡേറ്റ ഇടവക വികാരിയുടെ ശുപാർശയോടു കൂടി അയയ്ക്കുവാൻ ബന്ധപ്പെടുക.

**വികാരി: ഫാ. ജേക്കബ് ജോർജ് 9447661961**



## കെ.സി. അന്നാമ്മ ടീച്ചർ

കൊള്ളന്നൂർ വീട്


വെസ്റ്റ് മങ്ങാട്, പഴഞ്ഞി

(കുന്നംകുളം ഭദ്രാസനം)

ജനനം: 16.7.1932 മരണം: 11.03.2012

"ഞാൻ നല്ല പോർ പൊരുതു; ഓട്ടം തികച്ചു, വിശ്വാസം കാത്തു; ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു."
(2 തിമോത്തി 4:7)

## For Favours Received



Eapen Jacob
Thiruvalla




Saramma
Thomas



ഒരു വിശ്വാസി

**Thomas Philip** Mob :9947242905
threadcorner2018@gmail.com 9947112982



**THREAD CORNER**

*All kinds of Tailoring & Church Cloth Materials*

1st floor Marattukalam Buildings
Near K.S.R.T.C, Changanacherry

കാപ്പതുണി, വിദേശ കാപ്പതുണി, കുപ്പായതുണി, തിരശ്ശീലയ്ക്ക് ആവശ്യമായ തുണിത്തരങ്ങൾ, വെൽവെറ്റ്, കമ്പിളി നൂൽ, ലെയ്സ് ഐറ്റംസ്, മുത്തുക്കുടയ്ക്ക് ആവശ്യമായ തുണിത്തരങ്ങളും ലഭ്യമാണ്

# ചരിത്ര നിമിഷമായി മാരാമൺ

| അലക്സ് തെക്കൻനാട്ടിൽ



നൂറ്റാണ്ടിൽ ഒരിക്കൽ മാത്രം ഉണ്ടാകുന്ന തരത്തിലുള്ള മഹാപ്രളയത്തിൽ പരന്നൊഴുകുന്നതിനിടയിലാണ് നദികൾ പുതിയ കൈവഴികൾ സൃഷ്ടിക്കുന്നത്. നദികൾ വളഞ്ഞുപുളഞ്ഞ് ഒഴുകുമ്പോൾ അകവളവിന്റെ എതിർദിശയിൽ ധാരാളം എക്കൽ അടിഞ്ഞ് കരയുണ്ടാകുന്നതായി തോന്നും. എന്നാൽ ഇത്തരം പ്രളയം വരുമ്പോൾ വെള്ളം തള്ളിക്കയറി കരമുറിഞ്ഞ് നദി പാഞ്ഞൊഴുകും. നദികൾ വഴിമാറി ഒഴുകുന്നതും ഇങ്ങനെയാണ്.

പ്രളയകാലത്ത് പമ്പാ നദിയും ഇങ്ങനെയായിരുന്നു. ഈ നദിയിലെ മാരാമൺ മണൽപ്പുറം ഇത്തവണ വേനലിലും കരകവിഞ്ഞ് ഒഴുകി. അത് അപ്രതീക്ഷിതമായി എത്തിയ പ്രളയ ജലം കൊണ്ടായിരുന്നില്ല. മറിച്ച് സഭാ സഹോദര്യത്തിന്റെ നീർച്ചാലുകൾ കരകവിഞ്ഞ് എത്തുകയായിരുന്നു. മലങ്കര ഓർത്തഡോക്സ് സഭയും മാർത്തോമ്മാ സഭയും പുതിയ നീർച്ചാലുകൾ സൃഷ്ടിച്ച് സംഗമിച്ച് ഒഴുകുകയായിരുന്നു എന്നു പറയുന്നതിൽ അതിശയോക്തി ഉണ്ടെന്ന് തോന്നുന്നില്ല.

2022 ഫെബ്രുവരി 16. മാരാമൺ കൺവൻഷനിലെ എക്യുമെനിക്കൽ സമ്മേളനം. പ്രധാന പ്രസംഗകനായി എത്തുന്നത് മലങ്കര ഓർത്തഡോക്സ് സഭയുടെ അധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായാണ്. ഭാഗ്യസ്മരണാർഹനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഓർമപെരുന്നാളിൽ പങ്കെടുത്ത് മാവേലിക്കരയിൽ നിന്നുമാണ് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി എത്തിയത്. മാർത്തോമ്മാ സഭയുടെയും സുവിശേഷ പ്രസംഗം സംഘത്തിന്റെയും സ്ഥാനികളും ഭാരവാഹികളും ചെപ്പള്ളിപുരയിടത്തിൽ കാത്ത് നിൽപ്പുണ്ടായിരുന്നു പമ്പായാറ്റിൽ നിർമിച്ച താത്കാലിക പാലത്തിലൂടെ ബാവാ തിരുമേനി ചരിത്ര പ്രസിദ്ധമായ മാരാമൺ കൺവൻഷൻ പന്തലിലേക്ക് പ്രവേശിക്കുമ്പോൾ ഓർത്തഡോക്സ് മാർത്തോമ്മാ സഭകൾക്കിടയിൽ മറ്റൊരു ചരിത്രം കൂടി പിറക്കുകയായിരുന്നു.

മാർത്തോമ്മാ സഭാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോഴാണ് പരിശുദ്ധ ബാവാ എത്തിയത്. മാർത്തോമ്മാ മെത്രാപ്പൊലീത്ത പ്രസംഗം നിർത്തി വേദിയുടെ പിന്നിലേക്ക് എത്തി സഹോദര സഭാധ്യക്ഷനെ ഹസ്തദാനം ചെയ്ത് സ്വീകരിച്ചു. മാരാ മണ്ണിൽ എത്തിയതിന്റെ സന്തോഷം പങ്കിട്ട് വീണ്ടും സ്വാഗതം ആശംസിക്കുകയും ചെയ്തു.

മലങ്കര ഓർത്തഡോക്സ് സഭയുടെ അധ്യക്ഷൻ പന്തിലേക്ക് പ്രവേശിച്ചപ്പോൾ വേദിയിലുണ്ടായിരുന്ന കൽദായ സഭയിലെ മാർ ഔഗേൻ കുര്യാക്കോസ് തിരുമേനിയും സദസ്സിലുണ്ടായിരുന്ന മാർത്തോമ്മാ സഭയിലെ എപ്പിസ്കോപ്പമാരും വൈദികരും വിശ്വാസികളും ഉൾപ്പെടെയുള്ള വലിയ സമൂഹം എഴുന്നേറ്റ് നിന്ന് ആദരവും സ്നേഹവും പ്രകടപ്പിക്കുന്നത് കാണാമായിരുന്നു.

മാരാമൺ കൺവൻഷന്റെ 127 വർഷത്തെ ചരിത്രത്തിനിടയിൽ ആദ്യമായാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ ഒരു അധ്യക്ഷൻ മാരാമൺ പന്തലിൽ എത്തുന്നതും പ്രധാന പ്രസംഗകനാകുന്നതും. ബാവാ തിരുമേനിയുടെ 40 മിനിട്ട് നീണ്ട പ്രസംഗത്തിൽ നിഴലിച്ചു നിന്നത് സ്നേഹവും സാഹോദര്യവും കരുതലുമായിരുന്നു.

11 വർഷം മുൻപ് ( 2011ൽ) പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് മാരാമൺ കൺവൻഷനിൽ പങ്കെടുക്കാൻ ലഭിച്ചിരുന്നു. സാമൂഹിക തിൻമകൾക്കെതിരിയെള്ള യോഗത്തിലെ പ്രധാന പ്രസംഗനായിരുന്നു പരിശുദ്ധ ബാസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ. മാരാമണ്ണിൽ എത്തിയെങ്കിലും അന്ന് പന്തലിൽ യോഗം നടന്നില്ല. ശക്തമായ വേനൽമഴ കാരണം യോഗം കോഴഞ്ചേരി മാർത്തോമ്മാ പള്ളിയിലേക്ക് മാറ്റിയിരുന്നു. ഇവിടെ പൗലോസ് ദ്വിതീയൻ ബാവാ പ്രസംഗിക്കുകയും ചെയ്തു.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ കൊല്ലം ഭദ്രാസനാധിപനായിരുന്ന കാലയളിൽ നിരവധി തവണ മാരാമൺ കൺവൻഷനിൽ സംബന്ധിക്കുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്.

സമപ്രായക്കാരായ 2 സഭാധ്യക്ഷൻമാരാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായും ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്തയും. ഇരുവർക്കും 73 വയസ്സ്. ഫെബ്രുവരിയിലാണ് ഇവരുടെ ജന്മദിനം. പരിശുദ്ധ ബാവായുടെ ജന്മദിനത്തിൽ കോഴിമല ആശാഭവനിൽ ഇരുവരും ചേർന്ന് ഒലിവുതൈ നട്ടത് സഭാ സഹോദര്യത്തിന്റെ പുതിയ പച്ചപ്പായിരുന്നു.

ദൈവ കൃപയിൽ ക്രിസ്തുവിൽ ഒന്നാകുക എന്ന വലിയ സാക്ഷ്യം ഇരു സഭകൾക്ക് ഇടയിലും കാണുന്നത് മലങ്കരമക്കൾക്ക് പ്രതീക്ഷ നൽകുന്നു. ○

# മാരാമൺ കൺവൻഷൻ വേദിയിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നടത്തിയ പ്രഭാഷണം

## വ്യവസ്ഥകളില്ലാത്ത അപരസ്നേഹം

നൂറ്റിയിരുപത്തേഴാമത് മാരാമൺ കൺവൻഷനിൽ ഞാൻ പങ്കെടുക്കുമ്പോൾ, പമ്പാനദിയുടെ മണൽപ്പരപ്പിലെ പന്തലിൽ നിന്നും വിദൂരതയിൽ ഓൺലൈനായും സംബന്ധിക്കുന്നവരും അനേകം തവണ ഇവിടെ വന്നിട്ടുള്ളവരാണ്. എന്നാൽ ഞാൻ ഇവിടെ നവാഗതനാണ്. ഇങ്ങനെ ഈ വർഷത്തെ എക്യൂമെനിക്കൽ സമ്മേളനത്തിലേക്ക് ക്ഷണിക്കപ്പെടുവാൻ ഭാഗ്യം ലഭിച്ചതിനെ ദൈവ നിയോഗമായി ഞാൻ മനസ്സിലാക്കുന്നു. ഞാൻ സഭയുടെ കാതോലിക്കയായി ഉയർത്തപ്പെട്ടത്തിനു ശേഷം ആദ്യമായി എന്നെ മറ്റൊരു സഭ ക്ഷണിച്ചു സ്വീകരിച്ചത് മാർ ത്തോമ്മാ സഭയാണ്. അനേകം സമ്മേളനങ്ങളിൽ സഭയിലെ സഫ്രഗൻ തിരുമേനിമാരും മറ്റു തിരുമേനിമാരും സംബന്ധിക്കുകയും അവരുടെ സഹകരണവും സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്റെ നന്ദി ഞാനറിയിക്കട്ടെ.

അഭിവന്ദ്യ തെയോഡോഷ്യസ് മെത്രാപ്പോലീത്താ തിരുമേനി, സഭൈക്യത്തിന്റെ പ്രാധാന്യവും പ്രസക്തിയും വളരെ പണ്ഡിതോചിതമായി ഇവിടെ സംസാരിച്ചു. തിരുമേനി പറഞ്ഞുനിർത്തിയിടത്തുനിന്നും ആരംഭിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അതിഥി തൊഴിലാളികൾ നമ്മുടെ സഹോദരങ്ങളാണ് എന്നു തിരുമേനി പറയുകയുണ്ടായി, എത്ര ഉന്നതമായ വീക്ഷണം ആണ്. അവർ ക്രിസ്ത്യാനികൾ അല്ല, മറ്റു മതസ്ഥരാണ്. ഉപജീവനാർത്ഥം ഇവിടെ എത്തിയവരാണ്. അവരെ സഹോദരങ്ങളായി കാണുവാൻ സാധിക്കുന്നത് oikumene എന്ന വിശാല ആശയത്തിന്റെ ഭാഗമാണെന്നതിൽ സംശയമൊന്നുമില്ല.മതത്തിന്റെ വേലിക്കെട്ടിനപ്പുറത്തു മനുഷ്യനെ ദൈവ മക്കളായി കാണുന്നതിനുള്ള മാനവികതയുടെ വിശാലമായ അർത്ഥമാണ് oikumene ഉൾക്കൊള്ളുന്നതെന്നു തിരുമേനി നമ്മെ ബോധ്യപ്പെടുത്തി.

വി.വേദപുസ്തകത്തിലെ ഒരു വാക്യത്തെ അടിസ്ഥാനമാക്കി oikumene യുടെ ചില ആശയങ്ങൾ പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നു.

'മനുഷ്യർ നിങ്ങൾക്ക് ചെയ്‌വാൻ നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ' മത്തായി 7:12

യേശുവിന്റെ ആഹ്വാനം സാർവത്രിക സ്വഭാവമുള്ള ഉപദേശമാണ്.




അവിടെ നിങ്ങളുടെ സഹോദരങ്ങൾ എന്നോ ക്രിസ്ത്യാനികളെന്നോ പറയുന്നില്ല. ദൈവ സൃഷ്ടിയിലുള്ള എല്ലാ മനുഷ്യരെയും കുറിച്ചാണ് പരാമർശം. അതാണ് oikumene യുടെ സാർവ്വ ലൗകിക വീക്ഷണം. അതെങ്ങനെ പ്രാവർത്തികമാക്കാൻ സാധിക്കും എന്നു ചിന്തിക്കേണ്ട ഒരു സന്ദർഭമാണിത്. ഈ വേദഭാഗത്തെ സംബന്ധിച്ച് വേദപുസ്തക പണ്ഡിതന്മാർ പറയുന്നത് ക്രിസ്തീയതയുടെ സുവർണ്ണ നിയമം Golden rule of Christianity എന്നാണ്. മറ്റൊരാൾ പറയുന്നത് The Everest of ethics എന്നാണ്. സർവ്വ മനുഷ്യരും ഒരു ഭവനത്തിലെ അംഗങ്ങളായി പുലരുന്ന സമഭാവനയുടെ ചിന്തയാണ് ക്രിസ്തു ലോകത്തിനു നൽകുന്നത്. മലപ്രസംഗത്തിലെ ഉത്തുംഗശ്രേണിയിലെ ശ്രീകോവിലാണ് ഈ വാക്യം.

യഹൂദ മതത്തിലെ വേദശാസ്ത്രജ്ഞന്മാരുടെ യും ദാർശനീകരുടെയും ഒക്കെ വീക്ഷണത്തിൽ നിന്നും മനുഷ്യബന്ധങ്ങളെ ശക്തിപ്പെടുത്തുന്ന, ലോകത്തിലേക്ക് ഒഴുകിയെത്തിയ അനേകം ചെറു വാക്യങ്ങൾ ഉണ്ട്. യഹൂദ റാബിയായിരുന്ന ഹില്ലേലിനോട് ന്യായപ്രമാണത്തിന്റെ രത്ന ചുരുക്കം എന്താണെന്നു ചോദിച്ചു. അദ്ദേഹം പറഞ്ഞു-

"നിനക്കു വെറുപ്പുള്ള കാര്യം ആരോടും ചെയ്യരുത്" ഒരു നിഷേധ സൂചനയിതിൽ അടങ്ങിയിട്ടുണ്ട്. പഴയ നിയമത്തിൽ, "നീ വെറുക്കുന്ന പ്രവൃത്തി ആരോടും ചെയ്യരുത്" തോബിത് 4:15 ഇവിടെയും ഒരു നെഗറ്റീവ് സൂചന ഉണ്ട്. ഒരിക്കൽ എലിയാസർ എന്ന യഹൂദ റാബിയോടൊരാൾ ചോദിച്ചു" എന്റെ സുഹൃത്തിനൊടുള്ള ബന്ധത്തിൽ പുലർത്തേണ്ട അടിസ്ഥാന ഭാവം എന്തായിരിക്കണം?" "നിന്റെ സ്നേഹിതന്റെ ബഹുമതി നിനക്കുള്ളതു പോലെ ആയിരിക്കണം" എന്നായിരുന്നു മറുപടി. സമാനമായ ആശയം സങ്കീർത്തനത്തിൽ കാണുന്നു, "തന്റെ കൂട്ടുകാരനോട് ദോഷം ചെയ്യാതെയും കൂട്ടുകാരനു അപമാനം വരുത്താതെയും ഇരിക്കുന്നവർ" സങ്കീർത്തനം 15:3.

ഒരിക്കൽ ഒരു ശിഷ്യൻ കൺഫ്യൂഷ്യസിനോട് ചോദിച്ചു, ഒറ്റ വാക്കിൽ മനുഷ്യരോടുള്ള ബന്ധം എങ്ങനെ ആയിരിക്കണം എന്നു പറഞ്ഞുതരിക. ഗുരു പറഞ്ഞു, "മറ്റുള്ളവർ നിനക്കെന്തു ചെയ്യരുതെന്നു നീ ആഗ്രഹിക്കുന്നുവോ അതു നീ അവരോടും ചെയ്യരുത്."

മറ്റൊരാൾ അടിമവ്യവസ്ഥിതി നിലനിന്നിരുന്ന കാലത്തു പറയുന്നത് നിനക്ക് ഇഷ്ടപ്പെടാത്ത കഷ്ടത മറ്റുള്ളവർക്കും ചെയ്യരുതെന്നാണ്. ഇവയെല്ലാം oikumene എന്ന ഉത്തമ വ്യവസ്ഥിതിയിൽ പാലിക്കപ്പെടേണ്ട തത്വങ്ങളാണു ഉപദേശിച്ചിരിക്കുന്നത്. ദൈവം സൃഷ്ടിച്ച മനുഷ്യർ എല്ലാവരും സഹോദരങ്ങളാണ്, അതിൽ വേർതിരുവുകൾ കൊണ്ടു വരുന്നത് നമ്മുടെ ബലഹീനതയാണ്. അതിഥി തൊഴിലാളികൾ അധമരും നമ്മുടെ അടിമകളും ആണെന്ന ചിന്ത മാറി നമ്മുടെ സഹോദരൻമാരാണെന്ന ചിന്ത നമുക്കുണ്ടാകണം.

മറ്റൊരാളുടെ അടിമയാകുക എന്നതാർക്കും ഇഷ്ടമുള്ള കാര്യമല്ല. സ്റ്റോയ്ക്സ് എന്ന ഗ്രീക്ക് ദാർശനിക സമൂഹം പഠിപ്പിച്ചിരുന്നത്; "നിനക്കെതിരായി എന്തു ചെയ്യരുതെന്ന് നീ ആഗ്രഹിക്കുന്നുവോ നീയും അക്കാര്യം ആരോടും ചെയ്യരുത്" എന്നാണ്.

മഹാനായ അലക്സാണ്ടർ ചക്രവർത്തി ഈ വാക്യം തന്റെ രാജധാനിയി

4/1/22, 5:31 PM malankarasabha March 22

യിലെ ഭിത്തികളിൽ എഴുതി വച്ചിരുന്നു. പോകുമ്പോഴും വരുമ്പോഴും തന്നെ ഓർമ്മപ്പെടുത്തുന്നതിനായിരുന്നു. നീതിസാരത്തിലും സമാനമായ തത്വം നാം കാണുന്നുണ്ട്.

ശൂയതാം ധർമ്മ സർവസ്വം.
ശ്രുത്വ ചൈവ വിചാര്യതാം
ആത്മന: പ്രതികൂലാനി
പരേഷാം ന സമാചരേത്.

അർത്ഥം ഇപ്രകാരമാണ്; 'ധർമത്തിന്റെ സ്വരൂപത്തെ പറ്റി പറയാം. അത് മനസിലാക്കി, അതിനെ പറ്റി ചിന്തിച്ചാലും. അവനവനു വിരോധം ഉള്ള കാര്യങ്ങൾ അന്യരോടും ആചരിക്കരുത്. ഇവിടെയും പത്തുകല്പനയിൽ നിർദ്ദേശിക്കുന്നതുപോലെ അരുത്, അരുത് എന്നാണ് പറയുന്നതു. യേശുക്രിസ്തു അരുത് എന്നല്ല, എന്തു നിങ്ങൾ ചെയ്യണം എന്നാണ് പറയുന്നത്. ധർമ്മപരമായ കാര്യങ്ങളും മതപരമായതുമായ ചില സംഗതികൾ ചെയ്യാതിരിക്കുക എന്നതെളുപ്പമാണ്. അരുതെന്നുള്ള നിഷ്കർഷ കൂടുതലായും നിയമപരമാണ്. മനുഷ്യ ജീവിതം കൂടുതൽ അർത്ഥവത്താക്കുവാൻ എന്തു ചെയ്യണം എന്നാണ് യേശു ക്രിസ്തു ഉപദേശിക്കുന്നത്. അതാണ് ജീവിതത്തോടുള്ള ഋണാത്മക സമീപനം. ക്രിസ്തുവിന്റെ ഋണാത്മക സമീപനത്തിനു സ്നേഹമാണടിസ്ഥാനം, നിയമമല്ല. ജീവിതം സ്നേഹത്തിലാടിസ്ഥാനപ്പെട്ടിരുന്നെങ്കിലെ നന്മ പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. അപരനെ ഉപദ്രവിക്കുന്നില്ല എന്ന ന്യായീകരണത്തെക്കാൾ പ്രധാനം മറ്റുള്ളവർക്ക് നന്മ ചെയ്യുന്നുണ്ടോ എന്നതാണ്.

നിരത്തിലൂടെ വാഹനം ഓടിക്കുമ്പോൾ ആർക്കും അപകടം വരുത്താതെ വാഹനം നിയന്ത്രിക്കേണ്ടതു നിയമം അനുസരിക്കേണ്ടതു കൊണ്ടാണ്. എന്നാൽ വാഹനം ഓടിക്കുമ്പോൾ അപകടത്തിൽപ്പെട്ടു വഴിയിൽ മുറിവേറ്റു കിടക്കുന്നവനു ശുശ്രൂഷ നൽകി, ആശുപത്രിയിൽ എത്തിക്കുന്നതു സ്നേഹം കാരണമാണ്, നിയമം നിർബന്ധിക്കുന്നതു കൊണ്ടല്ല. നമ്മുടെ വരുമാനത്തിൽ നിന്നും ഒരു ഭാഗം അപരന്റെ കഷ്ടപ്പാടിനു ശമനം വരുത്തുവാൻ, വിഭവങ്ങൾ പങ്കു വയ്ക്കുവാൻ നിയമം ആരെയും നിർബന്ധിക്കുന്നില്ല, മറിച്ചു സ്നേഹമാണ് നമ്മെ നിർബന്ധിക്കുന്നത്.

അമേരിക്കയിലുള്ള എന്റെ ഒരു സുഹൃത്തു ഒരിക്കൽ പറഞ്ഞു, അവർ വാഷിംഗ്ടണിലൂടെ കാറിൽ യാത്ര ചെയ്യുകയാണ്. കഠിനമായ ശൈത്യമാണ്. പെട്ടെന്നയാൾ വണ്ടി നിർത്തി. വഴിയിൽ ഒരാൾ അപകടത്തിൽപ്പെട്ടു രക്തത്തിൽ മുങ്ങി കിടക്കുന്നു. അയാൾ മുറിവേറ്റനെ ശുശ്രൂഷിക്കുവാൻ അരികിലേക്കോടി. ഭാര്യ അപകടം മനസ്സിലാക്കി അയാളോടുറക്കെ പറഞ്ഞു, മുറിവേറ്റവനു എയ്ഡ്സ് ഉണ്ടോന്നറിയില്ല, അങ്ങോട്ടു പോകണ്ട. ഭർത്താവ് ഭാര്യയെ നോക്കി ചോദിച്ചു,' ഇയാളുടെ സ്ഥാനത്തു ഞാനായിരുന്നുവെങ്കിൽ..' അവൾ ഞെട്ടി കണ്ണുകൾ ഇറുക്കിയടച്ചു. അപരന്റെ വേദന സ്വന്തം വേദനയായി തോന്നുന്നതാണ് യഥാർത്ഥ സ്നേഹം.

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വേദശാസ്ത്രജ്ഞനാണ് കൈസര്യയിലെ വി ബസേലിയോസ്. സമൂഹസന്യാസ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് ബസേലിയോസ് ആണ്. സന്യാസിമാർ പ്രഭാതത്തിൽ പ്രാർത്ഥന കഴിഞ്ഞു ആശ്രമത്തിലെ കൃഷിഭൂമിയിലെ ജോലികളും കഴിഞ്ഞു, സമീപത്തുള്ള ഗ്രാമങ്ങളിൽ പോയി ദരിദ്രരായ കർഷകരെ കൂലി വാങ്ങാതെ ജോലി ചെയ്തു അവരെ സഹായിച്ചിരുന്നു. Oikum ene സാധ്യമാകുവാൻ പരിത്യാഗം ആവശ്യമാണ്.

അസിസിയിലെ ഫ്രാൻസിസിന്റെ ഒരു മനോഹരമായ പ്രാർത്ഥന ഇങ്ങനെയാണ്; "സ്നേഹിക്കപ്പെടുന്നതിനേക്കാൾ സ്നേഹിക്കുന്നതിനും, മനസ്സിലാക്കപ്പെടുന്നതിനെക്കാൾ മനസ്സിലാക്കുന്നതിനും, ആശ്വസിപ്പിക്കപ്പെടുന്നതിനെക്കാൾ ആശ്വസിപ്പിക്കുന്നതിനും എനിക്കിടയാകണമേ".


ക്രിസ്തു ഒരു വലിയ ജീവിത ലക്ഷ്യം പ്രഖ്യാപിക്കുന്നതിങ്ങനെയാണ്; 'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിക്കുവാനുംഅനേകർക്കു തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതു പോലെ തന്നെ എന്നു പറഞ്ഞു.' മത്തായി 20:28

പരിശുദ്ധനായ പൗലോസ്ശ്ലീഹ, സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടില്ലാത്ത ക്രിസ്തുവിന്റെ വാക്കുകൾ കണ്ടെത്തി ഇങ്ങനെ പറയുന്നുണ്ട്;

'ഇങ്ങനെ പ്രയത്നം ചെയ്തു പ്രാപ്തിയില്ലാത്തവരെ സഹായിക്കുകയും, വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്നു കർത്താവായ യേശുതാൻ പറഞ്ഞ വാക്കു ഓർത്തുകൊൾകയും വേണ്ടതു എന്നു ഞാൻ എല്ലാം കൊണ്ടും നിങ്ങൾക്ക് ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു." അ. പ്ര. 20:35

അപരനെ നമ്മെപ്പോലെ സ്നേഹിക്കണമെന്നു. നമ്മൾ എത്രയോ നൂറ്റാണ്ടുകളായി പറയുകയും കേൾക്കുകയും ചെയ്യുന്നു. ഇപ്പോഴും അങ്ങനെ ഒരു ലോകഭവനം പണിയുവാൻ നമുക്കു സാധിച്ചിട്ടില്ല. സ്നേഹത്തിന്റെ നിർബന്ധത്താൽ അപരന്റെ കഷ്ടപ്പാടുകളോട് താതാത്മ്യപ്പെടുമ്പോഴാണ് oikumene യുടെ സങ്കല്പം ഭൂമിയിൽ സംജാതമാവുക. അപരന്റെ ഉന്നമനത്തിനായി ജീവിക്കുവാൻ നമുക്ക് തടസ്സം നമ്മുടെ സ്വാർത്ഥതയും അഹങ്കാരവുമാണ്.

O






https://online.fliphtml5.com/zurna/lkdh/#p=8 35/52

**27TH DEATH ANNIVERSARY OF**

# G. DANIEL

KODIAT, 667 DARSHAN NAGAR
PEROORKADA, TRIVANDRUM,
on 22 March 2022



*"Safe in the arms of Lord Jesus Christ"*

*Inserted by :*
**Sorrowing family**

**Form IV**
**MALANKARA SABHA**


| | |
|---|---|
| Place of Publication | : Kottayam |
| Periodicity | : Monthly |
| Printer | : Fr. Shalu Lukose |
| Whether Citizen of India | : Yes |
| Address | : Catholicate Aramana, Kottayam |
| Publisher | : Fr. Shalu Lukose |
| Address | : Item No.5 |
| Editor | : Fr. Zacharia Ninan alias Fr. Lijesh C Raj |
| Whether Citizen of India | : Yes |
| Address | : Malankara Sabha Catholicate Aramana, Devalokam P.O., Muttambalam, Kottayam Kerala-686004 |
| Name&Address of the owner | : Orthodox Sathya Viswasa Paripalana Samithy Devalokam, Kottayam-04 |

I, Fr. Shalu Lukose here by declare that the particulars given above are true to the best of my knowledge and belief.

10.03.2022 Fr. Shalu Lukose


**56–ാം ചരമവാർഷികം**
**06–03–2022**



**ബർസ്ലീബി കത്തനാർ**

**നിരണം വലിയപള്ളി മുൻ വികാരിയും**
**മൂപ്പച്ചനും**

**18–ാം ചരമവാർഷികം**
**27–02–2022**



**റവ. ഫാ. കെ. ബി. മാത്യൂസ്,**
**കാരിക്കോട്ട്**

**പരുമല സെമിനാരി മുൻ മാനേജർ,**
**പരുമല സെ. ഗ്രിഗോറിയോസ് ആശുപത്രി സ്ഥാപകൻ,**
**നിരണം വലിയ പള്ളി മുൻ വികാരി**

# കരുണയുടെ സുവിശേഷം




**കുടുംബ വിശേഷം 19**

ജിജി ജോൺസൺ

കരുണയും ദയയും വറ്റിയ ഒരു കാലത്താണ് നാം ജീവിക്കുന്നത്. അക്രമവും കൊലയും ഇന്നൊരു വാർത്തയല്ലാതാവുകയാണ്. അതിൽ മുതിർന്നവരെന്നോ കുഞ്ഞുങ്ങളെന്നോ ഒരു ഭേദവുമില്ല; ക്രൂരമായ ആക്രമണത്തിന് പലപ്പോഴും വിധേയരാകുന്നു. യുദ്ധഭൂമിയിൽ നിന്നുയരുന്ന വിലാപങ്ങളിലും കാരുണ്യത്തിനായുള്ള യാചനകളാണ്. കൂടുമ്പോൾ ഇമ്പമുണ്ടാകേണ്ട കുടുംബങ്ങളിലും ഇന്ന് അനുകമ്പയുടേയും ദയയുടേയും അഭാവം മൂലം ചതിയും വഞ്ചനയും പലതരത്തിലുള്ള അതിക്രമങ്ങളും അരങ്ങേറുന്നു. കാരുണ്യത്തോടെയുള്ള ഇടപെടൽ കൊണ്ട് മാത്രമെ അന്യോന്യം ചേർത്ത് നിർത്താനാവു.

എന്താണ് വാസ്തവത്തിൽ കരുണ/അനുകമ്പ എന്നതുകൊണ്ടർത്ഥമാക്കുന്നത്? വേറൊരാളുടെ വികാരങ്ങൾ ഉൾക്കൊള്ളാനുള്ള കഴിവാണ് അനുകമ്പ. അയാളുടെ സ്ഥാനത്ത് നിന്ന് അയാൾ അനുഭവിക്കുന്ന സന്തോഷം, ദുഖം തുടങ്ങിയ വികാരങ്ങൾ ആ വ്യക്തിക്ക് എങ്ങനെ അനുഭവപ്പെടുന്നുവോ അതുപോലെ അനുഭവിക്കാനുള്ള സന്നദ്ധതയാണത്. സഹാനുഭൂതിയോടെ മറ്റുള്ളവരുടെ ക്ലേശങ്ങൾ, ഉൽക്കടമായ വ്യഥ, ആകുലത എന്നിവയിൽ പങ്കുചേരാനുള്ള കഴിവാണത്. യേശുവാണല്ലൊ നമ്മുടെ മാതൃക. അവിടുന്ന് ആളുകളോട് കരുണയോടെ പെരുമാറി. അവിടുത്തെ മനസ്സലിവ്/അനുകമ്പയിൽ നിന്നാണ് ഓരോ പ്രവർത്തനവും ഉദ്ഭവിച്ചത്. കരുണയും അനുകമ്പയും തമ്മിൽ അല്പം വ്യത്യാസമുണ്ട്. മറ്റുള്ളവരോടുള്ള സ്നേഹത്തിന്റെ ആന്തരീക ഭാവമാണ് അനുകമ്പ (compassion). അനുകമ്പയുടെ ബഹിർസ്ഫുരണം/പ്രകടനമാണ് കരുണ (mercy). സന്തോഷവും സുഖകരമായ ബന്ധങ്ങളും നിറഞ്ഞ ഈ ലോകത്ത് ജീവിക്കാനുള്ള ആഗ്രഹം ഒരു വ്യക്തിയിൽ അന്തർലീനമാണ്. അനുകമ്പയും കരുണയുമാണ് യോജി പ്പുള്ള ബന്ധത്തിന്റെ അടിത്തറ. അവ സ്നേഹത്തിൽ നിന്നും ഉദ്ഭവിക്കുന്നതായിരിക്കണം. അല്ലാതെയുള്ളതെല്ലാം സഹതാപത്തിന്റെ വികാരങ്ങളാണ്.

പലപ്പോഴും നാം ധാർമ്മിക നിയമങ്ങൾ അനുസരിക്കേണ്ടതിനെ കുറിച്ചും ആചാരാനുഷ്ഠാനങ്ങൾ പാലിക്കേണ്ടതിനെ കുറിച്ചും ബോധമുള്ളവരായിരിക്കാം. സഭയുടേയും സമൂഹത്തിന്റേയും കെട്ടുറപ്പിന് ഈ നിയമങ്ങൾ അത്യന്താപേക്ഷിതമാണെങ്കിൽ കൂടി ദൈവത്തിന്റെ കരുണാമയമായ സ്നേഹത്തിൽ അധിഷ്ഠിതമായാൽ മാത്രമെ മാനുഷിക മൂല്യങ്ങൾ ഫലമണിയുകയും ബന്ധങ്ങൾ പ്രകാശപൂരിതമാവുകയും ചെയ്യൂ. പലപ്പോഴും തെറ്റുകളെ കുറിച്ചുള്ള വിചാരണയും ന്യായവിധിയും ശിക്ഷയുമൊക്കെ അതിൽ നിന്നും പിന്തിരിപ്പിക്കാനായാണ് നാം പ്രയോഗിക്കുന്നത്. കർക്കശനിയമങ്ങളും അണുവിടതെറ്റാതെ പാലിക്കേണ്ട അനുഷ്ഠാനങ്ങളെ കുറിച്ചും പ്രത്യേകിച്ച് ഈ നോമ്പിന്റെ നാളുകളിൽ ഉദ്ബോധിപ്പിക്കുമ്പോൾ, തെറ്റിപ്പോയവർ തിരികെ വരാനും ജീവിതം കുറച്ചുകൂടി ശരിയായ ദിശയിലേക്ക് തിരിക്കുവാനും സഹായിക്കുന്നത് ദൈവത്തിന്റെ ആർദ്രമായ സ്നേഹവും കരുണാവായ്പുമാണ്. അത് വിരളമായി മാത്രമാണ് കാണാൻ സാധിക്കുന്നത്.

വേദപുസ്തകം പരിചയപ്പെടുത്തി തരുന്നത് കരുണ ചൊരിയുന്ന ദൈവത്തെയാണ്. (സങ്കീ:86:15, 130:3-4, 103: 12-14) തുടങ്ങിയ വേദഭാഗങ്ങളിൽ എല്ലാം യഹോയുടെ കരുണ ഉൽകൃഷ്ടവും മികവുറ്റതുമാണെന്ന് വ്യക്തമാക്കുന്നു. ദൈവം ഉദാരമായി ക്ഷമിക്കുന്നു, നമ്മുടെ പരിമിതികളും അപൂർണതകളും കണക്കിലെടുത്ത് നമ്മെ കരുതുന്നു.

യേശു രോഗികളെ സൗഖ്യമാക്കിയതും ആളുകളുടെ വിശപ്പടക്കിയതും അവരോട് അനുകമ്പ തോന്നിയതുകൊണ്ടാണ്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശു കുറ്റം വിധിക്കുന്നതിനു പകരം, 'പോക ഇനി പാപം ചെയ്യരുത്' എന്ന് അരുളി ചെയ്ത ശേഷം വിട്ടയച്ചു. ഒരുപക്ഷെ അവൾ ജീവിതത്തിൽ കേട്ട മാധുര്യമേറിയ വാക്കുകൾ അതായിരിക്കാം. നിയമത്തേക്കാളും നീതിയെക്കാളും മനുഷ്യമനസ്സിനെ സ്പർശിക്കുന്നത് അനുകമ്പയും കാരുണ്യപ്രവർത്തികളുമാണ്. ക്രിസ്തുവിന്റെ കാരുണ്യം ക്ഷമയുടെ സന്തോഷം പ്രദാനം ചെയ്യുന്നതാണ്.പാപികളോട് വിചാരണയിലൂടെയല്ല, മറിച്ച് ക്ഷമയിലൂടെ ഭാവിയിലെ സന്തോഷപൂരിതമായ ജീവിതത്തിലേക്ക് വെളിച്ചം വീശുകയാണ്. സ്ഥാപിതമായിരിക്കുന്ന ജീവിത നിയമങ്ങളുടെ ബോധപൂർവ്വമായ പൂർത്തീകരണം നിർബന്ധത്താലും ഭയത്താലുമല്ല മറിച്ച് അലിവാർന്ന സ്നേഹത്തിലൂടെയായിരിക്കണം. എങ്കിൽ മാത്രമേ പൂർണ്ണതയിലേക്ക് വളരാൻ സാധിക്കൂ. കാരുണ്യത്തിന്റെ അഭാവത്തിൽ ക്രിസ്തീയത ഇല്ല. കാരുണ്യം ഒരു വികാരമല്ല, അതൊരു മനോഭാവമാണ്. അതില്ലെങ്കിൽ നമുക്ക് ക്രിസ്തീയത അവകാശപ്പെടാനില്ല. കാരണം ദൈവത്തിന്റെ കരുണയിലാണ് നാം ജീവിക്കുന്നത്. ഏതെങ്കിലും ഒരു പ്രത്യേക നിമിഷത്തിൽ മറ്റൊരാളോട് നാം കാണിക്കുന്ന കാരുണ്യം അയാളുടെ ജീവിതത്തെ തന്നെ വൻതോതിൽ മാറ്റി മറിച്ചെന്നിരിക്കും. ഇവിടെ കരുണ തരുന്ന സന്ദേശം ഞാൻ നിന്റെ ഒപ്പം ഉണ്ടെന്നാണ്. പുറപ്പാട്: 34:6,7 ൽ ദൈവം മോശക്ക് വെളിപ്പെടുത്തി കൊടുക്കുന്നത് ശക്തനും ജ്ഞാനിയുമായ ദൈവത്തെയല്ല മറിച്ച് കരുണാമയനും, ദീർഘക്ഷമയും, മഹാദയയും, വിശ്വസ്തതയുമുള്ള ദൈവത്തെയാണ്. കാരണം മോശക്ക് ആ സമയത്ത് വേണ്ടിയിരുന്നത് ദൈവം തന്നെ പിന്തുണച്ച് എന്നും കൂടെ ഉണ്ടാകും എന്ന് ഉറപ്പായിരുന്നു.

ആർദ്രമായ കരുണ വളരുന്നത് കുടുംബാന്തരീക്ഷത്തിൽ തന്നെയാണ്. കുടുംബത്തിലും സമൂഹത്തിലും കരുണയുള്ള മനുഷ്യരാവുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മര്യാദപൂർവ്വം പെരുമാറാൻ ശീലിക്കുക- വാക്കുകളിൽ, നോക്കുകളിൽ, പെരുമാറ്റത്തിൽ..നല്ലത് ചെയ്യുമ്പോൾ അഭിനന്ദിക്കാനും തെറ്റ് പറ്റിയാൽ ക്ഷമ ചോദിക്കാനും കുടുംബത്തിലെ മറ്റംഗങ്ങൾക്ക് പരിഗണന കൊടുക്കാനും കുഞ്ഞുങ്ങളെ ശീലിപ്പിക്കേണ്ടതുണ്ട്. Mobile phone കിട്ടാത്തതിന്, TV യുടെ remote സഹോദരി കൊടുക്കാത്തതിന് ജീവിതം നശിപ്പിച്ച കുഞ്ഞുങ്ങളുടെ വാർത്തകൾ നാം കേട്ടിട്ടുള്ളതാണല്ലോ. കുഞ്ഞുങ്ങൾ ശാന്തതയോടും കാരുണ്യത്തോടും പെരുമാറാൻ പഠിക്കണമെങ്കിൽ മാതാപിതാക്കൾ ശാന്തത കൈവെടിയാതിരിക്കാൻ ബോധപൂർവ്വമായ ശ്രമമുണ്ടാകണം. മറ്റുള്ളവർക്ക് മാതാപിതാക്കൾ പരിഗണന കൊടുത്തും കാരുണ്യത്തോടെ പെരുമാറുന്നതും കണ്ടു വളരുന്ന കുട്ടികളിൽ കാരുണ്യമനോഭാവം ഉണ്ടാകും. മുതിർന്നവരോടും ബലഹീനരോടും സ്നേഹത്തോടെയും സഹിഷ്ണുതയോടെയും പെരുമാറാൻ അവർക്ക് സാധിക്കും.

ദൈവത്തിന്റെ കരുണ എപ്പോഴും നമുക്ക് ലഭ്യമാണ്. അത്, നമ്മുടെ തെറ്റുകളെ ക്ഷമിക്കുന്നു, നമ്മെ ശക്തീകരിക്കുന്നു, പുതിയ ജീവിതത്തിലേക്ക് നയിക്കുന്നു. എല്ലാ ദിവസവും നമ്മെ പുതുക്കുന്നു. ' നാം മുടിഞ്ഞു പോകാതിരിക്കുന്നത് യഹോവായുടെ ദയ ആകുന്നു. അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലൊ. അത് രാവിലെ തോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു". (വിലാ:3:22-23). ഈ നോമ്പുകാലം പുതുക്കപ്പെടാനും ദൈവത്തിന്റെ ആർദ്ര കരുണ നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിൽ നിറയുവാനും ഇടയാകട്ടെ.

## BRIDEGROOM WANTED

CSI SYRIAN CHRISTIAN PARENTS INVITE ALLIANCE FOR THEIR DAUGHTER 26 /175 CM. B. TECH (COMPUTER SCIENCE) WORKING IN MNC.

Contact No:

**9495718302**

**9447101761**

## BRIDEGROOM WANTED

Orthodox girl (26), B-tech (Electronics & Communication), working as a software Developer at Trivandrum. Inviting Proposals from god-fearing Christian Orthodox boys.

Contact No:

**9447213248**

## BRIDEGROOM WANTED

അസിസ്റ്റന്റ് പ്രൊഫസർ ഓർത്തഡോക്സ് 29/170, എയിഡഡ് ആർട്സ് & സയൻസ് കോളേജ്, സ്ഥിരം കേരളത്തിൽ ജോലിയുള്ള ഓർത്തഡോക്സുകാരെ താല്പര്യം.

Contact No:

**9496985048**

## വസ്തു വില്പനയ്ക്ക്

കോട്ടയം ചവിട്ടുവരി പാലത്തിനു സമീപം സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ചിന്റെ കുരിശിൻതൊട്ടിക്ക് അടുത്തായി വീടും 27 സെന്റ് സ്ഥലവും വിൽപ്പനക്ക്. എം.സി. റോഡിനു സമീപവും, കോട്ടയം റെയിൽവേ സ്റ്റേഷനിൽ നി ന്നു രണ്ടു കിലോമീറ്റർ മാത്രവും.

ബന്ധപ്പെടുക: **9820164269**
**8075627640**


## മിഷേൽ ഷാജിയുടെ മരണം: ദുരൂഹത നീക്കണമെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ



**കോട്ടയം:** മിഷേൽ ഷാജി ദുരൂ ഹ സാഹചര്യത്തിൽ മരിച്ച് 5 വർഷം പിന്നിട്ടിട്ടും ക്രൈം ബ്രാഞ്ച് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാത്തതിൽ ശക്തമായി പ്രതിഷേധിക്കുന്നതായി മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. സംഭവത്തിലെ ദുരൂഹത നീക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സർക്കാർ സ്വീകരിക്കണമെന്നും പരിശുദ്ധ ബാവാ ആവശ്യപ്പെട്ടു.


## ST. STEPHEN'S INDIAN ORTHODOX CHURCH, KUWAIT

**കാരുണ്യം 2022**

കുവൈറ്റ് സെൻറ് സ്റ്റീഫൻസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയുടെ 2022 ലെ കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായ "കാരുണ്യം 2022' ലേക്ക് നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു :-

1. വിദ്യാഭ്യാസ ധനസഹായം : പ്ലസ് ടു (Class 12) പാസ്സായി ഉപരിപഠനത്തിന് പോകുന്നവർക്ക് 25000 രൂപ പ്രതിവർഷം വച്ച് പരമാവധി നാലുവർഷം വരെ.
2. ചികിത്സ ധനസഹായം: 50000 രൂപ .
3. വിവാഹ ധനസഹായം: നിർധരരായ പെൺകുട്ടിക്ക് 1,00,000/ രൂപ .
4. ഭവന നിർമ്മാണ ധനസഹായം: 1,00,000/ രൂപ (സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം)

NB: അപേക്ഷകന്റെ അപേക്ഷയോടൊപ്പം ഒപ്പം ഇടവക വികാരിയുടെ ശുപാർശ കത്തും മതിയായ രേഖകൾ (Supporting Documents) ഉണ്ടായിരിക്കണം. 2022 മാർച്ച് മാസം 31 ന് മുമ്പായി അപേക്ഷകൾ താഴെപ്പറയുന്ന ഇമെയിൽ വഴിയോ പോസ്റ്റ് വഴിയോ അയച്ചുതരേണ്ടതാണ്.

**Email id: ssiocq8@gmail.com , frjjacob@gmail.com**

**Postal Address: The Vicar, St. Stephen's Indian Orthodox Church, P. O. Box No. 28659, Safat - 13147, Kuwait.**

# മനഃപൂർവ്വം

# 20

ഡോ. വർഗീസ് പുന്നൂസ്
പണിക്കശ്ശേരിൽ

“ആ വീട്ടിൽ പലരും വരുന്നു, പോകുന്നു- അസമയത്തൊക്കെയാണ് ഈ വരവും പോക്കുമൊക്കെ. അയൽപക്കം കാരൊക്കെ പൊട്ടൻമാരാണ് എന്നാണ് അവളുടെ വിചാരം. കെട്ടിയൊരുക്കി വല്ലവരുടേയും ഒക്കെ കൂടി വണ്ടിയിൽ കേറി പോകുന്നത് ആരെങ്കിലും ആണുങ്ങൾ അനുവദിക്കുമോ? പറഞ്ഞിട്ടെന്താ കാര്യം? – ആൺ പിറന്നവന് കഴകത്തില്ലെങ്കിൽ ഇങ്ങനെയൊക്കെ സംഭവിക്കും. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടി മുട്ടിക്കാൻ സ്വകാര്യ സ്ഥാപനങ്ങളിൽ കഷ്ടപ്പെട്ട് ജോലി ചെയ്യുന്ന ഭാര്യാഭർത്താക്കന്മാരെപ്പറ്റി അയൽപക്കത്തെ സന്മാർഗ്ഗ പോലീസ് ചേട്ടന്റെ വിലയിരുത്തലാണ്. ചേട്ടനിൽ നിന്ന് കൂടുതൽ വിവരങ്ങൾ അറിയാൻ കൗതുകപൂർവ്വം കാതുകൂർപ്പിച്ചിരിക്കുന്നുണ്ട് മറ്റു ചില അഭ്യുദയകാംക്ഷികളും. പിന്നെ കഥകൾ രൂപപ്പെടുകയായി-നല്ല മസാല ചേരുവകൾ ഉള്ള കഥകൾ. കഥ കുഞ്ഞുങ്ങൾ കിളികുഞ്ഞുങ്ങളെപ്പോലെയാണ്. എത്രവേഗമാണ് അവയ്ക്ക് നടക്കാനും ഓടാനും ചിലയ്ക്കാനും പറക്കാനും ഉള്ള കഴിവുകൾ കിട്ടുന്നത്! വാട്ട്സാപ്പിന്റെയും ഫേസ്ബുക്കിന്റെയും ചിറകിലേറി വിദേശ പര്യടനം നടത്താനുള്ള സൗകര്യവും കഥ കുഞ്ഞുങ്ങൾക്ക് ഇക്കാലം ഒരുക്കിയിരിക്കുന്നു. കഥ മെനയുന്നവർക്കും പറയുന്നവർക്കും കേൾക്കുന്നവർക്കും നല്ല സുഖമുള്ള ഏർപ്പാടാണ്. മനുഷ്യന് മനസുഖം വരുന്ന വഴികൾ പലതാണല്ലോ? പക്ഷേ ഇത്തരം കഥകളിലെ ഇരകൾക്ക് ഉണ്ടാകുന്ന തീവ്രവേദനയുടെയും മുറിവുകളുടെയും ആഴം എത്ര മാത്രം വലുതാണ് എന്ന് അനുഭവിച്ചവരേ മനസ്സിലാക്കൂ. ഓഫീസ് വൈകുന്ന ദിവസങ്ങളിൽ സ്റ്റാഫ് കാറിൽ സഹപ്രവർത്തകരോടൊപ്പം വീട്ടിൽ വന്നിറങ്ങുന്ന ഉദ്യോഗസ്ഥ അയൽവാസിയുടെ തുറന്നിരിക്കുന്ന ക്യാമറക്കണ്ണുകളെപ്പറ്റി അറിയുന്നുപോലും ഉണ്ടാകില്ല. അയാളുടെ വഷളൻ ചിരികളും നോട്ടങ്ങളും അവഗണിക്കുന്നതിന് താൻ ഇത്ര വലിയ വില കൊടുക്കേണ്ടിവരുമെന്ന് അവൾ ഒരിക്കലും വിചാരിച്ചിട്ടുമുണ്ടാകില്ല. രക്തസ്രാവം ഉണ്ടായി ഭാര്യ മരിച്ച ഭർത്താവിന് തന്റെ വിരഹത്തേക്കാൾ തീവ്രമായി വേദനിച്ചത് “ഒറ്റത്തൊഴി-അടിവയറിനിട്ട് അവൾ തീർന്നു” എന്ന് ദൃക്സാക്ഷിയേക്കാൾ വ്യക്തമായി കാര്യങ്ങൾ മറ്റുള്ളവരോട് വിശദീകരിച്ച് സുഹൃത്തിന്റെ മനോഭാവമാണ്.

നിർഭാഗ്യകരമായ സാഹചര്യത്തിൽ ഒരു ആത്മഹത്യ സംഭവിച്ചാൽ അതിനെ കൊലപാതകമാക്കി ചിത്രീകരിച്ച്, ആ കുടുംബാംഗങ്ങളെ കൂടുതൽ ദ്രോഹിച്ചാൽ മാത്രമേ ചില ആക്ഷൻ കമ്മറ്റിക്കാർക്ക് തൃപ്തിയാകൂ.

അപ്പന്റിസൈറ്റിസ് ആയി ആശുപത്രിയിൽ പോയി അടിയന്തിര ശസ്ത്രക്രിയിലൂടെ ജീവൻ രക്ഷപെട്ട പെൺകുട്ടി പറഞ്ഞത് “ഞാൻ മരിച്ചാൽ മതിയാകുന്നു” എന്നായിരുന്നു! കാരണം അയൽവാസികൾ ആ ആശുപത്രിയിൽ ജോലി ചെയ്യുന്ന ജീവനക്കാരിയെ ഉദ്ധരിച്ചു “അത് അലസിപ്പിക്കൽ ഓപ്പറേഷൻ ആയിരുന്നു” എന്ന് തറപിച്ചു പറയുകയാണ്. ഓവറിയിൽ ഉണ്ടാകുന്ന cyst ആണോ എന്നറിയാൻ ഗൈനക്കോളജിസ്റ്റിനെ കാണിച്ചു എന്നതിൽ പുകമണത്ത ക്ലീനിംഗ് സ്റ്റാഫ് തന്നാലുന്ന വിധം ആ കുടുംബത്തെ സഹായിച്ചതാണ്!.

ആരുടെയോ മനോവൈകൃതത്തിന്റെ ഉൽപന്നത്തെ താൽപര്യപൂർവ്വം കേൾക്കുന്നതും അത് ‘ഫോർവേർഡ്’ ചെയ്യുന്നതും ഒരു മനോവൈകൃതമാണ് എന്ന് തിരിച്ചറിയണം. അപവാദങ്ങളിലെ ഇരകളുടെ മാനസികാവസ്ഥയെ ‘അയാളുടെ സ്ഥാനത്ത് ഞാനായിരുന്നു എങ്കിൽ’ എന്ന മനോഭാവത്തോടെ കാണാൻ കഴിയുന്നതാണ് ക്രിസ്തു നമ്മുടെ ഉള്ളിൽ ഉണ്ട് എന്നതിന്റെ തെളിവ്.

Fact ചെയ്തു, Fake അല്ല എന്നു ബോധ്യപ്പെട്ടതുകൊണ്ടാണ് ഞാൻ അത് ഫോർവേർഡു ചെയ്തത് എന്ന് പറഞ്ഞ് ചില തങ്ങളുടെ ഗോസിപ്പ് പ്രചാരണ പ്രവണതയെ ന്യായീകരിക്കാറുണ്ട്. Fact ഉണ്ടെങ്കൽ പോലും അതിന്റെ ഉള്ളടക്കം ആരെയെങ്കിലും ഒക്കെ വ്രണപ്പെടുത്തുന്നതാണെങ്കിൽ അത് മറ്റൊരാളിലേയ്ക്ക് പകരാതിരിക്കുക എന്നതാണ് സുജനമര്യാദ. “നിങ്ങളിൽ പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ” എന്ന വാക്കു കേട്ട മാത്രയിൽ കല്ലുകൾ താഴെയിട്ട യഹൂദന്മാർ നമ്മെയൊക്കെക്കാൾ വളരെ ഉയരെയല്ലേ? ഉയർന്ന ചിന്തകളുടെയും കാരുണ്യത്തിന്റെയും കേന്ദ്രങ്ങൾ ആകേണ്ട പള്ളികളും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളും, അവയുമായി ബന്ധപ്പെട്ട സോഷ്യൽ മീഡിയാകളും ഒക്കെ അപവാദങ്ങളുടെ ഉൽപാദന-പ്രസരണ കേന്ദ്രങ്ങളായി മാറുന്നത് വലിയ ഒരു ജീർണ്ണതയാണ്.

വലിയ ദുരനുഭവത്തിൽപെട്ട ഒരു വീട്ടമ്മ അവരുടെ പ്രയാസങ്ങൾ ഒരു ചികിത്സകൻ എന്ന നിലയിൽ പങ്കുവെച്ചപ്പോൾ എന്തുകൊണ്ട് ഇക്കാര്യങ്ങളൊക്കെ നിങ്ങളുടെ അച്ചന്റെ അടുത്ത് ഷെയർ ചെയ്യാതിരുന്നത് എന്നു ചോദിച്ചപ്പോൾ “എന്നിട്ടുവേണം, അടുത്ത കൺവെൻഷൻ വേദിയിൽ ഒരു സംഭവകഥ എന്ന മട്ടിൽ ഇക്കാര്യമെല്ലാം നാട്ടുകാരോട് വിളമ്പാൻ” എന്ന പ്രതികരണമാണ് അവരിൽ നിന്നുണ്ടായത്. മറ്റുള്ളവരുടെ പ്രയാസങ്ങളെ സുദുദ്ദേശത്തോടുകൂടിയാണെങ്കിൽ പോലും മൂന്നാമതൊരാളോട് പങ്കു വയ്ക്കുന്നതും അപവാദത്തിന്റെ മറ്റൊരുവക ഭേദമാണ്.

പ്രസിദ്ധമായ Four way Text, വാർത്തകൾ പങ്കുവയ്ക്കുന്നതിന് ഒരു സുവർണ്ണ നിയമമാണ്.

1. It is Truth?
2. It is fair to all concered?
3. Will it build Godwill?
4. Will it be Beneficial to all concerned?

ഈ നാലുചോദ്യങ്ങൾക്കും ഉത്തരം ‘അതേ’ എന്നായിരുന്നെങ്കിൽ മാത്രമേ ഒരു നാവിൽ നിന്ന് മറ്റൊരു ചെവിയിലേക്ക് വാക്കുകൾ പകരാവൂ.

തുടരും...

# ന്യൂയോർക്കിലും ന്യൂഡൽഹിയിലും മറ്റും പുസ്തകപ്രകാശനം

**മ**ലങ്കരസഭയുടെ ഭരണസിരാകേന്ദ്രങ്ങളായ പഴയ സെമിനാരി ദേവലോകം എന്നിവയുടെ സമ്പൂർണ്ണ ചരിത്രമായ "റാണി സമ്മാനിച്ച സെമിനാരിയും ദൈവം തന്ന ദേവലോകവും" എന്നതിന്റെ സചിത്ര ഇംഗ്ലീഷ് പതിപ്പായ "Old Seminary-Queen's Grand Gift: Devalokam God's Divine Boon" എന്ന പുസ്തകം 2022 മെയ് ഒന്നിനു ന്യൂഡൽഹി, ന്യൂയോർക്ക്, വാഷിംഗ്ടൺ, മനാമ, തിരുവനന്തപു രം മുതലായ 15 കേന്ദ്രങ്ങളിൽ പ്രകാശനം ചെയ്യും. ന്യൂയോർക്ക് സെന്റ് മേരീസ് ചർച്ചിൽ നടക്കുന്ന ചടങ്ങിൽ വികാരിയും വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ അതി സമർത്ഥ മുൻ ജനറൽ സെക്രട്ടറിയുമായ ഫാ. ജോൺ തോമസ് (ആലുംമൂട്ടിൽ പുളിക്കീഴ്) പഴയ സെമിനാരി മുൻ പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യന്റെ പുത്രനും യു.എന്നിലെ ഒരുന്നത ഉദ്യോഗസ്ഥനുമായ അരുൺ ജേക്കബിനു നൽകി പു സ്തകം പ്രകാശനം ചെയ്യും.

ഡൽഹി ദിൽഷാഡ് ഗാർഡൻ സെന്റ് സ്റ്റീഫൻസ് പള്ളിയിൽ വികാരി ഫാ. ജിജോ തോമസ് വറുഗീസ് (പുതുപ്പള്ളി) ഏബ്രഹാം വർഗീസിനു (വന്നല, മുട്ടത്തുതറ പുതുപ്പള്ളി) പുസ്തകം നൽകും. തിരുവനന്തപുരം കുമാരപുരം സെന്റ് തോമസ് പള്ളിയിൽ വികാരി വെരി. റവ. ഡോ. കറുകയിൽ ജോസഫ് സാമുവൽ കോർ എപ്പിസ്ക്കോപ്പയിൽ നിന്നു റിട്ട.ഗവ. സെക്രട്ടറി പി.എച്ച്. കുര്യൻ (പാമ്പാടി) പു സ്തകം ഏറ്റുവാങ്ങും. പുത്തൂർ (കൊട്ടാരക്കര) സെന്റ് ജോർജ് വലിയ പള്ളി വികാരി ജോൺ ടി. വറുഗീസ്, കർമ്മേൽ ബാബു ഉമ്മനു പുസ്തകം നൽകും. കൈപ്പട്ടൂർ സെന്റ്. ഇഗ്നേഷ്യസ് പള്ളി വികാരി ഫാ. ലിറ്റോ ജേക്കബ്, അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ യൂലിയോസിൽ നിന്നു പുസ്തകം സ്വീകരിക്കും. പത്തനംതിട്ട: മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ വികാരി ഫാ. ഗബ്രിയേൽ ജോസഫിൽ നിന്നു പള്ളി മാനേജംഗ് കമ്മറ്റി അംഗം കൂടിയായ കോട്ടയ്ക്കൽ രാജൻ സാമുവേൽ പുസ്തകം വാങ്ങും. കൊല്ലാട് (കോട്ടയം) സെന്റ് പോൾസ് പള്ളിയിൽ വികാരി ഫാ. കുറിയാക്കോസ് മാണിയിൽ നിന്നു റിട്ട. പ്രിൻസിപ്പൽ ടൈറ്റസ് വർക്കി, സഭാ ചരിത്രകാരൻ പുളിയേരിയിൽ ജോസ് കുര്യൻ എന്നിവർ ഏറ്റുവാങ്ങും. കൊച്ചി-എറണാകുളം പാലാരിവട്ടം പള്ളിയിൽ വികാരി ഫാ. പി.ഐ. വർഗീസിൽ (മീനടം) നിന്നു റിട്ട. ബാങ്ക് മാനേജർ കെ.വി. വറുഗീസ് പുസ്തകം വാങ്ങും. കോയമ്പത്തൂർ തടാകം ആശ്രമം ചാപ്പൽ. ആശ്രമത്തിന്റെ പ്രഥമ ആചാര്യ ആയിരുന്ന ഫാ. കെ.സി. വർഗീസിന്റെ ഭാഗിനേയൻ വി.പി. തമ്പി വെരി.റവ. റമ്പാൻ കെ. വി. യാക്കോബിൽ നിന്നു പുസ്തകം സ്വീകരിക്കും. മദ്രാസ് സെന്റ് തോമസ് കത്തീഡ്രൽ വികാരി ഫാ. ഷിനു കെ. തോമസിൽ നിന്നു സഭാ മാനേജിംഗ് കമ്മറ്റി മുൻ മെമ്പർ പി.എസ്. തോ മസ് (കോന്നി) പുസ്തകം ഏറ്റു വാങ്ങും. ബാംഗ്ലൂർ ജലഹള്ളിപള്ളി. വെ.റവ. മാരേട്ട് ഏബ്രഹാം കോർ എപ്പിസ്ക്കോപ്പ, എൻജിനീയർ കോരുതു ഏബ്രഹാം ചെറായി (ആന്ധ്രാ ഗവർണറായിരുന്ന കെ.സി. ഏബ്രഹാം മാസ്റ്ററുടെ ബന്ധു). മുംബൈ ചെമ്പൂർ പള്ളി വികാരി ഫാ. ജോയി കെ. സഖറിയായിൽ നിന്നു മിസ്സിസ് മേരി പി. ജോർജ് പൈനാടം വാങ്ങും. ഭോപ്പാൽ പള്ളി വികാരി ഫാ. സൻജു ജോണിൽ നിന്നു ജോൺ വർഗീസ് (കൊല്ലം) പുസ്തകം സ്വീകരിക്കും. മനാമ (ബഹ്റൈൻ) സണ്ണി കുലത്താക്കൽ പുസ്തകം സ്വീകരിക്കും. വാഷിംഗ്ടൺ: സുരേഷ് വർഗീസ് (പുത്തൻകാവ്) ഏറ്റു വാങ്ങും.

**ഗ്രന്ഥകർത്താവു: കെ.വി. മാമ്മൻ കോട്ടയ്ക്കൽ, മാങ്ങാനം പി.ഒ. കോട്ടയം 686018,**
**ഫോൺ : 0481 - 2578936**

*അനുഗ്രഹാശംസ:* എച്ച്. ജി. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത മുംബൈ. *അവതാരിക:* ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത (പ. സുന്നഹദോസ് സെക്രട്ടറി) *തർജ്ജമ:* പ്രൊഫ. ബാബു സഖറിയ (ചെങ്ങന്നൂർ) സെമിനാരിയുടെ മികച്ച സംഭാവനകൾ ഫാ. ഡോ. ജേക്കബ് കുര്യൻ (മുൻ പ്രിൻസിപ്പൽ) പുസ്തകം ഏപ്രിൽ ആദ്യം 300 രൂപയ്ക്കു ഗ്രന്ഥകർത്താവിൽ നിന്നു ലഭിക്കും. പണം എം.ഒ. ആയോ ചെക്കായോ ഗ്രന്ഥകാരന് അയയ്ക്കാം.

**വലിയ കമ്മീഷൻ**

**സഭാചരിത്ര പുസ്തകങ്ങൾക്ക് 50 ശതമാനവും മറ്റു പുസ്തകങ്ങൾക്കു 33 ശതമാനവും കമ്മീഷൻ ഞങ്ങൾ നൽകും. - കെ.വി. മാമ്മൻ.**

## ചെരാത്



# അംശവടികൾ

ഫാ. ഷാലു ലൂക്കോസ് തിരുമംഗലം

അയാൾ അയാളുടെ
അംശവടി താഴെയിട്ടു
അത് പാമ്പായിത്തീർന്നു
പൊടുന്നനവെ
അതിഴഞ്ഞ് അന്തഛിദ്രം
വരുത്തുന്നതിന് മുമ്പ് തന്നെ
പിടിച്ചെടുത്തു
അത് അംശവടിയായി
അത് കണ്ടിട്ടെല്ലാവരും
അവരുടെ അംശവടികൾ
താഴെയിട്ടു
അവയും പാമ്പുകളായി
പലദിക്കുകൾ ഇഴഞ്ഞകന്ന്
അന്തഛിദ്രം വരുത്തിയും
ജനഹൃദയങ്ങളെ ചിതറിച്ചും
ദംശനം ചെയ്ത്
ദാർശനിക പിരാന്താക്കിയും
അത്താഴമേശകളിൽ
കലഹം വിതച്ച്
അടരാടിക്കൊണ്ടിരുന്നു
അവയെ പിടിച്ചെടുക്കാൻ
അവർക്കിന്നുവരെയായതുമില്ല.

ആരുമറിയാതെ
ദേവാലയത്തിന്റെ അകക്കോണിൽ
മറ്റു വടികൾക്കിടയിൽ
അയാളുടെ അംശവടിയും
മൗനമായ് വിലയം പ്രാപിച്ചിരുന്നു
പ്രഭാതം പൊട്ടിവരിഞ്ഞപ്പോൾ
അയാളുടെ അംശവടി മാത്രം
പുഷ്പിതമായി പ്രശോഭിതമായി
മറ്റെല്ലാവടികളും
കാലചക്രത്തിന്റെ ഇടനാഴികളിൽ
ഇന്നും പുഷ്പിതമാകും
എന്ന വിചാരത്തിന്റെ
കാത്തിരിപ്പുമായ്
യുഗങ്ങൾ താണ്ടുന്നു.

അയാളുടെ അംശവടി
പിമ്പിൽ തീക്കാറ്റ് പോലെ വന്ന്
തന്റെ ജനത്തെ ഭസ്മീകരിക്കാൻ
വന്ന ഫറവോൻ സൈന്യത്തിന്റെ
ഹുങ്കാര പ്രതാപത്തെ
നിഷ്പ്രഭമാക്കിക്കളയുന്നതായിരുന്നു.
മുമ്പിൽ ആർത്തലച്ച്
കൊടുമ്പിരിക്കൊണ്ട്
തന്റെ ജനത്തെ വിഴുങ്ങിക്കളയുന്ന
സംഹാര ദ്രുദ്ര സമുദ്രത്തിന്റെ
അലയാഴികളെ അടക്കി
അവർക്ക് വഴിയാക്കുകയായിരുന്നു.

അയാളുടെ അംശവടി
കനൽക്കാറ്റ് പെയ്യുന്ന മരുഭൂമികളിൽ
അവർക്ക് നനവിന്റെ മഞ്ഞായും
കരിമ്പനക്കാടുകളിലെ
പിശറൻ കാറ്റുകളിൽ അവർക്ക്
സാന്ത്വനത്തിന്റെ വചനമായും
കരിങ്കൽ കൂട്ടപ്പാറകളെ
ഭേദിച്ചവരുടെ
അത്താണി നഷ്ടപ്പെട്ടുപോയ
ആർത്ത ദാഹത്തിന്
തെളിനീരുറവയുമായ്
മാറുകയായിരുന്നു
അയാളുടെ അംശവടി
അപഥത്തിലായ്പ്പോയവനെ
ചങ്കോട് ചേർത്ത് വീണ്ടെടുക്കുവാനും
അപകർഷിതനെ
അവന്റെ മനസ്സിലേറി
അവന്റെ മനസ്സിന് കാവലാകാനും
പാപം കൊണ്ട്
തകർന്നടിഞ്ഞവന്റെ
ആത്മാവിനെ ചുംബിച്ച്
അവനെ ദൈവത്തോട് ചേർത്ത്
അടയാളപ്പെടുത്തുമായിരുന്നു.

അയാളുടെ അംശവടി
അജഗണങ്ങളുടെ
ആത്മബോധങ്ങളെ
പച്ചയായ പുൽപ്പുറങ്ങളിലേക്കും
ആത്മയാനങ്ങളെ
സ്വസ്ഥമായ ഉറവയിലേക്കും
നയിക്കുന്നതായിരുന്നു.
അത്ഭുതാവഹമായ്
അനന്തമായ്
ആശ്വസിപ്പിക്കുന്ന
അംശവടിയുമായിരുന്നു അത്.

യുഗയുഗാന്ത്യങ്ങൾക്കിപ്പുറം
അംശവിടികൾ നമ്മെ പ്രചോദിപ്പിക്കുന്നത്
അവന്റെ കുരിശെന്ന
അടയാളപ്പെടുത്തലിലൂടെയാണ്
ആ കുരിശ് വിളങ്ങുന്നിടത്തെല്ലാം
ആ കുരിശ് തിളങ്ങുന്നിടത്തെല്ലാം
അവന്റെ തേജസ്സ് വെളിപ്പെടും.

E-mail: fr.thirumangalam@gmail.com

## 'വിശ്വാസവണ്ടി'യിൽ തളരാത്ത അക്ഷരയാത്ര



തളരാത്ത മനസ്സുമായി ആറു പതിറ്റാണ്ടു ജീവിച്ച വള്ളംകുളം തോട്ടപ്പുഴ പ്ലാച്ചേരിൽ ചാണ്ടപ്പിള്ള പി. സാം (രാജു-63) ഫെബ്രുവരി 4-ന് വിശ്വാസ വണ്ടിയിൽ അക്ഷരയാത്ര പൂർത്തിയാക്കി. രണ്ടാമത്തെ വയസിൽ പോളിയോ ബാധിച്ച് കിടപ്പിലായതിനാൽ ഔപചാരിക വിദ്യാഭ്യാസം ലഭിച്ചില്ല. പ്രാഥമിക വിദ്യാഭ്യാസം അദ്ധ്യാപികയായ മാതാവിൽ നിന്നുമാണ് നേടിയത്. മലയാള ഭാഷയും വ്യാകരണവും വൃത്തശാസ്ത്രവും സഭാകവി സി.പി. ചാണ്ടിയിൽ നിന്നും ആർജ്ജിച്ചെടുത്തു. മലയാളം, സുറിയാനി വൃത്തശാസ്ത്രത്തിൽ അവഗാഹം നേടി. 'കാവ്യസങ്കീർത്തനങ്ങൾ' എന്ന കവിതാസമാഹാരം രചിച്ചു. ചെറുകഥകളും ആനുകാലിക ലേഖനങ്ങളും രചിച്ചിട്ടുണ്ട്. കുട്ടിക്കവിതകളിലൂടെ ബാലമനസ്സുകളെ സ്വാധീനിച്ചിട്ടുണ്ട്. ഒവിബിഎസ് ഗാനങ്ങളും മുദ്രാവാക്യങ്ങളും എഴുതിയിട്ടുണ്ട്. അഖിലമലങ്കര തലത്തിൽ ദിവ്യബോധനം ഡിപ്ലോമാ പരീക്ഷയിൽ ഒന്നാം റാങ്കും (1992) യുവജനപ്രസ്ഥാനം കലാമത്സരത്തിൽ ചെറുകഥയ്ക്കും (1982) കവിതയ്ക്കും (1987) ഒന്നാം സ്ഥാനവും നേടിയിരുന്നു. തോട്ടപ്പുഴ എംജിഎം സൺഡേസ്കൂൾ ഹെഡ്മാസ്റ്ററും യുവജനപ്രസ്ഥാനം കേന്ദ്ര കമ്മറ്റി അംഗവുമായിരുന്നു. സ്വയം തയ്യാറാക്കിയ മുച്ചക്ര വണ്ടിയിൽ ശുശ്രൂഷാസരണിയിൽ ചാണ്ടപ്പിള്ളയുടെ മനസ്സിനെയും ചിന്തകളെയും വൈകല്യം ബാധിച്ചിരുന്നില്ല. 'മലങ്കരസഭ'മാസികയുടെ ആയുഷ്കാല വരിക്കാരനായിരുന്നു. 'തീർത്ഥം' എന്ന കവിതാസമാഹാരം 40-ാം ചരമദിനത്തിൽ പ്രസിദ്ധീകരണത്തിന് തയ്യാറാകുന്നു. ചെങ്ങന്നൂർ സെൻറ് ഇഗ്നേഷ്യസ് കത്തീഡ്രൽ വികാരി ഫാ. ഐപ്പ് പി. സാം ഇളയ സഹോദരനാണ്. ഭാര്യ : കല്ലുപ്പാറ കൊടുന്തറ മാവേലിക്കുന്നേൽ സുജ. മക്കൾ: രമ്യ (അയർലൻറ്), രഞ്ചു (ലണ്ടൻ). മരുമക്കൾ: തെങ്ങണ മാന്തറയിൽ ജിനോ (അയർലൻറ്), തോട്ടപ്പുഴ മുരിങ്ങശേരിൽ ഷെറിൻ (ലണ്ടൻ). സഹോദരി: മുത്തൂർ മാലിയിൽ മോളി വർഗീസ്.


### അദ്ധ്യാപകരെ ആവശ്യമുണ്ട്

പത്തനാപുരം മൗണ്ട് താബോർ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള ഹൈസ്കൂളുകളിൽ മലയാളം HSA അദ്ധ്യാപക ഒഴിവുകൾ ഉണ്ട്. നിശ്ചിത യോഗ്യത ഉള്ളവർ മാനേജ്മെന്റ് ഓഫീസിൽ ബന്ധപ്പെടുക.

MOb. 9447278243


### ആർദ്ര ചാരിറ്റബിൾ സൊസൈറ്റി ദേവലോകം

ആർദ്ര ഹോംസ് പദ്ധതി പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ സ്മരണയ്ക്കായി ആർദ്ര നടപ്പാക്കുന്ന ആദ്യ രണ്ട് ഭവനങ്ങളുടെ നിർമ്മാണം ശനിയാഴ്ച 3 മണിയ്ക്ക് പരിശുദ്ധ കാതോലിക്ക ബാവാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ നിർവ്വഹിക്കുന്നു. സ്ഥലം: കോട്ടയം, പുതുപ്പള്ളി, തൃക്കോതമംഗലം, സെന്റ് ജെയിംസ് ഓർത്തഡോക്സ് പള്ളിയ്ക്ക് സമീപം. സഭ, സാമൂഹിക, രാഷ്ട്രീയ നേതാക്കന്മാർ പങ്കെടുക്കുന്നു. ഏവർക്കും സ്വാഗതം.

പ്രസിഡന്റ്:
ഡോ. യാക്കോബ് മാർ ഏലിയോസ്
സെക്രട്ടറി :
അഡ്വ. (ഡോ.) ഐസക്ക് പാമ്പാടി
ട്രഷറാർ: ജോൺസൺ കീപ്പള്ളിൽ


MALANKARA ORTHODOX CHURCH PUBLICATIONS
DEVALOKAM-KOTTAYAM-1, KERALA, INDIA
E-mail : mocpublications@gmail.com

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗം

എം.ഒ.സി. ബുക്സ്

വേദശാസ്ത്ര ഗ്രന്ഥങ്ങൾ, പള്ളി ഉപകരണങ്ങൾ,
സഭാ പ്രസിദ്ധീകരണങ്ങൾ, ഫോട്ടോകൾ...

പരുമല സെമിനാരിയിൽ എം.ഒ.സി. ബുക്സ് സ്റ്റാൾ
എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കുന്നു.

MOC BOOKS
Erayilkadavu Rd., Manorama Jn., Kottayam
Devalokam Aramana & Parumala Seminary
0481-2561305 | 8111925411 | 9496161305



₹1750
ദുഃഖവെള്ളി
ശുശ്രൂഷയ്ക്ക് ആവശ്യമായ
സാധനങ്ങൾ അടങ്ങിയ കിറ്റ്
എം.ഒ.സി. ശാഖകളിൽ ലഭ്യമാണ്.


വെള്ള കോട്ടൺ തുണി 5 മീറ്റർ,
കോട്ടൺ 1 റോൾ
കുന്തിരിക്കം , റോസ് വാട്ടർ
വിന്നാഗിരി, ചെന്നിനായകം
കർപ്പൂരം, സാമ്പ്രാണി, പെർഫ്യൂം

## പുസ്തക വായന:

# മാത്യൂസ് മാർ എപ്പിഫാനിയോസ്: സൗമ്യ ദീപ്തി

ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

**വിവിധ കാലഘട്ടങ്ങളിൽ കൊല്ലം (1985 2009), തിരുവനന്തപുരം (1999 2005) തുടങ്ങിയ ഭദ്രാസനങ്ങളിൽ ഭരണവും ശുശ്രൂഷയും നിർവ്വഹിച്ച മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ ജീവിത സാക്ഷ്യം സമഗ്രമായി അദ്ദേഹത്തിന്റെ സഹോദരൻ 85 ന്റെ നിറവിലെത്തിയ കെ.ബേബി കൂട്ടറഴികത്ത് സൗമ്യ ദീപ്തിയിൽ അവതരിപ്പിക്കുന്നു.**




എട്ടു പതിറ്റാണ്ടിന്റെ പുണ്യം പ്രദാനം ചെയ്ത മലങ്കരയുടെ സൗമ്യ തേജസ്സായ മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലിത്തായുടെ ജീവിതവും ദർശനവും അടയാളപ്പെടുത്തുന്ന പ്രൗഢ ഗ്രന്ഥമാണ് സൗമ്യദീപ്തി.

കൊല്ലം ഭദ്രാസന സഹായ മെത്രാപ്പോലിത്ത (1985 1991), തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലിത്ത 1999 -2005), കൊല്ലം ഭദ്രാസന മെത്രാപ്പോലിത്ത (1991 2009 ) തുടങ്ങിയ നിലകളിൽ ദീർഘകാലം ഭരണവും ശുശ്രൂഷയും നിർവ്വഹിച്ച മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ ജീവിത സാക്ഷ്യം സമഗ്രമായി അദ്ദേഹത്തിന്റെ സഹോദരൻ 85 ന്റെ നിറവിലെത്തിയ കെ.ബേബി കൂട്ടറഴികത്ത് ഇതിൽ അവതരിപ്പിക്കുന്നു. ഉത്തമ അദ്ധ്യാപകൻ, സംഘാടകൻ,പ്രഭാഷകൻ എന്നീ നിലകളിൽ അറിയപ്പെടുന്ന കെ.ബേബി സാറിന്റെ എഴുത്തിലും അവതരണത്തിലും നിറഞ്ഞു നിൽക്കുന്നത് മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയെക്കുറിച്ചുള്ള നേർക്കാഴ്ചകളാണ്.

കുടുബ പശ്ചാത്തലം വിശദീകരിച്ചാണ് ആ പദമുദ്രകൾ തെളിയിക്കുന്നത്. ' അതിസമ്പന്നമായ കുടുംബ പശ്ചാത്തലം അദ്ദേഹത്തിന് ഇല്ലായിരുന്നു. എന്നാൽ വിനയശീലം, സൗമ്യത, പരിശ്രമശീലം, ദീനാനുകമ്പ, പ്രാർത്ഥനാ ജീവിതം, ആരാധനാ നുഭവം, ദൈവഭയം എന്നീ സവിശേഷതകളുള്ള കുടുബത്തിലാണ് അദ്ദേഹം ജനിച്ചതും വളർന്നതും എന്നു പറഞ്ഞാണ് ജീവിതക്കാഴ്ചകൾ അവതരിപ്പിക്കുന്നത്.

ചെങ്കുളം യു.പി.സ്കൂൾ ഹെഡ് മാസ്റ്ററായി പ്രവർത്തിക്കുന്ന സമയത്താണ് മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത (പിന്നീട് മാത്യൂസ് ദ്വിതീയൻ ബാവ) 1953 ൽ എന്റെ കൂടെ വരുന്നുണ്ടോ എന്നു ചോദിച്ച് കൂട്ടഴികത്ത് കെ. മത്തായിയെ വിളിച്ചത്. സൂര്യതേജസ്സായി ജ്വലിച്ച ആ മുഖകാന്തിയും ശബ്ദവും കെ. മത്തായി സാർ ദൈവ വിളിയായി സ്വീകരിച്ചു. ജോലി ഉപേക്ഷിച്ച് ദൈവവിളി ഉൾക്കൊണ്ട കെ മത്തായി പിന്നീട് വൈദികനും റമ്പാനും മെത്രാപ്പോലിത്തായുമായി.

ഓതറ ദയറായിൽ 1954 ൽ എത്തിയ കെ മത്തായിക്ക് മാത്യൂസ് മാർ കൂറിലോസ് നൽകിയ കല്പനയിൽ താൻ ഒരു പണ്ഡിതനും പരിശുദ്ധനും ആയിത്തീരണം. നമ്മോട് ഒന്നിച്ച് താമസിക്കണം എന്ന് ആവശ്യപ്പെട്ടു. ഇതിൽ മൂന്നാമത്തേത് ഏതാണ്ട് ഒത്തു കിട്ടി എന്ന് മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനി നർമ്മം കലർത്തി പറഞ്ഞിട്ടുണ്ട്. ഗുരുവായ മാത്യൂസ് മാർ കൂറിലോസ് തിരുമേനിയോടൊപ്പം 1954 മുതൽ 64 വരെ ഓതറ ദയറായിലും 1964 മുതൽ 1985 വരെ കൊല്ലം അരമനയിലും താമസിച്ച് സഭാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഏതാണ്ട് 45 വർഷം ഗുരുവിനെ അനുധാവനം ചെയ്ത ഉത്തമ ശിഷ്യനായി മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലിത്ത,

പാവം അദ്ധ്യാപകനായിരുന്ന എനിക്ക് പൗരോഹിത്യത്തിന്റെ പടികൾ കയറി മേൽപ്പട്ടക്കാരൻ വരെയാകുവാൻ കഴിഞ്ഞത് പ. മാത്യുസ് ദ്വീതിയൻ ബാവായുടെ പിതൃ തുല്യ വാത്സല്യം കൊണ്ടാണെന്നും മാർ എപ്പിഫാനിയോസ് പറഞ്ഞിട്ടുണ്ട്.' പ്രമുഖ ധ്യാന ഗുരു, വേദ പുസ്തക പണ്ഡിതൻ, അനുഗ്രഹീത അജപാലകൻ, മികച്ച അദ്ധ്യാപകൻ, ഉജ്വല പ്രഭാഷകൻ എന്നി നിലകളിൽ അറിയപ്പെട്ട അദ്ദേഹം 2009 ഫെബ്രുവരി 9 ന് കാലം ചെയ്തു. കൊല്ലം അരമനയോടും പള്ളിയോടും ചേർന്നുള്ള സ്ഥലത്ത് കമ്പറടക്കി.

സൗമ്യ ദീപ്തിയിൽ നാലു ഭാഗങ്ങളിലായി 488 പേജുകളും 70 അദ്ധ്യായങ്ങളും 32 പേജ് കളർ ചിത്രങ്ങളും ഉണ്ട്. ഒന്നാം ഭാഗം കെ.ബേബി കൂട്ടറഴികത്ത് എഴുതിയ ആത്മാധിഷ്ഠിത ജീവചരിത്രമാണ്. രണ്ടാം ഭാഗത്ത് വിവിധ മെത്രാപ്പോലിത്തന്മാരുടെ സാക്ഷ്യവും മൂന്നാം ഭാഗത്ത് എപ്പിഫാനിയോസ് തിരുമേനിയുടെ ജീവിതത്തെ അടുത്തറിഞ്ഞവരുടെ അനുഭവക്കുറിപ്പുകളുമാണ്. നാലാം ഭാഗത്ത് അഭിമുഖങ്ങളും അന്ത്യ സന്ദേശങ്ങളുമാണ്.

മാർ എപ്പിഫാനിയോസ് മെത്രാപ്പോലിത്തായുടെ ഗുരുവായ ഫാ.ഡോ. റ്റി. ജെ.ജോഷ്വ, സഹപാഠികളായ കുറിയാക്കോസ് മാർ ക്ലീമ്മീസ്, റവ. കെ.വി ജോസഫ് റമ്പാൻ എന്നിവർ അദ്ദേഹത്തിന്റെ സെമിനാരി പഠന കാലം ഓർമ്മിച്ചെടുക്കുന്നു. സഭയിലും സമൂഹത്തിലുമുള്ള നിരവധി പ്രഗൽഭരുടെ ലേഖനങ്ങളും ഇതിലുണ്ട്. ഹൃദ്യമായ അവതരണം, ആത്മനിഷ്ഠമായ വിശകലനം, സൂക്ഷ്മ നിരീക്ഷണം, സുതാര്യമായ ആവിഷ്ക്കാരം, സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങളുടെ ക്രോഡീകരണം എന്നിവ ഈ കൃതിക്ക് മികവ് പകരുന്നു.

വിനയത്തിന്റെയും ജ്ഞാനത്തിന്റെയും കാരുണ്യത്തിന്റെയും പ്രകാശമാണ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ ജീവിതം. പ്രകാശിപ്പിക്കുന്നവൻ, തേജസ്സുള്ളവൻ എന്നർത്ഥം സമഗ്രമായി ആ ജീവിതത്തിൽ പ്രോജ്വലിച്ചു. ആ ആത്മീയ പൗരുഷത്തിന്റെ ഭ്രമണപഥങ്ങളിലൂടെയുള്ള യാത്രാനുഭമാണ് സൗമ്യ ദീപ്തി.

'അഭിവന്ദ്യ എപ്പിഫാനിയോസ് മെത്രാപ്പോലിത്ത ഗുരുത്വം വിടാത്ത ഗുരുവായി പരിണമിച്ചു. സൗമ്യതയായിരുന്നു ഈ ഗുരുത്വത്തിന്റെ ബാഹ്യ പ്രകാശനം. അങ്ങനെ സൗമ്യ ദീപ്തിയായി ' എന്ന് അവതാരികയിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്ത പറയുന്നു.

**വാങ്മൂഖം : ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ. പ്രസിദ്ധീകരണം ബോധി, പന്തളം. പേജ് : 488 കോപ്പികൾക്ക് 070340 85780, 0474 2462171, 9447141639, വില 400.**

# സഹോദരൻ പദ്ധതി ഇന്ത്യൻ മതേതരത്വത്തിന് ഉത്തമ മാതൃക
## – പി. എസ്. ശ്രീധരൻപിള്ള



**പരുമല:** പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ 73-ാം ജന്മദിനത്തോടനുബന്ധിച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ സ്മരണാർത്ഥം ആരംഭിച്ച സഹോദരൻ എന്ന സാധുജനക്ഷേമ പദ്ധതി ഇന്ത്യൻ മതേതരത്വത്തിന് നൽകുന്ന നിസ്തുല സംഭാവനയാണെന്ന് ബഹു. ഗോവാ ഗവർണർ അഡ്വ. പി.എസ്. ശ്രീധരൻ പിള്ള. സഹോദരൻ പദ്ധതിയുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പുരാതന ക്രൈസ്തവ ദേവാലയങ്ങളിലെ പെരുന്നാളിനോടനുബന്ധിച്ച് മറ്റ് മതസ്ഥർക്ക് നൽകുന്ന പങ്കാളിത്തം നമ്മുടെ പൂർവികർ മതേതരത്വത്തിന് നൽകിയ സംഭാവനകളാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കുര്യാക്കോസ് മാർ ക്ലീമ്മിസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ്, അഭി. സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ, ചങ്ങനാശ്ശേരി അതിരൂപതയുടെ ഓക്സിലറി ബിഷപ്പ് മാർ തോമസ് തറയിൽ, തിരുവനന്തപുരം ശാന്തി ഗ്രാം ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, പുനലൂർ രൂപതയുടെ ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ, സി.എസ്.ഐ സഭയുടെ ബിഷപ്പ് ഡോ. സാബു മലയിൽ കോശി ചെറിയാൻ, കൽദായ സഭയുടെ മാർ ഔഗിൻ കുറിയാക്കോസ് എപ്പിസ്ക്കോപ്പാ, സഭയുടെ വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. എം. സി.പൗലോസ്, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് എന്നിവർ പ്രസംഗിച്ചു. പരിശുദ്ധ ബാവാ രചിച്ച 'മലങ്കരസഭ: ചരിത്ര സ്പന്ദനങ്ങൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം ഗവർണർ നിർവഹിച്ചു. ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ പുസ്തക പരിചയം നടത്തി. ഭവന നിർമ്മാണം, വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം എന്നീ പദ്ധതികളിലായി 8 പേർക്ക് 9 ലക്ഷം രൂപ സഹായമായി വിതരണം ചെയ്തു. ജാതിമത ഭേദമെന്യേയാണ് സഹായം നൽകുക. ജന്മദിനത്തോടനുബന്ധിച്ച് വ്യക്തികളിൽ നിന്ന് ലഭിക്കുന്ന സമ്മാനങ്ങളും, വ്യക്തിപരമായി പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് ലഭിക്കുന്ന സംഭാവനകളും ചേർത്താണ് ഈ പദ്ധതി ആവിഷ്ക്കരിക്കുന്നതെന്ന് പരിശുദ്ധ ബാവാ മറുപടി പ്രസംഗത്തിൽ പറഞ്ഞു. ജന്മദിനത്തോടനുബന്ധിച്ച് രാവിലെ 7 മണിക്ക് പരുമല പള്ളിയിൽ പരിശുദ്ധ ബാവാ വി. കുർബാന അർപ്പിച്ചു. തുടർന്ന് പരിശുദ്ധ ബാവാ വിശിഷ്ടാതിഥികളുടെ സാന്നിദ്ധ്യത്തിൽ ജന്മദിന കേക്ക് മുറിച്ചു.

# പരിശുദ്ധ ബാവായുടെ ജന്മദിനം
## ഓതറ കോഴിമല ആശാഭവനിൽ അന്തേവാസികളോടൊപ്പം ആഘോഷിച്ചു

**ഓതറ:** പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ 73-ാം ജന്മദിനം കോഴിമല സെന്റ് മേരീസ് കോൺവെന്റിന്റെ നേതൃത്വ ത്തിലുള്ള ആശാഭവനിൽ ആഘോഷിച്ചു. ഫെബ്രുവരി 19-ന് 73-ാം ജന്മദിനം ആഘോഷിക്കുന്ന ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായും ആശാഭവനിൽ എത്തി ആഘോഷത്തിൽ പങ്കെടുത്തു. കോൺവെന്റ് മദർ സുപ്പീരിയർ സിസ്റ്റർ സോഫിയ, ആശാഭവൻ സുപ്പീരിയർ സിസ്റ്റർ ഏലിസബേത്ത് എന്നിവരുടെ നേതൃത്വ ത്തിൽ കന്യാസ്ത്രീകൾ പിതാക്കന്മാരെ സ്വീകരിച്ചു. പിതാക്കന്മാർ ചേർന്ന് ആശാഭവനിലെ അങ്കണത്തിൽ ഒലിവ് തൈ നട്ടു. ആശാഭവനിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കും മുതി ർന്നവർക്കും ഒപ്പം ചേർന്ന് കേക്ക് മുറിക്കുകയും, ഉച്ച ഭക്ഷണം കഴിക്കുകയും ചെയ്ത ജന്മദിന സന്തോഷം പങ്കിട്ടത് ഒരു അപൂർവ്വ സന്ദർഭമായി.





റോഡരികിലെ ഷെഡിൽ താമസിക്കുന്ന ലക്ഷ്മിക്ക് കോട്ടയം കാരാപ്പുഴയിൽ നിർമ്മിക്കുന്ന വീടിന് പ. കാതോലിക്കാ ബാവാ തിരുമേനി തറക്കല്ലിട്ടു. സഹോദരൻ ജീവകാരുണ്യ പദ്ധതിയിൽ നിന്നുള്ള ആദ്യ വീടാണ് ലക്ഷ്മിക്കു വേണ്ടി നിർമ്മിക്കുന്നത്.

## സോദരസംഘം വാർത്തകൾ



# സഹോദരൻ

### (പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ ചാരിറ്റി പദ്ധതി)



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ 73-ാം ജന്മദിനത്തിൽ, പരിശുദ്ധ പിതാവിന്റെ മുൻഗാമിയും ഭാഗ്യസ്മരണീയനുമായ പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ നാമത്തിൽ ആരംഭിച്ച ജീവകാരുണ്യ പദ്ധതിയാണ് 'സഹോദരൻ'. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന യേശുക്രിസ്തുവിന്റെ സുവിശേഷമാണ് ഈ പദ്ധതിയുടെ ദർശനം (vision). സമൂഹത്തിൽ അവശത അനുഭവിക്കുന്ന അനേകർക്ക് സ്നേഹിതനും സഹോദരനുമായ യേശുക്രിസ്തുവിന്റെ സ്നേഹം അനേകരുടെ ഹൃദയത്തിൽ പകരുവാനും ജാതിമതഭേദമെന്യേ ഏവരെയും സഹോദരതുല്യം കരുതുവാനും ഭാഗ്യസ്മരണീയനായ പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായുടെ സ്നേഹസ്പർശം നിറഞ്ഞ പ്രവർത്തനങ്ങൾ നിലനിർത്തുന്നതിനും വർത്തമാനകാല സുവിശേഷ ദൗത്യം പ്രാവർത്തികമാക്കുന്നതിനുമാണ് **'സഹോദരൻ'** എന്ന പേരിൽ സമഗ്രമായ ഒരു സാമൂഹ്യസേവന പദ്ധതി ആരംഭിക്കുന്നത്.

സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്കു ഭവനനിർമ്മാണം, വിവാഹം, വിദ്യാഭ്യാസം, ചികിത്സ (ക്യാൻസർ, വൃക്ക, ഹൃദയ, പക്ഷവാത, മാനസികരോഗികൾക്ക്), ബുദ്ധിമാന്ദ്യവും അംഗവൈകല്യവുമുള്ളവർക്കു സംരക്ഷണം, മുതർന്ന പൗരന്മാരെ കരുതൽ, എന്നീ ഏഴു സേവനമേഖലകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഫെബ്രുവരി 12-ന് ആരംഭിച്ച ഈ പദ്ധതിയിൽ നിന്ന് 12 ലക്ഷം രൂപ വിവിധ പദ്ധതികളിലായി വിതരണം ചെയ്തു. 110 പേർ അവരവരുടെ ജന്മദിന സ്തോത്ര സംഭാവനകൾ നൽകി സോദര സംഘത്തിൽ ഇതിനോടകം അംഗങ്ങളായി. സോദര സംഘാംഗങ്ങളുടെ വിശദാംശങ്ങളും, സംഭാവനകളും, വരവ്-ചെലവ് കണക്കും വാർഷിക റിപ്പോർട്ടിൽ ചേർത്ത് പ്രസിദ്ധീകരിക്കുന്നതാണ്.**





**Address:**
Baselios Marthoma Mathews III
Catholicate Aramana, Devalokam,
Kottayam-686004, Kerala, India

***ACCOUNT DETAILS:***

*Indian Currency*

| | | |
|---|---|---|
| Account Name | : | Baselios Marthoma Mathews III |
| Account Number | : | 50220001884863 |
| IFSC | : | ESMF0001132 |
| Bank & Branch | : | ESAF Small Finance Bank, Kottayam |

*Foreign Currency*

| | | |
|---|---|---|
| Account Name | : | Malankara Orthodox Syrian Church |
| Account Number | : | 40059833606 (FCRA Savings Account) |
| IFSC | : | SBIN0000691 |
| Bank & Branch | : | State Bank of India, New Delhi Main Branch |
| Swift | : | SBININBB104 |

## Malankara Orthodox Syrian Church

Catholicate Aramana, Devalokam P.O.(Via.) Muttambalam,
Kottayam-686004, Kerala, India
Tel no. 0481 2578500, 2578499, *Email:* catholicos@mosc.in
*Web Manager :* webmanager@mosc.in
*Public Relations officer :* pro@mosc.in

നിങ്ങളുടെ ജന്മദിന സംഭാവനകളും, മറ്റ് സംഭാവനകളും താഴെ കൊടുത്തിരിക്കുന്ന വിലാസത്തിലോ അക്കൗണ്ടിലോ അയച്ചു നൽകാവുന്നതാണ്. നിങ്ങളുടെ വിലാസവും, ഇമെയിൽ ഐഡിയും, മൊബൈൽ നമ്പറും കൂടി അയച്ചു നൽകണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു. ബാങ്കിലേക്ക് നേരിട്ട് അയയ്ക്കുന്ന സംഭാവനയുടെ വിശദവിവരങ്ങൾ catholicos@mosc.in എന്ന e-mail ലേക്കോ, +91 99465 60683 എന്ന വാട്സാപ്പ് നമ്പറിലേക്കോ അയയ്ക്കേണ്ടതാണ്.

"Gone from our sights,
but never from our hearts"

*40th Day of Rememberance on*
09-03-2022



## Very Rev. V.K. John Cor-Episcopa

(12 February 1945-29 January 2022)

Founder and Managing Director of
St. Paul's Educational Institutions and president
of St. Paul's Mission Society,
Kollengode, Palakkad.

Family, Management, Staff and PTA.

# പ. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനങ്ങൾ



പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സമാപിച്ചു. യുക്രെയിനിൽ സമാധാനം പുനഃസ്ഥാപിക്കുവാനും ലോകരാഷ്ട്രങ്ങളുടെയിടയിൽ പരസ്പര സൗഹൃദവും സഹകരണ മനോഭാവവും ഉണ്ടാകുവാനുംവേണ്ടി സഭാംഗങ്ങളേവരും പ്രാർത്ഥിക്കണമെന്നും മലങ്കര സഭയിൽ അധിനിവേശത്തിന്റെ അടയാളങ്ങൾ അവസാനിപ്പിക്കണമെന്നും ഭാരതത്തിന്റെ പരമോന്നത നീതിപീഠം നൽകിയിരിക്കുന്ന വിധികൾ അനുസരിച്ച് സഭ മുഴുവനും ഒന്നായി നിന്ന് മുന്നോട്ടു പോകണമെന്നും സുന്നഹദോസ് ആവർത്തിച്ച് പ്രഖ്യാപിച്ചു.

**സഭയിലെ വിവിധ സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും അടുത്ത അഞ്ച് വർഷത്തേക്കുള്ള പ്രധാന ചുമതലക്കാരായി മെത്രാപ്പോലീത്താമാരെ നി ശ്ചയിച്ചു.**

**1.** അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസ്യോസ് - കോട്ടയം വൈദിക സെമിനാരി ഗവേണിംഗ് ബോർഡ് മെമ്പർ. **2.** അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തോസ് - ബാംഗ്ലൂർ യു.റ്റി. സി-യി ലേക്കുള്ള സഭാപ്രതിനിധി; **3.** അഭി. ഗീവർഗീസ് മാർ കൂറീലോസ് - സ്ലീബാദാസ സമൂഹം പ്രസിഡന്റ്, മിനിസ്ട്രി ഓഫ് ഹ്യൂമൻ എംപവർമെന്റ് പ്രസിഡന്റ്; **4.** അഭി. സഖറിയാ മാർ നിക്കോളാവോസ് - ഇന്റർ ചർച്ച് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് വൈസ് പ്രസിഡന്റ് **5.** അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് - എം.ഒ.സി പബ്ലിക്കേഷൻസ് പ്രസിഡന്റ്; **6.** അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് - കാതോലിക്കേറ്റ് ആന്റ് എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ, മിഷൻ ബോർഡ് പ്രസിഡന്റ്; **7.** അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് - പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി; **8.** അഭി. യൂഹാനോൻ മാർ പോളി ക്കാർപ്പോസ് - വിവാഹ സഹായ പദ്ധതി പ്രസിഡന്റ്, ചർച്ച് ഫിനാൻസ് കമ്മറ്റി പ്രസിഡന്റ്; **9.** അഭി. ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് - നാഗ്പൂർ സെമിനാരി വൈസ് പ്രസിഡന്റ്, ഇക്കോളജിക്കൽ കമ്മീഷൻ പ്രസിഡന്റ്; **10.** അഭി. ഏബ്രഹാം മാർ എപ്പിഫാ നിയോസ് - ഭവന നിർമ്മാണ പദ്ധതി പ്രസിഡന്റ്; **11.** അഭി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് - കോട്ടയം വൈദിക സെമിനാരി വൈസ് പ്രസിഡന്റ്, വൈദിക സംഘം-ബസ്ക്യോമോ അസ്സോസിയേഷൻ പ്രസിഡന്റ് **12.** അഭി. അലക്സിയോസ് മാർ യൗസേബിയോസ് - സഭാ പബ്ലിക് സ്കൂളുകളുടെ മാനേജർ, സണ്ടേസ്കൂൾ-ബാലസമാജം പ്രസിഡന്റ്; **13.** അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് - മർത്തമറിയം സമാജം -നവജ്യോതി മോംസ് പ്രസിഡന്റ്, മലങ്കര സഭാ മാസിക പ്രസിഡന്റ്, സഭയുടെ പി.ആർ. ഡിപ്പാർട്ട്മെന്റ്, മീഡിയ വിംഗ് പ്രസിഡന്റ്, എം.എം.സി. സ്കൂൾസ് മാനേജർ; **14.** അഭി. ഡോ. യൂഹാനോൻ മാർ ദിമത്രയോസ് - ഇന്റർ ചർച്ച് റിലേഷൻസ് പ്രസിഡന്റ്, സണ്ടേസ്കൂൾ ഒ.കെ.ആർ പ്രസിഡന്റ്; **15.** അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് - ശുശ്രൂഷക സംഘം പ്രസിഡന്റ്; **16.** അഭി. യാക്കോബ് മാർ ഏലിയാസ് - മിഷൻ ബോർഡ് വൈസ് പ്രസിഡന്റ്; **17.** അഭി. ഡോ. ജോഷ്വാ മാർ നി ക്കോദിമോസ് - പ്രാർത്ഥനായോഗം പ്രസിഡന്റ്, ചർച്ച് അക്കൗണ്ട്സ് കമ്മറ്റി പ്രസിഡന്റ്; **18.** അഭി. ഡോ. സഖറിയ മാർ അപ്രേം - എം.ഒ.സി. കോർപ്പറേറ്റ് കോളേജ് പ്രസിഡന്റ്; **19.** അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് - യുവജനപ്രസ്ഥാനം പ്രസിഡന്റ് **20.** അഭി. ഡോ. ഏബ്രഹാം മാർ സെറാഫിം - എം.ജി.ഒ.സി.എസ്.എം. പ്രസിഡന്റ്, ആർദ്ര ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ്

2022 ഫെബ്രുവരി മാസം 25-ാം തീയതി കോലഞ്ചേരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത ഫാ. ഏബ്രഹാം തോമസ്, ഫാ. പി. സി. തോമസ്, ഫാ. ഡോ. വർഗീസ് കെ. ജോഷ്വാ, ഫാ. വിനോദ് ജോർജ്, ഫാ. കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, ഫാ. ഡോ. റെജി ഗീവർഗീസ്, ഫാ. സഖറിയ നൈനാൻ ചിറത്തിലാട്ട് എന്നിവരെ സുന്നഹദോസ് അംഗീകരിച്ചു.

മലങ്കര സഭാ മാസിക എഡിറ്റോറിയൽ ബോർഡ്, നാഗ്പൂർ-കോട്ടയം സെമിനാരികളുടെ ഗവേണിംഗ് ബോർഡ് എന്നിവ പുഃനസംഘടിപ്പിച്ചു.

പഠനം, ജോലി മുതലായ വിഷയങ്ങളുമായി ബന്ധപ്പെട്ട് മറ്റ് രാജ്യങ്ങളിലേക്ക് പോകുന്ന വിശ്വാസികളുടെ സഭാബന്ധം സംബന്ധിച്ചും, സഭാംഗങ്ങളുടെ ഇടയിലുണ്ടാകുന്ന കുടുംബ ശിഥിലീകരണം സംബന്ധിച്ചും വ്യക്തമായ പഠനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതികളെ നിയമിച്ചു.

കോട്ടയം-നാഗ്പൂർ വൈദിക സെമിനാരികൾ, പരുമല സെമിനാരി, പരുമല ആശുപത്രി, എക്യുമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ടമെന്റ് തുടങ്ങിയ വിവിധ സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും പ്രവർത്തന റിപ്പോർട്ട് സുന്നഹദോസ് അംഗീകരിച്ചു.

സഭയുടെ ബി ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റുകൾ സുന്നഹദോസ് അംഗീകരിച്ചു.

ഡോ. തോമസ് മാർ അത്താനാസ്യോസ്, കുറിയാക്കോസ് മാർ ക്ലീമീസ്, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് എന്നീ മെത്രാ പ്പോലീത്താമാർ ധ്യാനയോഗങ്ങൾക്ക് നേതൃത്വം നൽകി. സുന്നഹദോസ് സെക്രട്ടറി അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാ പ്പോലീത്താ റിപ്പോർട്ട് അവതരിപ്പിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സുന്നഹദോസ് യോഗങ്ങളിൽ സഭയിലെ എല്ലാ മെത്രാപ്പോലീത്താ മാരും പങ്കെടുത്തു.

## വേർപാടിന്റെ അഞ്ചാം വർഷം
23-03-2022



### Saramma Varghese

**Kizhakaparambil House**
**Muthupala,**
**Vennikulam**

**Inserted By:**
**K. Kurian Varghese & Children**

## Fourth Death Anniversary
12.03.2022



### SATHYAVAN KOTTARAKARA

INSERTED BY

**SARAMMA M.K**
**S.M.HOUSE**
**KOTTARAKARA**

## സൺഡേസ്കൂൾ അധ്യാപക പരിശീലന പരിപാടി

സൺഡേസ്കൂൾ അധ്യാപകർക്കുമായി OSSAE ബൃഹത്തായ പരിശീലന പരിപാടി ഓൺലൈനിൽ സംഘടിപ്പിച്ചു. കേരള റീജിയനിലുള്ള ഇരുപത് ഭദ്രാസനങ്ങളിലെയും ബ്രഹ്മവാർ ഭദ്രാസനത്തിലെ കേരള റീജിയനിലുള്ള സൺഡേസ്കൂളുകളിലെയും പതിനായിരത്തിൽപരം അധ്യാപകർ പരിശീലനത്തിൽ സംബന്ധിച്ചു. 2022 ജനുവരി 30 മുതൽ ഫെബ്രുവരി 18 വരെ നടത്തിയ പരിശീലന പരിപാടി OSSAE പ്രസിഡന്റ് അഭി. ഗബ്രിയേൽ മാർ ഗ്രിഗോറിയോ സ് മെത്രാപ്പോലീത്ത ഉദ് ഘാടനം ചെയ്തു. സൺഡേസ്കൂൾ രക്ഷാധികാരിയായ പ. കാതോലിക്കാ ബാവായും മറ്റു മെത്രാപ്പോലീത്തമാരും വിവിധ ക്ലാസ്സുകളിൽ പങ്കെടുത്ത് അനുഗ്രഹ സന്ദേശങ്ങൾ നൽകി. ഡയറക്ടർ ജനറൽ ഫാ. ഡോ. വർഗീസ് വർഗീസ്, പബ്ലിക്കേഷൻ ഓഫീസർ പ്രൊഫ. ഡോ. ചെറിയാൻ തോമസ്, ഓഫീസ് അഡ്മിനിസ്ട്രേറ്റർ ഫാ. ജോബ് സാം മാത്യു, പരീക്ഷാ കൺട്രോളർമാരായ ഡോ. ഐപ്പ് വർഗീസ്, വരുൺ ജോർജ് പണിക്കർ എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

---

## ഒന്നാം ഓർമ്മ
26-03-2022, ശനി



### ഫാ. ജോൺ ഫിലിപ്പ്
**(രാജൻ അച്ചൻ)**

**കരിപ്പുഴ പുത്തൻ വീട്**
**കരവാളൂർ**

സന്തപ്ത കുടുംബാംഗങ്ങൾ

IN EVER LOVING MEMORY OF



### MARIAMMA VARGHESE

IInd year of demise 6-3-2022

**Kayyalaparambil**
**Kompady, Thiruvalla**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ

Inserted by

Mr. K.V. Varghese & Family



കേരളാ മദ്യനിരോധന സമിതിയുടെ സംസ്ഥാന വൈസ്പ്രസിഡന്റായി ഫാ. മാത്യൂസ് വട്ടിയാനിക്കൽ തിരഞ്ഞെടുക്കപ്പെട്ടു. വയലത്തല മാർ സേവേറിയോസ് സ്ലീബ വലിയപള്ളി ഇടവകാംഗവും, മലബാർ ഭദ്രാസന വൈദിക സംഘം സെക്രട്ടറിയും, കേരള കൗൺ സിൽ ഓഫ് ചർച്ചസ് മലപ്പുറം ജില്ല പ്രസിഡന്റും, INAMS മലബാർ സോൺ പ്രസിഡന്റും പനമണ്ണ് സെന്റ്. മേരീസ് ഇടവക വികാരി.



കേരളാ സ്റ്റേറ്റ് ജൂനിയർ അത്ലറ്റിക് മീറ്റ് (Under 18) ഹർഡ ്ൽസ് 400 മീറ്ററിൽ സിൽവർ (രണ്ടാം സ്ഥാനം) കരസ്ഥമാക്കിയ സനോ കുര്യൻ (+1 വിദ്യാർത്ഥി, സെന്റ് ജോൺസ് എച്.എസ്.എസ്. ഇരവിപേരൂർ). കവിയൂർ, തോട്ടഭാഗം കിഴക്കേമുറിയിൽ കുര്യൻ ഏബ്രഹാമിന്റെയും മിനി കുര്യന്റെയും മകൻ. കവിയൂർ സ്ലീബാ ഓർത്തഡോക്സ് പള്ളി ഇടവാംഗമാണ്.

## നിയമിതനായി



മലങ്കര ഓർത്തഡോക്സ് സഭയുടെ ഇന്റേണൽ ഓഡിറ്ററായി ശ്രീ. ജേക്കബ് മാത്യു (ചാർട്ടേർഡ് അക്കൗണ്ടന്റ്) വിനെ പരിശുദ്ധ ബസേലിയോസ് മാർ തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിയമിച്ചു. തുമ്പമൺ ഭദ്രാസനത്തിലെ മല്ലശ്ശേരി സെന്റ് മേരീസ് ഇടവകാംഗം. മല്ലശ്ശേരി ചുണ്ടയ്ക്കാമണ്ണിൽ പരേതരായ റ്റി.ഇ. മത്തായിയുടെയും മറിയാമ്മ മാത്യുവിന്റെയും മകൻ. ഭാര്യ: ലാലി ജേക്കബ്. മക്കൾ : ഇന്ദു ജേക്കബ്, രോഹൻ ജേക്കബ്.



മലങ്കര സഭയിലെ കലുഷിത കാലത്ത് ഒരു സഹദായ്ക്ക് തുല്ല്യം ജീവിതം നയിച്ച ഊരമന, ഗലീലാക്കുന്ന് സെ. മേരീസ് പള്ളി ഇടവകാംഗം ഫാ. ഗീവർഗീസ് മേപ്പനാൽ അച്ചന്റെ സ്മരണാർത്ഥം നടത്തിയ പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അനൗക മറിയം സബിൻ (സെ. ജോർജ് വലിയപള്ളി കിഴുമുറി), രണ്ടാം സ്ഥാനം നേടിയ അയന ബിനോയ് (സെ. ജോർജ് സിറിയൻ ചർച്ച് കുന്നയ്ക്കാൽ വെസ്റ്റ് ) എന്നിവർക്ക് അഭി. മാത്യൂസ് മാർ തേവോദോസിയോസ് തിരുമേനി ഉപഹാരങ്ങൾ നൽകി ആദരിക്കുന്നു.



റായിപ്പൂർ സെന്റ് മേരീസ് ഇടവക അംഗവും സഭ മാനേജിങ് കമ്മിറ്റി അംഗവും ആയ കെ.സി. ഈപ്പന്റെയും ജെസ്സി ഈപ്പന്റെയും മകൻ Geoffrey Eappen ഇലക്ട്രോണിക്സ് ആൻഡ് ടെലികമ്യൂണിക്കേഷൻ എഞ്ചിനീറിങ്ങിൽ 'സ്പെക്ടറും സെൻസിങ് ഒപ്ടിമിസേഷൻ ഇൻകോഗ്നിറ്റീവ് റേഡിയോ നെറ്റ്വർക്ക് യൂസിങ് സോഫ്റ്റ് കമ്പ്യൂട്ടിങ് ടെക്നിക്സ് 'എന്ന് വിഷയത്തിൽ നടത്തിയ ഗവേഷണത്തിൽ PhD (VIT Vellore, Brunel യൂണിവേഴ്സിറ്റി UK) യിൽ നിന്ന് നേടിയിരിക്കുന്നു (CSIR and Common Wealth Scholership ലഭിക്കുകയും ചെയ്തു). ഇപ്പോൾ യൂറോപ്പ് Luxembourg യൂണിവേഴ്സിറ്റിയിൽ തുടർന്നുള്ള ഗവേഷണത്തോടൊപ്പം അധ്യാപകൻ ആയും ജോലി ചെയ്യുന്നു. ഭാര്യ: സ്നേഹാ മോഹനൻ ജബല്പുർ.



പ. വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതവും ദർശനവും എന്ന ചരിത്ര സെമിനാർ മുൻ പി.എസ്. സി ചെയർമാൻ ഡോ. കെ.എസ് രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. പഴയ സെമിനാരി മാനേജർ ഫാ.ജോസഫ് വർഗീസ്, ഫാ.ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഡോ. പോൾ മണലിൽ, മുൻ എം.എൽ.എ ജോസഫ് എം പുതുശ്ശേരി, ഡോ. കുര്യാസ് കുമ്പളകുഴി എന്നിവർ സമീപം

## അഭിനന്ദനങ്ങൾ...



മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മെത്രാപ്പോലീത്തൻ തെരഞ്ഞെടുപ്പിനായി ഓൺലൈൻ ക്രമീകരണങ്ങൾ ചെയ്ത കോർകമ്മറ്റി അംഗങ്ങൾ

# IIND DEATH ANNIVERSARRY
22-03-2022



## Dr. Saramma Varghese

(Former Principal, Catholicate College, Pathanamthitta)
Karingattil Puthen Veedu, Thumpamon

Nellimmoottil Chavadiyil
Adoor

BEREAVED FAMILY MEMBERS


മാർ കുറിയാക്കോസ് ദയറ
പൊത്തമ്പുറം – പാമ്പാടി
പരിശുദ്ധ പാമ്പാടി തിരുമേനിയുടെ
(കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, 1885 – 1965)
57-ാം ഓർമ്മപ്പെരുന്നാൾ
(പാമ്പാടി പെരുന്നാൾ)
2022
ഏപ്രിൽ
1 – 8
വരെ
പെരുന്നാൾ കൊടിയേറ്റ്
ധ്യാനയോഗങ്ങൾ
അഖണ്ഡ പ്രാർത്ഥനായജ്ഞം
അനുസ്മരണ പ്രഭാഷണങ്ങൾ
പ. ബസേലിയോസ് മാർത്തോമ്മാ
മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ,
അഭിവന്ദ്യ മെത്രാപ്പോലീത്തന്മാർ,
വിശിഷ്ടാതിഥികൾ പങ്കെടുക്കുന്നു

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/57,
Registered No. KL/KTM/39/2021-23
License No. KL/CR/KTM/WPP-32/2021-23
Licensed to Post Without Pre-Payment

Published on
10 March/2022




PRINTED & PUBLISHED BY FR.SHALU LUKOSE FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM.P.O.,VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT STERLING PRINT HOUSE (P) LTD., DOOR. NO.49/1849, PONEKKARA, CHERANALOOR ROAD, AIMS PONEKKARA. POST, COCHIN, KERALA-682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004.
EDITOR: FR. ZACHARIAH NINAN ALIAS FR.LIJESH C.RAJ.